Reg. No. 101. M. 2593

ഒററപ്രതിക്കു 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു ; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 24 | 1126 തുലാം 29—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1950 നവംബർ 15 | ലക്കം 13

# നമ്മുടെ വിദ്യാഭ്യാസ പ്രശ്നങ്ങൾ


"വിദ്യാഭ്യാസം വ്യതിചലിച്ച ഗവമ്മെൻറ് കുത്തകയായിത്തീരുന്നതുപോലെ അത്ര ഭയങ്കരമായ മറെറാരു വിപത്തു നാടിനു നേരിടാനില്ല. . . . റഷ്യൻ കമ്മ്യൂണിസത്തിന്റെ ആവനാഴിയിൽനിന്നു പുറപ്പെട്ടിട്ടുള്ളതിൽ ഏററവും മൂർച്ചകൂടിയ ആയുധവും ഇതുതന്നെയാണ്. സാമാന്യജനങ്ങളെ ശാശ്വതമായ അടിമത്തത്തിൽ നിറുത്തി നരകിപ്പിക്കുന്നതിനു കമ്മ്യൂണിസം കണ്ടെത്തിയിരിക്കുന്ന ഒരു വജ്റായുധമാണതു്. ആററം ബോംബിൻേറതിനെക്കാൾ പതിന്മടങ്ങു സംഹാരശക്തി ഈ ആയുധത്തിന് ഉണ്ടെന്നു പറഞ്ഞാൽ അതൊരു അതിശയോക്തിയോ അലങ്കാരപ്രയോഗമോ ആയിരിക്കയില്ല, വെറും പരമാത്ഥം മാത്രമായിരിക്കും."

(പ്രഫസർ ജോസഫ് പെട്ട എം. എ.)

മുൻലക്കങ്ങളിൽ പറഞ്ഞ സംഗതികളിൽനിന്നു്, രാഷ്ട്രത്തിന്റെ അതിരററ അധികാരഭ്രമമാണു് ആധുനികലോകത്തെ അഭിമുഖീകരിച്ചിരിക്കുന്ന അത്യുഗ്രവിപത്തു് എന്നു വിശദമായിക്കഴിഞ്ഞു. ജീവിതതുറകളിലെല്ലാററിലുംതന്നെ ഈ ദുർമ്മോഹത്തിന്റെ ദുരന്തഫലങ്ങൾ അനുഭവപ്പെട്ടുവരുന്നു. എന്നാൽ വിദ്യാഭ്യാസമണ്ഡലത്തിലാണു് അവ ഏററവും കൂട്ടതലായി അനുഭവപ്പെട്ടുകാണുന്നതു്. അതിനുള്ള കാരണവും അജ്ഞാതമല്ല. വിദ്യാഭ്യാസമാണു സമുദായ സംഘടനയുടെ ജീവരക്തം. അതിൽനിന്നത്രെമാനവസമുദായത്തിന്റെ ആശയങ്ങളും ആദർശങ്ങളും സംജാതമാകുന്നതു്. ഈ ആശയാദർശങ്ങളാണു എന്നും ലോകത്തെ നയിച്ചും നിയന്ത്രിച്ചും കൊണ്ടിരിക്കുന്ന മഹാശക്തികൾ എന്നു പ്രത്യേകം പ്രസ്താവിക്കേണ്ടതില്ല. ലോകചരിത്രത്തിൽ അതു ഞങ്ങൾ മിക്കോളം പ്രതിഫലിച്ചു കാണുന്ന ഒരു പരമാത്ഥം മാത്രമാണതു്. അതുകൊണ്ടാണല്ലോ, ആശയാദർശങ്ങളുടെ അധഃപതനംപോലെ അത്ര മാത്രം ഭയങ്കരവിപത്തുകൾ വരുത്തിക്കൂട്ടുന്ന മറെറാരു തിന്മ ലോകത്തിൽ ഇല്ലെന്നു ചിന്തകന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളതു്.

"The triumph of an evil idea is worse than the triumph of an evil Government, because ideas enslave the mind and soul of man, not merely his body."

"വിദ്യാധനംസർവ്വധനാൽ പ്രധാനം" "ജ്ഞാനമേശക്തി" എന്നെല്ലാം പൂർവ്വികന്മാർ പറഞ്ഞിട്ടുള്ളതു്, പ്രായോഗിക പ്രാധാന്യമില്ലാത്ത വെറും തത്വചിന്തകളല്ല, അതിമാത്രം അത്ഥവത്തും സർവ്വത്ര പ്രായോഗികശക്തി ചെലുത്തുന്നതുമായ പരമാത്ഥങ്ങളാണു്, എന്നു നാം നല്ലപോലെ മനസ്സിലാക്കണം. വിദ്യാഭ്യാസലക്ഷ്യവും പരിപാടികളും ഉൽകൃഷ്ടമായിരുന്നാൽ അവയിൽ നിന്നുൽഭൂതമാകുന്ന ആശയാദർശങ്ങളും ഉൽകൃഷ്ടമായിരിക്കും; ആശയാദർശങ്ങൾ ഉൽകൃഷ്ടമായിരുന്നാൽ അവയാൽ നിയന്ത്രിതമായ സമുദായ ജീവിതവും ഉൽകൃഷ്ടമായിരിക്കും. പ്രത്യുത, വിദ്യാഭ്യാസത്തിനു കോട്ടംതട്ടിയാൽ സർവ്വത്ര കോട്ടമായി. ഉറവിടത്തിൽ വിഷം കലത്തിയാൽ ആററിലെ വെള്ളമാകെ ദുഷിച്ചുപോകുന്നതുപോലെയാണു വിദ്യാഭ്യാസലക്ഷ്യത്തിനു പിഴവുപററിയാലുണ്ടാവുന്ന അനുഭവവും. വിദ്യാഭ്യാസത്തിന്റെ അതിവിപുലവും അനന്യസാധാരണവുമായ ഈ ശക്തിവിശേഷം മനസ്സിലാക്കുന്നതുകൊണ്ടാണു് അതിനെ തങ്ങളുടെ ദുരഭിലാഷപൂരണത്തിനുള്ള ഒരുപകരണമാക്കിത്തീക്കുന്നതിനു് അധികാരപ്രമത്തന്മാരായ രാഷ്ട്രപതികൾ വെമ്പൽകൂട്ടുന്നതു്. അതേകാരണത്താൽ തന്നെയാണു്, അതിന്റെ വ്യതിചലനവും ദുഷ്പ്രയോഗവും തടയുന്നതിനു നിസ്സ്വാത്ഥരായ സമുദായഗുണകാംക്ഷികളും ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിൽ ഇരിക്കുന്ന ബഹുജനനേതാക്കന്മാരും, കായക്ലേശവും ധനവ്യയവും അവഗണിച്ചു അനുസ്യൂതം ഉററുശ്രമിച്ചുകൊണ്ടിരിക്കുന്നതും. ഇരുകൂട്ടരും തമ്മിൽ നടന്നുകൊണ്ടിരിക്കുന്ന ഈ വമ്പിച്ച വടംവലിയുടെ ജയാപജയങ്ങളെ ആശ്രയിച്ചിരിക്കും മാലോകരുടെ ഭാഗധേയങ്ങൾ. അധികാരദുർമ്മോഹം വിജയിക്കുന്നപക്ഷം അതോടെ ലോകവും ലോകരും അടിമത്തത്തിൽചെന്നു പതിക്കും. അതല്ല വിദ്യാഭ്യാസത്തിന്റെ ലക്ഷ്യവിശുദ്ധിയും പ്രവത്തകസ്വാതന്ത്ര്യവും യഥാവിധി പുലരുന്നപക്ഷം, സമുദായങ്ങൾക്കും രാഷ്ട്രങ്ങൾക്കും അതിശോഭനമായ ഒരു ഭാവി കൈവരും. അത്തരമൊരു പര്യവസാനത്തിൽ ലോകം എത്തിച്ചേരട്ടെ എന്നു നമുക്കു ലോകനിയന്താവായ സർവ്വശക്തനെ പ്രാത്ഥിക്കാം.



കാഞ്ഞൂർ ഇടവകയിലെ യുവാക്കന്മാക്കായി നടത്തിയ ഏകാന്തധ്യാനത്തിൽ സംബന്ധിച്ചിരുന്നവർ. കസേരയിൽ ഇരിക്കുന്നവർ: വെരി റവ. ഡോക്ടർ കര്യാക്കോസ് നമ്പ്യാപറമ്പിൽ പി എച്ച്. ഡി. ഡി. ഡി. (വികാരി), റവ. ഫാദർ മാത്യു മങ്കുഴിക്കരി (ധ്യാനഗുരു), റവ. ഫാദർ ജോർജ്ജ് അന്നാശ്ശേരി ബി. എ. ബി. ടി. (ഹൈസ്കൂൾ ഹെഡ്മാസ്റ്റർ)

## ഭൂതകാലചരിത്രം

മററു പല രാജ്യങ്ങളിലെന്നപോലെ കേരളക്കരയിലും പൂർവ്വകാലങ്ങളിൽ വിദ്യാഭ്യാസജോലി സ്വകാര്യസ്ഥാപനങ്ങളാണു നിർവ്വഹിച്ചുപോന്നതു്. തങ്ങളുടെ സന്താനങ്ങളെ വിദ്യയഭ്യസിപ്പിച്ചു സന്മാർഗ്ഗനിരതരാക്കിത്തീക്കുന്നതിനുള്ള അവകാശവും ചുമതലയും മാതാപിതാക്കന്മാരുടേതായിരുന്നു, അക്കാലങ്ങളിൽ. ഇന്നും പരമാത്ഥം അതുതന്നെയാണു്. കുടിപ്പള്ളിക്കൂടങ്ങൾ മുഖേനയും, അവ മതിയാകാതെ വന്നപ്പോൾ ദേവാലയങ്ങളോടു അനുബന്ധിച്ചു വിദ്യാലയങ്ങൾ സ്ഥാപിച്ചുമാണു ക്രൈസ്തവമാതാപിതാക്കന്മാർ ആ ചുമതല നിറവേററിയിരുന്നതു്. രാഷ്ട്രമാകട്ടെ അതിൽ എത്തിനോക്കുകപോലും ചെയ്തിരുന്നില്ല. ആവശ്യമുള്ള പണം മുഴുവനും ജനങ്ങൾ യഥാശക്തി വീതമിട്ടുപിരിച്ചിരുന്നു. ഗവമ്മെൻറു്ഗ്രാൻറു് എന്ന ശബ്ദമേ അന്നു കേൾക്കാനുണ്ടായിരുന്നില്ല. കാലാന്തരത്തിൽ ചില മാററങ്ങൾ സംഭവിച്ചു. വിദ്യാഭ്യാസപദ്ധതിയുടെ വ്യാപ്തി വദ്ധിച്ചുതുടങ്ങി. ഗഹനങ്ങളായ ശാസ്ത്രീയവിഷയങ്ങൾകൂടി അതിന്റെ പരിപാടികളിൽ സ്ഥാനം പിടിച്ചു. വൈദേശികങ്ങളായ കളികൾക്കും കായികാഭ്യാസങ്ങൾക്കുമുള്ള സജ്ജീകരണങ്ങളും ആവശ്യമായിവന്നു. അതൊക്കെ വഹിക്കുന്നതിനു പഴയസമ്പ്രദായത്തിലുള്ള സ്വകാര്യസ്ഥാപനങ്ങൾക്കു മുഴുവൻ സാദ്ധ്യമായിരുന്നില്ല. അങ്ങനെ പുതിയ രീതിയിലുള്ള സ്കൂളുകളുടെ ആവശ്യം നേരിട്ടു. ഇവിടെയും സ്വകാര്യവ്യക്തികളാണു മുൻനിന്നു പ്രവത്തിച്ചതു്. തിരുവിതാംകൂറിലെ ആദ്യത്തെ രണ്ടു ഇംഗ്ലീഷ് സ്കൂളുകളും സ്വകാര്യസ്ഥാപനങ്ങളായിരുന്നു. പക്ഷെ അത്തരം വിദ്യാലയങ്ങളുടെ ഭാരിച്ച ചെലവു വഹിക്കുക അത്ര എളുപ്പമായിരുന്നില്ല. ഈ കാലഘട്ടത്തിൽ തന്നെയാണു ഗവമ്മെൻറ് പുതിയ പുതിയ ആവശ്യങ്ങൾ പറഞ്ഞു അധികമായ നികുതിപിരിവു ആരംഭിച്ചതു്. ഇതുരണ്ടുംകൂടിയായപ്പോൾ ജനങ്ങളിൽ ഒരു അഭിപ്രായഗതി പ്രത്യക്ഷീഭവിച്ചുതുടങ്ങി. ഗവമ്മെൻറു പലതും പറഞ്ഞു ഇത്രയധികം പണം ജനങ്ങളിൽനിന്നു പിരിക്കുന്നസ്ഥിതിക്കു്, അതിൽ ഒരു പങ്കു വിദ്യാഭ്യാസത്തിനായി ചെലവു ചെയ്യേണ്ടതല്ലേ, എന്നായിരുന്നു അവരുടെ വാദം. അതിനെ ആദരിച്ചു ഗവമ്മെൻറു് ഏതാനും പട്ടണപ്രദേശങ്ങളിൽ ചുരുക്കം ചില സ്കൂളുകൾ സ്ഥാപിച്ചു നടത്തുവാൻ തുടങ്ങി. പക്ഷെ അവ ജനങ്ങളുടെ വദ്ധമാനമായിക്കൊണ്ടിരുന്ന വിദ്യാഭ്യാസാവശ്യത്തിനു ഒട്ടും മതിയായില്ല. ആകയാൽ അവർ പഴയ വിദ്യാലയങ്ങളെ ഓരോന്നായി പുതിയ പദ്ധതിക്കനുയോജ്യമായ വിധത്തിൽ രൂപാന്തരപ്പെടുത്തുവാൻ തുടങ്ങി. ക്രൈസ്തവരുടെ പള്ളിസ്ഥാപനങ്ങളാണു് ഈ പ്രസ്ഥാനത്തിൽ മുന്നിട്ടുനിന്നു ജനതതിക്കു സമത്ഥമായ നേതൃത്വം നല്കിയതു്. ഇടവക ജനങ്ങളിൽനിന്നും ദേവാലയഭണ്ഡാരങ്ങളിൽനിന്നും വളരെയധി

കം പണവും ഇതിലേക്കു ചെലവുചെയ്തു. പോരാതെ വന്ന അവസരങ്ങളിൽ പലപ്പോഴും വിദേശങ്ങളിലെ ക്രൈസ്തവസഹോദരങ്ങളും ഉള്ളഴിഞ്ഞു സഹായിച്ചു; അവരിൽനിന്നുതന്നെ ഇതഃപര്യന്തം ഇന്നാട്ടിലേക്കു വിദ്യാഭ്യാസപ്രചരണാർത്ഥം വന്നുചേർന്നിട്ടുള്ള സംഖ്യകൾ അപരിമേയമാണ്. ഇന്നു ക്രൈസ്തവരുടെ വകയായി കേരളക്കരയുടെ നാനാഭാഗത്തും സ്ഥിതിചെയ്യുന്ന നിരവധി സ്കൂൾകെട്ടിടങ്ങൾ, അവയിലുള്ള ഗ്രന്ഥശേഖരങ്ങൾ, ശാസ്ത്രീയോപകരണങ്ങൾ, ബെഞ്ച്, മേശ ആദിയായ സാമഗ്രികൾ, ആ കെട്ടിടങ്ങൾ നിലകൊള്ളുന്ന ഭൂപരിസരങ്ങൾ, അവയോടനുബന്ധിച്ചുള്ള വിശാലമായ കളിസ്ഥലങ്ങൾ, വിദ്യാർത്ഥിമന്ദിരങ്ങൾ എന്നിവയുടെ ഒരു ഏകദേശകണക്കെങ്കിലും എടുക്കുന്നപക്ഷം, ഈ വിഷയത്തിൽ കേരളക്രൈസ്തവർ പ്രദർശിപ്പിച്ചിട്ടുള്ള ഔദാര്യവും അനുഷ്ഠിച്ചിട്ടുള്ള ത്യാഗവും എത്ര വിപുലവും വിസ്മയനീയവുമാണെന്നു നിഷ്പക്ഷബുദ്ധികൾക്കു നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്. ഗവമ്മെന്റിൽനിന്നു കാര്യമായ സഹായമൊന്നുംതന്നെ അക്കാലങ്ങളിൽ അവക്കു ലഭിച്ചിരുന്നില്ല. എന്നിട്ടും വളരെ പണിപ്പെട്ടും പലവിധ ക്ലേശങ്ങൾ സഹിച്ചും അവർ ഈ ജോലി സ്തുത്യർഹമാംവണ്ണം നിർവ്വഹിച്ചുപോന്നു. അങ്ങനെയിരിക്കുമ്പോഴാണ് സർ ആൽബിയൻ ബാനർജി കൊച്ചിയിൽ ദിവാനായിവന്നതു്. കുശാഗ്രബുദ്ധിയും വിശാലമനസ്കനുമായിരുന്ന അദ്ദേഹം ഇവിടത്തെ വിദ്യാഭ്യാസപുരോഗതി ഒന്നുകൂടി ത്വരിതപ്പെടുത്തുന്നതിനുള്ള ഒരു എളുപ്പമാർഗ്ഗം കണ്ടെത്തി. സർക്കാർ സ്കൂളുകളുടെ എണ്ണം കഴിയുന്നത്ര ചുരുക്കി അവയ്ക്കുപകരം ഉദാരമായ ധനസഹായവും മററു പ്രോത്സാഹനങ്ങളും നല്കി, പ്രൈവററ് സ്കൂളുകളുടെ സംഖ്യ വർദ്ധിപ്പിക്കുക, എന്നതായിരുന്നു ബാനർജി ആസൂത്രണംചെയ്ത പദ്ധതി. അതിന്റെ ഫലമായി കൊച്ചിയിൽ വിദ്യാലയങ്ങൾ അചിരേണ എണ്ണത്തിലും വണ്ണത്തിലും വർദ്ധിക്കുവാൻ തുടങ്ങി. തിരുവിതാംകൂറിലെ സഹായധനപദ്ധതി (Grant-in-aid) അത്രതന്നെ ഉദാരമായിരുന്നില്ല. എങ്കിലും അവിടെയും ജനങ്ങൾ, പ്രത്യേകിച്ചും ക്രൈസ്തവജനത തി, അപാരമായ ക്ലേശങ്ങൾ സഹിച്ച് വിദ്യാലയങ്ങളുടെ സംഖ്യ വർദ്ധിപ്പിച്ചു. അക്കാലത്തുതന്നെയാണ് ഇരുസംസ്ഥാനങ്ങളിലെയും ക്രൈസ്തവസന്യാസിനീസംഘങ്ങൾ വിദ്യാഭ്യാസരംഗത്തു പ്രശസ്തമായ സേവനം ആരംഭിച്ചതു്. മഠങ്ങളുടെ ആദ്ധ്യാത്മികവും സുരക്ഷിതവുമായ പരിസരങ്ങളിൽ അവർ സ്ഥാപിച്ച അനവധി വിദ്യാലയങ്ങൾ ഇന്നാട്ടിലെ സ്ത്രീവിദ്യാഭ്യാസത്തിനു വലുതായ ഒരു നവ്യ വരുത്തി. മററു വിദ്യാലയങ്ങളിൽ പെൺകുട്ടികളെ അയക്കുന്നതിനു ശങ്കിച്ചിരുന്ന മാതാപിതാക്കന്മാർ കന്യകാമഠങ്ങളോടു അനുബന്ധിച്ചുള്ള വിദ്യാലയങ്ങളിൽ തങ്ങളുടെ ഓമനസന്താനങ്ങളെ അയക്കുന്നതിനു അതീവതല്പരത പ്രത്യക്ഷപ്പെടുത്തി. അങ്ങനെയാണു കൊച്ചി തിരുവിതാംകൂർ സംസ്ഥാനങ്ങൾക്കു ഭാരതത്തിലെ വിദ്യാഭ്യാസമണ്ഡലത്തിൽ അസൂയാവഹമായ മഹോന്നതസ്ഥാനം കരസ്ഥമാക്കുവാൻ സാധിച്ചതു്. ചരിത്രപരമായ ഈ വസ്തുതകൾ ഇന്നത്തെ വിദ്യാഭ്യാസമന്ത്രിമാർ ശരിയായി ഗ്രഹിച്ചിരിക്കാൻ ഇടയില്ല; ഉണ്ടെങ്കിൽ തന്നെ അവർ അവ കേവലം വിസ്മരിച്ചപോലെയും തോന്നുന്നു. അതുകൊണ്ടായിരിക്കണമല്ലോ പനമ്പിള്ളിമന്ത്രി അടിയന്തിരപ്രമേയത്തെപ്പററി പ്രസംഗിക്കുകയിൽ, രാജ്യത്തെ കുട്ടികൾക്കു വിദ്യാഭ്യാസം നല്കുകയെന്നതു ഗവമ്മെന്റിന്റെ ചുമതലയാണെന്നും അതു ചില പ്രൈവററ് ഏജൻസികളെക്കൂടെ ഏല്പിച്ചിരിക്കുന്നുവെന്നേയുള്ളൂ, എന്നും പ്രസ്താവിക്കുന്നതിനു ഇടയായതു്. വിദ്യാഭ്യാസാർത്ഥം ഗവമ്മെന്റ് ഒന്നുംതന്നെ ചെയ്യാതിരുന്ന ഒരു കാലഘട്ടത്തിൽ—പോരാ, അങ്ങനെ ഒരു ചുമതല അവക്കുണ്ടെന്നുള്ള ധാരണപോലും ഇല്ലാതിരുന്ന കാലഘട്ടത്തിൽ—ആണ് പ്രൈവററ് ഏജൻസികൾ വിദ്യാഭ്യാസരംഗത്തു പ്രശസ്തമായ സേവനം ആരംഭിച്ച്, മാതാപിതാക്കന്മാക്കു ഈ വിഷയത്തിലുള്ള പാവനമായ ചുമതലയും അവകാശവും പ്രാവത്തികമാക്കിയതു്. അങ്ങനെയിരിക്കെ ഗവമ്മെന്റു ആ ചുമതല ചില പ്രൈവററ് ഏജൻസികളെക്കൂടെ ഏല്പിച്ചിരിക്കുന്നുവെന്നേയുള്ളൂ, എന്നുള്ള പ്രസ്താവന ചരിത്രയാഥാർത്ഥ്യങ്ങളെ തീരെ അവഗണിക്കുന്ന ഒന്നാണെന്നു സ്പഷ്ടമല്ലേ?

ബാനർജിയുടെ പദ്ധതി ഗവമ്മെന്റിനും ജനങ്ങൾക്കും ഒരുപോലെ ഉപകാരപ്രദമായിരുന്നു; ഏററവും കുറഞ്ഞ ചെലവുകൊണ്ടു ഏററവുമധികം ഫലം നേടുന്നതിനു അതു പര്യാപ്തവുമായിരുന്നു. അന്നത്തെ നിരക്കനുസരിച്ച്, സർക്കാർ സെക്കണ്ടറിസ്കൂളുകളിലെ ഓരോ കുട്ടിക്കും ശരാശരി 18 ക. വീതം ഗവമ്മെന്റു് ചിലവിടേണ്ടിവന്നപ്പോൾ പ്രൈവററ് വിദ്യാലയങ്ങളിലെ അതേഗ്രേഡിലുള്ള ഓരോ കുട്ടിക്കും 5 ക. വീതം മാത്രമേ ഗവമ്മെന്റ് വഹിക്കേണ്ടതായി വന്നൊള്ളു. സർക്കാർ സ്കൂൾ കെട്ടിടങ്ങൾ, അവയുടെ തറവില, വാർഷികസംരക്ഷണം, സാധനസാമഗ്രികൾ, കുട്ടികൾക്കുള്ള കളിസ്ഥലങ്ങൾ, ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥന്മാരുടെ ശമ്പളം എന്നിവയ്ക്കുവേണ്ടിക്കൂടെയും ഗവമ്മെന്റ് ഖജനാവിൽനിന്നു ലക്ഷക്കണക്കിനു ചിലവിടേണ്ടിവന്ന തുകകളും കൂടി കണക്കാക്കുമ്പോൾ മുൻപറഞ്ഞ വ്യത്യാസം ഇരട്ടിപ്പടി വർദ്ധിക്കുന്നു. അതേസമയംതന്നെ, വിദ്യാർത്ഥികളുടെ പരീക്ഷാഫലങ്ങൾ, കായികാഭ്യാസനേട്ടങ്ങൾ, അച്ചടക്കബോധം, സന്മാർഗ്ഗനിഷ്ഠ, സാമാന്യസംസ്കാരം, എന്നിങ്ങനെ വിദ്യാഭ്യാസനിർവ്വഹണത്തിന്റെ കാര്യക്ഷമതയും മാഹാത്മ്യവും ഫലസിദ്ധിയും കുറിക്കുന്ന സംഗതികളിൽ സ്വകാര്യവിദ്യാലയങ്ങളോടു കിടപിടിക്കുന്നതിനു സർക്കാർ സ്കൂളുകൾക്കു സാധിച്ചതുമില്ല. അതാതു കാലം പ്രസിദ്ധീകൃതമാകുന്ന അനിഷേധ്യങ്ങളായ സ്ഥിതിവിവരക്കണക്കുകൾ ഇതിനു സാക്ഷ്യംവഹിക്കുന്നു. ക്രൈസ്തവവിദ്യാലയങ്ങളെ തരംകിട്ടുമ്പോഴെല്ലാം അകാരണമായി അപലപിച്ചിരുന്ന ചില വിദ്യാഭ്യാസഡയറക്ടർമാർപോലും കന്യകാമഠങ്ങൾ നടത്തിവരുന്ന വിദ്യാലയങ്ങളിലാണു സ്വന്തം കുട്ടികളെ അയച്ചിരുന്നതു്. യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കുന്നതിനുള്ള സൂക്ഷ്മബുദ്ധി അവക്കുമുണ്ടായിരുന്നു; പക്ഷെ അവ തുറന്നു സമ്മതിക്കുന്നതിനുള്ള സന്മനോഭാവം കുറെ കുറവായിരുന്നു എന്നുമാത്രം. എന്നിരുന്നാലും ക്രൈസ്തവവിദ്യാലയങ്ങൾ അനുഷ്ഠിച്ചുപോരുന്ന മഹാസേവനം മഹാമനസ്കരായ ഭരണകർത്താക്കളും നാനാജാതിമതസ്ഥരായ സമുദായനേതാക്കന്മാരും പല അവസരങ്ങളിലും മുക്തകണ്ഠം പ്രശംസിച്ചു അഭിനന്ദിച്ചിട്ടുണ്ടെന്നുള്ള വസ്തുതയും ഇവിടെ വിസ്മരിക്കുന്നില്ല.

### ആധുനികകാലത്തെ സംഭവവികാസങ്ങൾ

ഇങ്ങനെ ബാനർജിയുടെ സഹായധനപദ്ധതി വിദ്യാഭ്യാസപ്രവർത്തനത്തിനു സാരമായ ആനുകൂല്യം പ്രദാനംചെയ്തു. ഗവമ്മെന്റിനു വമ്പിച്ച വ്യയലഘൂകരണവും അതേസമയംതന്നെ വിദ്യാഭ്യാസസംരംഭത്തിനു മികച്ച അഭിവൃദ്ധിയും അതു സാധിച്ചുകൊടുത്തു. പക്ഷെ, ശോഭയേറുന്ന പനിനീർപുഷ്പത്തിന്റെ പിന്നിലും മൂർച്ചയുള്ള മുള്ളുകൾ ഒളിഞ്ഞുനിൽക്കുന്നതുപോലെ, ഈ പദ്ധതിയുടെ പിന്നിലും കൂത്തുമൂത്ത ചില മൽപ്രശ്നങ്ങൾ മറഞ്ഞു കിടന്നിരുന്നു. അവയാണ് ഇന്നു നമ്മുടെ വിദ്യാഭ്യാസപ്രസ്ഥാനത്തെ വല്ലാതെ വിഷമിപ്പിക്കുന്നതു്. സ്വകാര്യസ്ഥാപനങ്ങൾ സഹായധനം സ്വീകരിക്കുവാൻ തുടങ്ങിയതോടുകൂടി അവയുടെ പ്രവർത്തനസ്വാതന്ത്ര്യത്തിൽ അന്യായമായി കൈകടത്തുന്നതിനുള്ള ഒരു ദുഷ്പ്രേരണ ഗവമ്മെന്റുകളെ ബാധിച്ചുവശായി. ബാനർജിയുടെ കാലത്തു അത്തരം കൈയേററമൊന്നുമുണ്ടായിരുന്നില്ലെന്നുള്ളതു വാസ്തവമാണ്. മാനേജ്മെന്റ് സ്കൂളുകളുടെ സ്വാതന്ത്ര്യത്തെ ക്ഷതപ്പെടുത്താതെ അവക്കു വേണ്ടത്ര സഹായധനം നൽകി പ്രോത്സാഹിപ്പിക്കുക, എന്നതായിരുന്നു ആ മഹാനുഭാവന്റെ നയം. പക്ഷെ കാലാന്തരത്തിൽ ആ നയത്തിനു കോട്ടം സംഭവിച്ചുതുടങ്ങി. അങ്ങനെ വന്നുഭവിച്ച നയവൈകല്യം തിരുവിതാംകൂറിൽ സർ സി. പി. യുടെ കാലത്തും കൊച്ചിയിൽ മി. ഐ. എൻ. മേനോന്റെ ഡയറക്ടർ ഉദ്യോഗദശയിലുമാണ് മൂർദ്ധന്യത്തിൽ എത്തിച്ചേർന്നതു്. രണ്ടുദിക്കിലും മാനേജ്മെന്റു് സ്കൂളുകളെ അടിച്ചമത്തുന്നതിനുള്ള വലിയൊരു ശ്രമം നടന്നു. സംഹാരമൂർത്തിയായ സർ സി. പി. യുടെ വജ്രായുധങ്ങൾ നാലുപാടും വിലസിവീശി ജനങ്ങളെ ഭയവിഹ്വലരാക്കിത്തീർത്തു. മി. ഐ. എൻ. മേനോനും ഒട്ടും കുറച്ചില്ല. പടിച്ചപണിയും പതിനെട്ടടവും അദ്ദേഹം പയററിനോക്കി. എങ്കിലും ദൈവാധീനംകൊണ്ടും ഇരുസംസ്ഥാനങ്ങളിലെ രാജഭക്തരും രാജ്യഭക്തരുമായ പ്രജാസഞ്ചയങ്ങളുടെ ധർമ്മധീരവും കർമ്മോന്മുഖവുമായ പൗരുഷപ്രകടനംകൊണ്ടും ആ വിഷമസന്ധി വിജയപൂർവ്വം തരണംചെയ്യുന്നതിനു സാധിച്ചു.

അക്കാലങ്ങളിൽ രാജാധികാരത്തിന്റെ മറപിടിച്ചുകൊണ്ടാണ് സ്വേച്ഛാനുവർത്തികളായ ഉദ്യോഗസ്ഥമേധാവികൾ ഇഷ്ടാനുസാരം അധികാരപ്രയോഗം നടത്തിയിരുന്നതു്. എന്നാൽ ഇന്നാകട്ടെ അതെല്ലാം മാറി, ഗവമ്മെന്റു് പരിപൂർണ്ണം ജനകീയമായി കഴിഞ്ഞിരിക്കുന്നു. ബഹുജനപ്രതിനിധികളായ മന്ത്രിമാരുടെ ബലിഷ്ഠഹസ്തങ്ങളിൽ, അവരുടെ അനുഭവസമ്പൂർണ്ണമായ നയതന്ത്രജ്ഞതയുടെ തണലിൽ, നാടിന്റെ ഉത്തമതാല്പര്യങ്ങൾ പരിപൂർണ്ണമായും സുരക്ഷിതമായിരിക്കുമെന്നു ഏവരും പ്രതീക്ഷിച്ചു. പക്ഷെ ഇന്നത്തെ സംഭവവികാസങ്ങൾ പര്യാലോചിക്കുമ്പോൾ ആ പ്രതീക്ഷയും പ്രത്യാശയുമെല്ലാം അല്പം അസ്ഥാനത്തായിപ്പോയില്ലേ, എന്നു ശങ്കിക്കേണ്ടിയിരിക്കുന്നു. കമ്മ്യൂണിസത്തിനെതിരായി നാടുനീളെ നടന്നു പ്രസംഗധോരണി വർഷിക്കുന്ന ഭരണകർത്താക്കൾതന്നെ, കമ്മ്യൂണിസത്തിന്റെ അതിനിശിതങ്ങളായ ആഗ്നേയാസ്ത്രങ്ങൾ നാട്ടാരുടെനേക്കു നിർവ്വിശങ്കം തൊടുത്തുവിടുന്ന കാഴ്ചയാണ് അവരെ ഉൽക്കണ്ഠാകുലരും വിസ്മയഭരിതരുമാക്കിത്തീർത്തിരിക്കുന്നതു്. എല്ലാവിധ രാഷ്ട്രസാൽക്കരണത്തിലുംവച്ചു വിദ്യാഭ്യാസരാഷ്ട്രസാൽക്കരണമാണ് (Nationalisation of Education) ഏററവും കൂടുതൽ ആപൽക്കരമായതു്. വിദ്യാഭ്യാസം വ്യതിചലിച്ചു ഗവമ്മെന്റു് കുത്തകയായിത്തീരുന്നതുപോലെ അത്ര ഭയങ്കരമായ മറെറാരു വിപത്തു നാടിനു നേരിടാനില്ലെന്നു ഇതിനുപരി വിശദീകരിച്ചു പ്രസ്താവിച്ചിട്ടുണ്ടല്ലോ. റഷ്യൻകമ്മ്യൂണിസത്തിന്റെ ആവനാഴിയിൽനിന്നു പുറപ്പെട്ടിട്ടുള്ളതിൽ ഏററവും മൂർച്ചകൂടിയ ആയുധവും ഇതുതന്നെയാണ്. സാമാന്യജനങ്ങളെ ശാശ്വതമായ അടിമത്തത്തിൽ നിറുത്തി നരകിപ്പിക്കുന്നതിനു കമ്മ്യൂണിസം കണ്ടെത്തിയിരിക്കുന്ന ഒരു വജ്രായുധമാണതു്. ആററംബോംബിന്റേതിനെക്കാൾ പതിന്മടങ്ങു സംഹാരശക്തി ഈ ആയുധത്തിനു് ഉണ്ടെന്നുപറഞ്ഞാൽ അതൊരു അതിശയോക്തിയോ അലങ്കാരപ്രയോഗമോ ആയിരിക്കയില്ല, വെറും പരമാർത്ഥം മാത്രമായിരിക്കും. പോരാ, അതു, മനുഷ്യവർഗ്ഗത്തിന്റെ സ്ഥായിയായ സന്മാർഗ്ഗസമാധാനസംതൃപ്തിസൗഭാഗ്യങ്ങൾ നിശ്ശേഷം ചുട്ടെരിച്ചു ചാമ്പലാക്കുന്നതിനു് അന്ധകാരശക്തികൾ കൊളുത്തിവിട്ട ഒരു പ്രളയപാവകൻതന്നെയാണെന്നു പറയേണ്ടിയിരിക്കുന്നു; അത്രമാത്രം ഭയങ്കരങ്ങളാണു വിദ്യാഭ്യാസദുഷ്പ്രയോഗത്തിൽനിന്നു പുറപ്പെടുന്ന ദുരന്തദുരിതങ്ങൾ.

### പുതിയ വിദ്യാഭ്യാസപദ്ധതി

ഏവംവിധമായ ഒരു നിശിതായുധമാണു തിരു-കൊച്ചി സംസ്ഥാനത്തിലെ ജനകീയമന്ത്രിമാർ ഇന്നു ജനങ്ങളുടെനേക്കു പ്രയോഗിച്ചിരിക്കുന്നതു്. അവർ ആസൂത്രണം ചെയ്തിരിക്കുന്ന പുതിയ വിദ്യാഭ്യാസപദ്ധതിയുടെ പ്രധാനവശങ്ങളെപ്പററി അല്പമൊന്നു ആലോചിച്ചാൽ ഈ വസ്തുത എളുപ്പത്തിൽ മനസ്സിലാക്കാം. "സർക്കാർ സ്കൂൾ അദ്ധ്യാപകന്മാരുടെ, എന്നപോലെ പ്രൈവററു് സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളവും മുഴുവനായി ഗവമ്മെന്റിൽനിന്നു കൊടുക്കാം; എന്നാൽ അപ്രകാരം ചെയ്യണമെങ്കിൽ മാനേജർമാർ അവരുടെ അധികാരാവകാശങ്ങളെല്ലാം അടിയറവച്ചു കുമ്പിടണം; വിദ്യാഭ്യാസം പരിപൂർണ്ണം ഗവമ്മെന്റു് കുത്തകയായിത്തീരണം; എന്നാൽ അതേസമയംതന്നെ, സ്കൂൾകെട്ടിടങ്ങൾ, അവയുടെ തറവില, സംരക്ഷണം, അദ്ധ്യയനത്തിനു ആവശ്യമായ ഗ്രന്ഥശേഖരങ്ങൾ, ശാസ്ത്രീയോപകരണങ്ങൾ, കായികാഭ്യാസക്കളരികൾ, കളിസ്ഥലങ്ങൾ, എന്നിവയ്ക്കു വേണ്ടിവരുന്ന ഭാരിച്ച ചെലവുകൾ മാനേജർമാർതന്നെ വഹിക്കുകയും വേണം. ഗവമ്മെന്റു് പ്രസാദിച്ചാൽ ഇവയിൽ ചിലതിനെല്ലാം അല്പസ്വല്പധനസഹായം ലഭിച്ചു എന്നും വന്നേക്കാം"—ഇതാണു പുതിയ പദ്ധതിയുടെ സാരസത്തു്. ഫീസ് പിരിവിന്റെ 80 ശതമാനം ഗവമ്മെന്റു് കണക്കിൽ ഖജനാവിൽ അടച്ചുകൊള്ളണമെന്നുള്ളതാണു ആദ്യത്തെ വ്യവസ്ഥ. നിലവിലിരിക്കുന്ന വ്യവസ്ഥിതിക്കെതിരായുള്ള ഈ നൂതനവ്യവസ്ഥയുടെ ആവശ്യമെന്താണ്, അതിൽനിന്നു പ്രതീക്ഷിക്കുന്ന ഗുണഫലങ്ങൾ എന്തെല്ലാമാണ്? മാററം നിർദ്ദേശിക്കുന്നവരാണല്ലോ അതിന്റെ ആവശ്യകത തെളിയിക്കേണ്ടതു്. അതൊന്നും ഗവമ്മെന്റു ചെയ്തു കാണുന്നില്ല. ഫീസ്പിരിവിന്റെ സംഖ്യകൂടി ലഭിച്ചെങ്കിലേ അദ്ധ്യാപകന്മാരുടെ മുഴുവൻ ശമ്പളവും കൊടുക്കുന്നതിനു ഗവമ്മെന്റിനെക്കൊണ്ടു സാധിക്കയുള്ളു എന്നാണു വാദമെങ്കിൽ, ആ വാദം നിരർത്ഥകമാണ്. കാരണം; ഫീസ്പിരിവു് ഇപ്പോഴും അദ്ധ്യാപകശമ്പളം വകയ്ക്കാണു വിനിയോഗിക്കപ്പെടുന്നതു്; പോരാതെ വരുന്നതു മാത്രമേ ഗവമ്മെന്റു് വഹിക്കേണ്ടിവരുന്നുള്ളു. മറെറാരുവാദമുള്ളതു, "എല്ലാ സ്കൂളുകളും ഫീസ്പിരിവു സക്കാരിലേക്കു അടയ്ക്കുന്നപക്ഷം, ശമ്പളച്ചെലവിനെക്കാൾ കൂടുതൽ ഫീസ് പിരിവുള്ള സ്കൂളുകളിലെ മിച്ചം മററു "കമ്മി" സ്കൂളുകളിലെ കുറവുനികത്തുന്നതിനു വിനിയോഗിക്കാം: അങ്ങനെ ഗവമ്മെന്റിന്റെ ചെലവുഭാരം കുറയ്ക്കാം" എന്നാണ്. അതും ഒരു മിഥ്യാവാദംമാത്രമാണ്. ഫീസ്പിരിവിന്റെ 80 ശതമാനത്തിൽനിന്നു ഇന്നത്തെ പരിഷ്കൃതതോതിലുള്ള ശമ്പളച്ചെലവു നീക്കിയാൽ ഏതെങ്കിലും ബാക്കിയുണ്ടാകുമെന്നു പ്രതീക്ഷിക്കാവുന്ന ഒരൊററസ്കൂൾ എങ്കിലും ഇന്നു തിരു-കൊച്ചി സംസ്ഥാനത്തു കാണുന്നതല്ല. ദുർവാദത്തിനുവേണ്ടി അങ്ങനെ സങ്കല്പിക്കാമെന്നല്ലാതെ, യാഥാർത്ഥ്യങ്ങൾ ആ വാദം ഒട്ടുംതന്നെ സാധൂകരിക്കുന്നതല്ല.

ഇങ്ങനെ ഗുണമൊന്നുമില്ലാത്തതായ ഈ "ഖജനാവ്യവസ്ഥ" ദൂഷ്യരഹിതമാണെന്നു പറയാനും നിവൃത്തിയില്ല. അതിലെ പ്രായോഗികങ്ങളായ ചില വിഷമതകൾ ആദ്യംതന്നെ ചൂണ്ടിക്കാണിക്കാം. ഗവമ്മെന്റു നിരക്കനുസരിച്ചുള്ള ഫീസ്പിരിവിന്റെ 80 ശതമാനമാണല്ലോ ഖജനാവിൽ അടയ്ക്കേണ്ടതു്. എന്നാൽ പല സ്കൂളുകളും, പ്രത്യേകിച്ചും ഗ്രാമപ്രദേശങ്ങളിൽ ഉള്ളവ, സാധുകുട്ടികൾക്കു പലതരത്തിലുള്ള ഫീസ് ഇളവു് അനുവദിക്കുന്നതുകൊണ്ടു്, അവയുടെ ആകെ ഫീസ്പിരിവു, ഗവമ്മെന്റു് നിരക്കനുസരിച്ചുള്ള സംഖ്യയുടെ അറുപതോ എഴുപതോ ശതമാനം മാത്രം ഉണ്ടായെന്നു വന്നേക്കാം. ആ നിലയ്ക്കു, ഖജനാവിൽ അടയ്ക്കുന്നതിനു 80 ശതമാനവും, പ്രൊവിഡന്റ് ഫണ്ടിനും പല ചെലവുകൾക്കും വേണ്ട സംഖ്യ പുറമേയും ഉണ്ടാകുന്നതിനു അവരെക്കൊണ്ടു സാധ്യമല്ല, നിശ്ചയം. അങ്ങനെ വരുമ്പോൾ ഫീസ് ഇളവൊക്കെ നിറുത്തേണ്ടിവരും. മാത്രമല്ല, ഖജനാവിൽ ക്ലിപ്തതീയതിക്കു സംഖ്യകെട്ടേണ്ടതുകൊണ്ടു കുട്ടികൾ ഫീസടയ്ക്കേണ്ടതായ തീയതിയിൽ വല്ല വിട്ടുവീഴ്ചചെയ്യുന്നതിനും സാധ്യമല്ലാതെ വരും. അതോടെ, ഗ്രാമീണരായ നിരവധി കുട്ടികളുടെ വിദ്യാഭ്യാസത്തിനു പൂർണ്ണവിരാമം ഇടേണ്ടതായും വരാം. ചെറുതാണെങ്കിലും, മറെറാരു വൈഷമ്യംകൂടിയുണ്ടു് ഈ പദ്ധതിക്കു്. വിദ്യ

(ശേഷം 11-ാം പേജിൽ)

സ്വർണ്ണപ്പണയം
കുറഞ്ഞപലിശ. കൂടുതൽ നിരക്ക്
ബാങ്ക് ഓഫ്
കൊച്ചിൻ ക്ലിപ്തം
എറണാകുളം
മട്ടാഞ്ചേരി, ചാലക്കുടി, തൃശ്ശൂർ,
വില്ലിങ്ങ്ടൺ ഐലണ്ട്

വിമർശനവീഥി

# മിഷനറി വിദ്യാലയങ്ങളെ

## ഇന്ത്യൻ നേതാക്കന്മാർ അഭിനന്ദിക്കുന്നു

ക്രിസ്ത്യാനികൾ സ്വന്തം വിദ്യാലയങ്ങൾ നടത്തുന്നതു് അവരുടെ കുട്ടികളെ ശരീരത്തിനും ആത്മാവിനും പ്രയോജനപ്പെടുന്നവിധം അഭ്യസിപ്പിക്കുവാനും തദ്വാരാ ഇഹലോകജീവിതത്തിൽതന്നെ അവരെ ഉത്തമപൗരന്മാരാക്കുവാനും വേണ്ടിയാണെങ്കിലും, അവരുടെ സേവനം ഇതരമതസ്ഥർക്കും പ്രയോജനപ്പെടുത്തുവാൻ ആ വിദ്യാലയങ്ങൾ സകല ജാതിമതസ്ഥർക്കും തുറന്നുകൊടുക്കുകയാണു ചെയ്യുന്നതു്. നിഷ്പക്ഷബുദ്ധികളായ ഇതരമതസ്ഥർ ക്രിസ്തീയ വിദ്യാലയങ്ങളുടെ ലൗകികവും സാന്മാർഗ്ഗികവുമായ മേന്മയെ ഹൃദയപൂർവ്വം സമ്മതിക്കുകയും യഥാവസരം പരസ്യമായി പ്രകീർത്തിക്കുകയും ചെയ്യുന്നുണ്ടു്. ഇതിനൊന്നാംതരം ദൃഷ്ടാന്തമാണു് ഞങ്ങൾ താഴെ ചേർക്കുന്നതു്:

### മദ്രാസ് പ്രധാനമന്ത്രിയുടെ അഭിനന്ദനം

ആധുനിക ഉന്നതകലാശാലാവിദ്യാഭ്യാസലോകത്തിൽ അർഹമായ ഒരു പദവി ഇന്ത്യ ഇന്നു വഹിക്കുന്നതായി അഭിമാനിക്കുന്നുണ്ടെങ്കിൽ, അതു മിക്കവാറും, തങ്ങളുടെ ആധുനിക വിദ്യാസ്ഥാപനങ്ങളാൽ നമ്മെ സേവിച്ചുപോരുന്ന നിസ്വാർത്ഥമതികളായ മിഷനറിമാരുടെ അക്ഷീണമായ ചൈതന്യപ്രകർഷവും വിദ്യാഭ്യാസസംഘടനാ പ്രാഗത്ഭ്യവും കൊണ്ടാണു് എന്നത്രെ മദ്രാസ് ചീഫ് മന്ത്രി ശ്രീ പി. എസ്. കുമാരസ്വാമിരാജാ ലയോളാകോളെജ് രജതജൂബിലി ആഘോഷങ്ങൾ ഉൽഘാടനം ചെയ്ത അവസരത്തിൽ പ്രസ്താവിച്ചതു്. ക്രൈസ്തവമിഷനറിമാരുടെ നിസ്തുല സേവനങ്ങളെ മുക്തകണ്ഠം അഭിനന്ദിച്ചുകൊണ്ടുള്ള ആ പ്രസംഗത്തിൽ ചീഫ് മിനിസ്റ്റർ ഇങ്ങനെ പ്രസ്താവിച്ചു:

ഈ കോളെജിന്റെ 25 കൊല്ലത്തെ പ്രവർത്തനം വിദ്യാഭ്യാസപരവും സാംസ്കാരികവുമായ പുരോഗതിക്കായുള്ള മാനുഷികയത്നങ്ങളുടെ ചരിത്രമാണു്. ഉന്നതവിദ്യാഭ്യാസരംഗത്തു് ഈ കോളെജ് അതിന്റെ സേവനംമൂലം ആർജ്ജിച്ചിരിക്കുന്ന യശസ്സു് അതിരററ വിജയത്തിന്റെ തേജസ്സംപൂർണ്ണമായ ഒരു രേഖയാണു്. ഈ കോളെജ് ആർജ്ജിച്ചിരിക്കുന്ന ഔന്നത്യത്തിനുള്ള അഭിനന്ദനം ജനങ്ങളുടെയിടയിൽ വിജ്ഞാനത്തിന്റെയും സംസ്കാരത്തിന്റെയും ഉൽബുദ്ധതയുടെയും പുരോഗതിക്കായി യത്നിച്ചുപോരുന്ന ഈശോസഭയ്ക്കാണു്.

ഈശോസഭക്കാർ വിശേഷിച്ചും ദക്ഷിണേന്ത്യയിൽ നിർവ്വഹിച്ചുപോരുന്ന സേവനത്തിന്റെ ഒരു വിപുലീകരണമാണു് ലയോളാകോളെജ്. ദക്ഷിണേന്ത്യയിലെ ഏററവും മികച്ച ഉന്നതകലാലയമെന്ന നിലയിൽ കഴിഞ്ഞ ഒരു ശതാബ്ദത്തോളമായി ദക്ഷിണേന്ത്യയുടെ ആവശ്യങ്ങൾ നിർവ്വഹിച്ചുപോരുന്ന തൃശ്ശിനാപ്പള്ളി സെൻറ് ജോസഫ്സ് കോളെജിന്റെ ഒരു തുല്യഭാഗമായി ലയോളാ കോളെജിനെ പരിഗണിക്കാവുന്നതാണു്.

ഉന്നതവിദ്യാപ്രചരണത്തിൽ ക്രിസ്ത്യൻ മിഷനറിമാർ നമ്മുടെ രാജ്യത്തിൽ മഹത്തായ സേവനം നിർവ്വഹിച്ചിട്ടുണ്ടു്. ആധുനികസർവ്വകലാശാലാവിദ്യാഭ്യാസപുരോഗതിക്കു ഈ രാജ്യത്തു വിത്തുപാകിയതും അവരാണു്.

"ഇന്ത്യക്കു്, പ്രത്യേകിച്ചും ദക്ഷിണേന്ത്യക്കു് അവരോടു് അത്യഗാധമായ ഒരു കടപ്പാടുണ്ടു്. പുരോഗതിയെ ലക്ഷ്യീകരിച്ചുകൊണ്ടുള്ള ഏതൊരുദ്യമത്തിനും അനുകരിക്കാവുന്ന മഹത്തായ ഒരു മാതൃകയാണു് അവരുടേതു്.

സാമൂഹ്യസേവനരംഗങ്ങളിൽ പൊതുവിലും വിദ്യാഭ്യാസരംഗത്തു് പ്രത്യേകിച്ചും തങ്ങളെ ഭരമേല്പിച്ചിട്ടുള്ള കൃത്യങ്ങൾ നിർവ്വഹിക്കുന്നതിൽ അവർ പ്രദർശിപ്പിക്കുന്ന ദൃഢനിശ്ചയവും ആത്മാർത്ഥതയും തങ്ങളുടെ കർത്തവ്യാനുഷ്ഠാനാർത്ഥമുള്ള പ്രവർത്തനങ്ങളിൽ അവക്കു മാർഗ്ഗദർശനം നല്കുന്ന സ്ഥിരോത്സാഹവും അചഞ്ചലതയും നമ്മുടെ പ്രശംസയും അഭിനന്ദനവുമർഹിക്കുന്ന കാര്യങ്ങളാണു്.

മഹത്തായ ഈ സ്ഥാപനത്തിന്റെ ജൂബിലി നാം ആഘോഷിക്കുന്ന ഇന്നു് നമ്മുടെ രാജ്യത്തിൽ കലാശാലാവിദ്യാഭ്യാസപ്രചരണാർത്ഥം നിസ്വാർത്ഥസേവനങ്ങൾ നിർവ്വഹിക്കുന്ന മിഷനറിമാരുടെ അക്ഷീണമായ മഹദുദ്യമങ്ങളുടെ വിജയമാണു് യഥാർത്ഥത്തിൽ ആചരിക്കുന്നതു്.

വീക്ഷണഗതിയിൽ തികച്ചും കത്തോലിക്കമായ ഒരു സ്ഥാപനമാണു് ലയോളാകോളെജ്. ഇവിടെ പ്രദാനംചെയ്യപ്പെടുന്ന വിദ്യാഭ്യാസസൗകര്യങ്ങൾ ജാതിമതവ്യത്യാസമെന്യെ എല്ലാ വിഭാഗക്കാർക്കും സമ്പൂർണ്ണമായി നല്കപ്പെടുന്നു. ഒരുപക്ഷെ ഈ കോളെജിലെ വിദ്യാർത്ഥികളിൽ ഭൂരിഭാഗം കത്തോലിക്കേതരരും ക്രൈസ്തവേതരരുമായിരിക്കണം.

കോളെജിലെ ഹോസ്റ്റൽ സൗകര്യങ്ങളെ പരാമർശിച്ചുകൊണ്ടു് ചീഫ്മിനിസ്റ്റർ ഇങ്ങനെ തുടർന്നു:—

ഈ കോളെജിലെയും കോളെജ് ഹോസ്റ്റലുകളിലെയും അന്തരീക്ഷം വിദ്യാർത്ഥികളിൽ ഒരു പൊതുസാഹോദര്യബോധം ഉദ്ദീപിപ്പിക്കുന്നു. ഈ കോളെജിലെ വിദ്യാർത്ഥിജീവിതത്തിലെ ശ്രദ്ധാർഹമായ ഒരു വിശേഷത, മററു പല സ്ഥാപനങ്ങളിലും ശിക്ഷണരാഹിത്യം നടമാടുമ്പോൾ ഈ കോളെജിൽ പരിപൂർണ്ണമായ അച്ചടക്കമാണു് പാലിക്കപ്പെടുന്നതു് എന്നതാണു്. ഈ കലാലയം പുലർത്തിപ്പോന്നിട്ടുള്ള മഹത്തായ ഈ ശിക്ഷണപാരമ്പര്യം വിദ്യാർത്ഥികൾ തുടർന്നു പാലിച്ചുകൊണ്ടുപോകുമെന്നു് എനിക്കു വിശ്വാസമുണ്ടു്.

### വൈസ്ചാൻസലർ മുതലിയാരുടെ അഭിനന്ദനം

വിദ്യാഭ്യാസസ്ഥാപനങ്ങളുടെ സ്വാതന്ത്ര്യത്തിൽ നിയമനിർമ്മാണംമൂലവും മററും എക്സിക്യൂട്ടീവ് കൈകടത്തുന്നതിനെപ്പററി ഈ രാജ്യത്തെ വിദ്യാഭ്യാസപ്രവർത്തകന്മാർക്കുള്ള അത്യുൽകണ്ഠ മദ്രാസ് സർവ്വകലാശാലാ വൈസ്ചാൻസലർ സർ എ. ലക്ഷ്മണസ്വാമി മുതലിയാർ പ്രസ്തുതാഘോഷം ഉൽഘാടനംചെയ്തുകൊണ്ടു് ചെയ്ത പ്രസംഗത്തിൽ പ്രകാശിപ്പിക്കുകയുണ്ടായി. ഇന്ത്യയിൽ വിദ്യാഭ്യാസരംഗത്തു് ക്രൈസ്തവമിഷനറിമാർ മുന്നിട്ടുനിന്നു നടത്തിപ്പോരുന്ന സേവനസംരംഭങ്ങളെ അദ്ദേഹം ഹൃദയപൂർവ്വം അഭിനന്ദിച്ചു. ഈ മിഷനറിമാരുടെ പരോപകാരപരമായ സദുദ്യമങ്ങൾ ഇല്ലായിരുന്നുവെങ്കിൽ, ദക്ഷിണേന്ത്യയെ ഗ്രസിക്കുമായിരുന്ന വിദ്യാഭ്യാസപരമായ അന്ധകാരസ്ഥിതിയെപ്പററി ചിന്തിക്കുമ്പോൾ ഞെട്ടലുമൊന്നുണ്ടാകുന്നതെന്നും അദ്ദേഹം പറഞ്ഞു.

മദ്രാസ് സർവ്വകലാശാലയിൽ 58 ആർട്ട്സ് കോളെജുകളും സയൻസുകോളെജുകളുമുള്ളതിൽ, 23 എണ്ണം മിഷനറി ഏജൻസികളുടെ നിയന്ത്രണത്തിലാണെന്നു് അദ്ദേഹം ചൂണ്ടിക്കാണിച്ചു. 15 എണ്ണം കത്തോലിക്കാ മാനേജ്മെൻറിലും 8 എണ്ണം പ്രോട്ടസ്റ്റൻറ് മാനേജ്മെൻറിലുമാണു്. ട്രസ്റ്റുകളുടെയും മററു് ഏജൻസികളുടെയും വകയായി 22 കോളെജുകളുണ്ടു്. സ്റ്റേററു് മാനേജ്മെൻറിൽ 12 കോളെജുകളാണുള്ളതു്. അവയിൽ ഒരെണ്ണം ഒരു മുനിസിപ്പൽ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലാണു്. 1950-ൽ ഈ വിദ്യാലയങ്ങളിൽ അദ്ധ്യയനം നടത്തിപ്പോരുന്ന വിദ്യാർത്ഥികളുടെ സംഖ്യ 35000 ആണു്. 14500 കുട്ടികൾ മിഷൻ കോളെജുകളിലും 14000 മററു ട്രസ്റ്റുകളുടെയും പ്രൈവററു് മാനേജ്മെൻറുകളുടെയും നിയന്ത്രണത്തിലുള്ള കോളെജുകളിലും അദ്ധ്യയനം നടത്തിപ്പോരുന്നു.

മിഷനറിവിദ്യാഭ്യാസസ്ഥാപനങ്ങളും സംഘടനകളും വഹിച്ചുപോരുന്ന പങ്കിനെപ്പററി ഇതുപോലെയുള്ള ഒരു സന്ദർഭത്തിൽ ഊന്നിപ്പറയാതിരിക്കുവാൻ നിർവ്വാഹമില്ല. പ്രാരംഭഘട്ടത്തിൽ ഈ സ്ഥാപനങ്ങൾ പ്രദാനംചെയ്തിട്ടുള്ള സഹായംകൊണ്ടല്ലായിരുന്നുവെങ്കിൽ, ഉന്നതവിദ്യാഭ്യാസരംഗത്തിൽ ദക്ഷിണേന്ത്യ കരസ്ഥമാക്കിയിട്ടുള്ള ശ്രദ്ധാർഹമായ പുരോഗതി ഉണ്ടാകുകയില്ലായിരുന്നുവെന്നു് പ്രസ്താവിച്ചുകൊള്ളട്ടെ.

വിദ്യാഭ്യാസരംഗത്തിൽ മിഷനറിസ്ഥാപനങ്ങൾ ചെയ്തുവരുന്ന യത്നങ്ങളെപ്പററിയും പ്രാഥമികവിദ്യാഭ്യാസഘട്ടം മുതൽ ഉന്നതവിദ്യാഭ്യാസഘട്ടംവരെ എല്ലാ രംഗങ്ങളിലും വിദ്യാഭ്യാസപുരോഗതിക്കായി തൽസ്ഥാപനങ്ങൾ വഹിച്ചിട്ടുള്ള മഹത്തായ പങ്കിനു് ഈ രാജ്യത്തിനും ദക്ഷിണേന്ത്യക്കുമുള്ള കടപ്പാടിനെപ്പററിയും അധികാരത്തിലിരിക്കുന്നവർ ഈയിടെ ചെയ്ത പ്രഖ്യാപനങ്ങൾ ആത്മാർത്ഥമായ സന്തുഷ്ടിയോടുകൂടിയാണു് ഞാൻ വായിച്ചതു്.

ഇതുപോലെ പരോപകാരപരമായ വിശിഷ്ടചിന്താഗതിയാൽ പ്രചോദിതരായ ഏജൻസികൾ രംഗത്തു് പ്രത്യക്ഷപ്പെട്ടു് പ്രാഥമികമായി സ്റ്റേററിന്റേതായ ചുമതലയും കർത്തവ്യവും സ്വയം ഏറെറടുത്തിരുന്നില്ലെങ്കിൽ, വിദ്യാഭ്യാസപരമായി ദക്ഷിണേന്ത്യയെ വലയംചെയ്യുമായിരുന്ന അന്ധകാരസ്ഥിതിയെ ഒരു മിഷനറിസ്ഥാപനത്തിൽ 'വിദ്യാപ്രകാശം' ഏററ ഒരുവനെന്ന നിലയിൽ ചിന്തിക്കുമ്പോൾ എനിക്കു ഞെട്ടലാണുണ്ടാകുന്നതു്.

ഇങ്ങനെ ബഹിഃസ്ഫുരിപ്പിക്കപ്പെട്ടിരിക്കുന്ന വികാരങ്ങൾ ഫലം പുറപ്പെടുവിക്കുമെന്നും, അവഗാഢമായ പരിചിന്തനം നടത്തി ഈ വിജ്ഞാനസ്ഥാപനങ്ങളുടെ മാനേജ്മെൻറുകളുമായി ബന്ധപ്പെട്ടവർക്കു മാത്രമല്ല ഉന്നതവിദ്യാഭ്യാസത്തിന്റെ ഭാവിയിൽ തല്പരരായ ഏവർക്കും ഗുരുതരമായ ഉൽകണ്ഠയുളവാക്കിയിരിക്കുന്ന പ്രവർത്തനസരണിയിൽനിന്നും അവർ പിൻവാങ്ങുമെന്നും ഞാൻ ആശിക്കുകയും വിശ്വസിക്കുകയുംചെയ്യുന്നു. അത്തരം വിദ്യാസ്ഥാപനങ്ങളുടെ സ്വയംഭരണാവകാശത്തിൽ ഗുരുതരമായി കൈകടത്തുകയും അവയുടെ പദവിയെയും സ്വാധീനശക്തിയെയും സാരതരമായി ബാധിക്കുകയും ചെയ്യുന്ന ഈയിടെ പാസാക്കിയ ചില നിയമങ്ങളെ നാം അത്യുൽകണ്ഠയോടുകൂടിയാണു് വീക്ഷിക്കുന്നതു്.

ഞാൻ ഇങ്ങനെ പരാമർശിക്കുവാനിടയായതു്, ഉന്നതവിദ്യാഭ്യാസത്തിൽ തല്പരരായവർക്കെല്ലാം ഗണ്യമായ അസ്വാസ്ഥ്യമുളവാക്കുന്ന രീതിയിൽ ചില സ്റ്റേററുകളിൽ സ്വീകരിച്ചിട്ടുള്ള നിയമനിർമ്മാണനടപടികളുടെ ഗതി കണ്ടിട്ടാണു്. വിദ്യാഭ്യാസപ്രശ്നങ്ങളിൽ തല്പരനായ ഒരു പൗരനെന്ന നിലയിലും, പ്രത്യേകിച്ചും ഭരണപരമായി വിവിധ സംസ്ഥാനങ്ങളിലെ ഇത്തരം കോളെജുകളുമായി തൽക്കാലം ബന്ധപ്പെട്ട ഒരുവനെന്ന നിലയിലും പലരുടെയും ഉള്ളിലുള്ള വികാരങ്ങളെ പ്രകടിപ്പിക്കേണ്ടതു് എന്റെ ചുമതലയായി ഞാൻ കണക്കാക്കുന്നു. ആകയാൽ ഈയിടെ പാസാക്കിക്കഴിഞ്ഞിട്ടുള്ളതോ അഥവാ ആലോചനയിലിരിക്കുന്നതോ ആയ നിയമനിർമ്മാണസംരംഭങ്ങൾവഴി തെററിപ്പോകുന്ന മാനേജുമെൻറുകളെ തിരുത്തുന്നതിനു താദൃശനിയമനിർമ്മാണങ്ങൾ ആവശ്യമില്ലെന്നും ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.

ഈ നിയമങ്ങളൊക്കെ നിഷ്പക്ഷമായ രീതിയിൽ പ്രായോഗികമാക്കപ്പെടുമെന്നു് നമുക്കു തീർച്ചയുണ്ടോ? ഏററവും കർക്കശമായ നിബന്ധനകളെക്കാൾ പ്രബുദ്ധമായ പൊതുജനാഭിപ്രായമാണു് കൂടുതൽ ശക്തമായ ഒന്നെന്നു് താമസിയാതെ മനസ്സിലാക്കാമെന്നാണു് ഞാൻ പ്രതീക്ഷിക്കുന്നതു്. ധാർമ്മികവും ആദ്ധ്യാത്മികവുമായ ഉൽകൃഷ്ടാദർശങ്ങളും മാനുഷികാർഘഗണനകളുടെ വിശിഷ്ടാശയങ്ങളും യുവലോകത്തിൽ ദൃഢമൂലമാക്കുന്നതിനു് ലയോളാകോളെജിനെപ്പോലുള്ള സ്ഥാപനങ്ങളെയല്ലാതെ വേറെ ഏതാണു് നമുക്കു് ആശ്രയിക്കാവുന്നതായുള്ളതു്.

*　　*　　*

മിഷനറി വിദ്യാലയങ്ങൾ രാജ്യത്തിലെ വിദ്യാഭ്യാസപ്രചരണത്തിൽ ഇത്രവളരെ പങ്കുവഹിച്ചതു് വിദ്യാലയങ്ങളുടെ നടത്തിപ്പിൽ അവക്കുണ്ടായിരുന്ന ന്യായമായ സ്വാതന്ത്ര്യം നിമിത്തമാണെന്നു് സ്പഷ്ടമാണല്ലോ. പ്രസ്തുത സ്വാതന്ത്ര്യത്തെ നമ്മുടെ സംസ്ഥാനത്തിലെ വിദ്യാഭ്യാസമന്ത്രി പരിമിതപ്പെടുത്തുവാൻ ബദ്ധപ്പെടുന്നതു് രാജ്യത്തോടുതന്നെ ചെയ്യുന്ന ദ്രോഹമാണെന്നു് പറയാതിരിക്കാൻ നിവൃത്തിയില്ല. ഈ വസ്തുത വൈസ് ചാൻസലരവർകളുടെ പ്രസംഗത്തിൽ ഊന്നിപ്പറഞ്ഞിരിക്കുന്നതു് പ്രത്യേകം ശ്രദ്ധേയമാകുന്നു.


ദി ഫെഡറൽ ബാങ്ക് ക്ലിപ്തം

H. O. ആലുവാ

ബ്രാഞ്ചുകൾ: എറണാകുളം, പെരുമ്പാവൂർ, അങ്കമാലി

ടി ബാങ്കിന്റെ ഒരു ബ്രാഞ്ച് ചാലക്കുടിയിൽ റെയിൽവേസ്റ്റേഷൻ റോഡ് കവലയിലുള്ള വെള്ളാനിക്കാരൻ ബിൽഡിങ്സിൽ 1950 നവമ്പർ 17-ാം നു വെള്ളിയാഴ്ച ഉച്ചതിരിഞ്ഞു ഒന്നരമണിക്കു് തുറന്നു പ്രവർത്തനം ആരംഭിക്കുന്നതാണു്. ഉൽഘാടനകർമ്മം ശ്രീ തട്ടിൽ കൊച്ചുവാറീസ്സ് അവർകൾ നിർവ്വഹിക്കുന്നതായിരിക്കും.

ചെയർമാൻ



കുർബാനക്കുപ്പായം, കാപ്പ മുതലായ
വൈദിക വസ്ത്രങ്ങൾ
സർപ്ലീസ്, ആൽബാലേസുകൾ
എല്ലാനിറത്തിലും മുത്തുക്കുടകൾ
ചെറളം ബോസാരിവക്കി (സ്റ്റോഴ്സ്) - എറണാകുളം



The Indian Insurance & Banking Corporation Ltd.,

H. O. TRICHUR.

Branches: ALWAYE, CALICUT, CHOWGHAT, SALEM, TATTAMANGALAM, TIRUR & TRICHUR

ചാവക്കാട്ടു ബ്രാഞ്ചിൽ പിന്നെ തുടങ്ങുന്ന പുതിയ

— കൊല്ലക്കുറി —

ഒന്നാമത്തെ തവണ 10—1—1951

കോർപൊറേഷൻ പന്തിയായി 32 നറക്കും നറക്കൊന്നുക്കു് 1000ക. വീതം ആകെ സല 32000കയും. 16 തവണകളും ഓരോ തവണക്കു് ഒരു നറക്കു് എടുപ്പാനും ഒരു നറക്കു് ലേലം വിളിപ്പാനും മററും നിശ്ചയങ്ങളോടുകൂടി 1951 ജനുവരി 10-ാംനു-മുതൽ ഒരു പുതിയ കൊല്ലക്കുറി തുടങ്ങുന്നതാകുന്നു. കുറിയിൽ കുറഞ്ഞതു 16-ൽ ഒരംശം (62ക. 8ണ.)യുടെ വീതം വരെ ചേരാവുന്നതാണു്. കൂടുതൽ വിവരങ്ങൾ ഹെഡാഫീസിലോ ബ്രാഞ്ചുകളിലോ അന്വേഷിക്കുക.

AGENT

ഫാത്തിമാബാലസമിതി

# സാധുക്കളെ സഹായിക്കുവിൻ

പ്രിയകുഞ്ഞുങ്ങളേ,

സമിതിയംഗങ്ങളുടെ നാലാമത്തെ ചുമതലയെ കുറിച്ചാണു് ഇനി നിങ്ങളോടു പറയുവാനുള്ളതു്. "സാധുക്കൾക്കു പാട്ടുള്ള സഹായം ചെയ്യുക," ഇതാണു് പ്രസ്തുത ചുമതല. അതെപ്പററി മുൻപൊരവസരത്തിൽ പ്രസ്താവിച്ചിട്ടുള്ളതാണു്. സാധുക്കളെ സഹായിക്കേണ്ടതു് ആവശ്യമാണെന്ന ബോധ്യം ഇല്ലാത്തവരായി നിങ്ങളിൽ ആരുംതന്നെ ഉണ്ടായിരിക്കുകയില്ലെന്നാണു് വല്യച്ചന്റെ വിശ്വാസം.

"സാധുക്കളെ സഹായിക്കണം, എന്നാൽ ഇക്കാര്യത്തിൽ കുട്ടികളായ ഞങ്ങൾക്കെന്തുചെയ്യുവാൻ കഴിയും?" എന്നായിരിക്കാം നിങ്ങളിൽ പലരും ഒരുപക്ഷെ ചോദിക്കുന്നതു്. നിങ്ങൾക്കെന്തു കഴിയും, നിങ്ങൾ എന്തു ചെയ്യണം എന്നുള്ള പ്രായോഗികവശത്തെക്കുറിച്ചാണു് ഈ ലക്കത്തിൽ പറയുവാനുദ്ദേശിക്കുന്നതു്. ഇതരന്മാരെ പലതരത്തിൽ നമുക്കു സഹായിക്കുവാൻ കഴിയും. നമ്മുടെ ശരീരംകൊണ്ടു് സഹായിക്കാം; അറിവുകൊണ്ടു് സഹായിക്കാം; സ്വാധീനശക്തികൊണ്ടു സഹായിക്കാം; പണം അഥവാ വസ്തുവകകൾകൊണ്ടു് സഹായിക്കാം. ഇവയിൽ അവസാനത്തേതായ സാമ്പത്തികസഹായത്തെക്കുറിച്ചാണു് നാമിപ്പോൾ പ്രതിവാദിക്കുന്നതു്. കുട്ടികൾക്കു സ്വന്തമായി സമ്പത്തു് ഇല്ല എന്നുള്ളതു് വാസ്തവമാണു്. വീട്ടിലുള്ളതെല്ലാം അപ്പന്റേതാണു്. എങ്കിലും അപ്പന്റെ പക്കൽനിന്നും, നിങ്ങളുടെ മററു ബന്ധുക്കളുടെ പക്കൽനിന്നും നിങ്ങൾക്കു് പണം സമ്മാനമായും മററും പലപ്പോഴും ലഭിക്കുന്നുണ്ടു്. നിങ്ങളുടെ ഇഷ്ടംപോലെ വിനിയോഗിക്കുന്നതിനാണു് അതു് അവർ തരുന്നതു്. പ്രസ്തുത പണം നിങ്ങളുടെ ആഗ്രഹംപോലെ ചെലവഴിക്കാമെങ്കിലും നിങ്ങളുടെ പ്രാപ്തിയനുസരിച്ചു് ഏററവും നല്ല കാര്യങ്ങൾക്കുവേണ്ടി ചെലവാക്കണമെന്നാണു് അതു തരുന്നവരുടെ ആഗ്രഹം. നിങ്ങൾക്കു ലഭിക്കുന്ന പണം നിങ്ങളുടെ വീടിനും, നാട്ടിനും ഇതരന്മാർക്കും ഉപകാരപ്രദമായ വിധത്തിൽ നിങ്ങൾ ചെലവാക്കുമെങ്കിൽ ഇതിൽപ്പരം സന്തോഷം നിങ്ങളുടെ ദാതാക്കൾക്കു നിങ്ങൾ ഉളവാക്കുവാനില്ല. ഈ വിധത്തിലാണു് നിങ്ങൾ ചെലവുചെയ്തു ശീലിക്കുന്നതെന്നു കണ്ടാൽ കൂടുതൽ പണം തരുന്നതിനും അവർ സന്നദ്ധരാകും. ഇന്നത്തെ ലോകത്തിന്റെ ഒഴിച്ചുകൂടാത്ത ഒരാവശ്യമാണെന്നു പറയാം സാധുജനസംരക്ഷണം. അതുകൊണ്ടു് നിങ്ങളുടെ കഴിവിൽപ്പെട്ട സഹായം അവർക്കു് നിങ്ങൾ ചെയ്യുന്നുവെങ്കിൽ ലോകത്തിനു് നിങ്ങൾ ചെയ്യുന്ന ഒരു മഹാസേവനവുമായിരിക്കും അതു്.

ബീഡി, സിഗററു്, പണംവച്ചുകൊണ്ടുള്ള കളികൾ, അസന്മാർഗ്ഗികങ്ങളായ സിനിമാകൾ, ചീത്തപ്പുസ്തകങ്ങൾ മുതലായവസ്തുവേണ്ടിയാണു് നിങ്ങൾക്കു ലഭിക്കുന്ന പണം നിങ്ങൾ ചെലവാക്കുന്നതെങ്കിൽ നിങ്ങൾ ചെയ്യുന്നതു് തീർച്ചയായും തെററാണു്. ഇങ്ങനെ നിങ്ങൾ ഒരിക്കലും ചെയ്യരുതു്. മിട്ടായി, ചോക്കളേററു് മുതലായ മധുരപദാർത്ഥങ്ങൾക്കുവേണ്ടിയും പ്രത്യേകാവശ്യമില്ലാത്ത മററു സാധനങ്ങൾക്കുവേണ്ടിയുമാണു് പണം നിങ്ങൾ ചെലവാക്കുന്നതെങ്കിൽ നിങ്ങളുടെ പ്രവൃത്തി തെററായിരിക്കുകയില്ല. എങ്കിലും ഇവയെക്കാൾ ഉത്തമമായിട്ടുള്ള കാര്യങ്ങൾക്കുവേണ്ടി നിങ്ങളുടെ പണം ചെലവാക്കുവാൻ നിങ്ങൾക്കു് കഴിയുമെങ്കിൽ അതല്ലയോ കൂടുതൽ സ്തുത്യർഹമായിട്ടുള്ളതു്. സ്വന്തതാല്പര്യങ്ങൾക്കുവേണ്ടി പണം ചെലവാക്കുന്നതിനെക്കാൾ ശ്രേഷ്ഠമാണു് ഇതരന്മാരുടെ ആവശ്യങ്ങൾ സാധിക്കുന്നതിനുവേണ്ടി അതു് ചെലവാക്കുന്നതു്. അതുകൊണ്ടു് കഴിവുള്ള എല്ലാ സഹായങ്ങളും ഇതരന്മാർക്കു ചെയ്യുവാൻ നിങ്ങൾ ഉത്സുകരായിരിക്കണം.

നിങ്ങളുടെ സഹായങ്ങൾ സ്വീകരിക്കുന്നതിനു് അർഹരായിട്ടുള്ളവരെ പ്രധാനമായി രണ്ടായിട്ടു് തരംതിരിക്കാം. (1) നിങ്ങളുടെ അടുത്തുള്ളവർ, അതായതു് നിങ്ങളുടെ അനുദിനജീവിതത്തിൽ നിങ്ങൾ കണ്ടുമുട്ടുന്ന ദരിദ്രർ. (2) നിങ്ങളിൽനിന്നും അകലെയുള്ളവർ അഥവാ നിങ്ങൾ കാണുകയോ കേൾക്കുകയോ ചെയ്യാത്ത അപരിചിതരായ സാധുക്കൾ. ഇവരിൽ ആദ്യത്തെ കൂട്ടരെയാണു് നിങ്ങൾ ആദ്യമായി സഹായിക്കേണ്ടതു്. ഈ കൂട്ടരിൽതന്നെയും നിങ്ങളുടെ സഹപാഠികൾക്കാണു് നിങ്ങളുടെ സഹായം ഒന്നാമതായിട്ടുണ്ടാകേണ്ടതു്. മുണ്ടു് അല്ലെങ്കിൽ ഷർട്ടു് വാങ്ങി ഉടുത്തു് പുത്തിയായി നടക്കുവാൻ കഴിവില്ലാത്ത സതീർത്ഥ്യർ ഒരുപക്ഷേ നിങ്ങൾക്കുണ്ടായേക്കാം. അതുപോലെതന്നെ പുസ്തകമോ നോട്ടുബുക്കുകളോ വാങ്ങുന്നതിനു് പണമില്ലാതെ കഷ്ടപ്പെടുന്നവരെ നിങ്ങൾ കണ്ടേക്കാം. സ്കൂൾഫീസുകൊടുക്കുന്നതിനു് ആവശ്യമായ പണം മുഴുവൻ ഇല്ലാതെ പല ദിവസങ്ങളിലും ക്ലാസ്സിനു് പുറത്തുതന്നെ കഴിച്ചുകൂട്ടുന്നവരും ഉണ്ടായേക്കാം. നിങ്ങളുടെ ഇഷ്ടംപോലെ നല്ല കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കുവാൻ തരുന്ന പണത്തിന്റെ ഒരംശമെങ്കിലും ഇപ്രകാരമുള്ള നിങ്ങളുടെ സഹപാഠികൾക്കുവേണ്ടി ചെലവാക്കുന്നതു് മഹത്തായ സേവനമായിരിക്കും. എന്നാൽ ഒരുകാര്യം പ്രത്യേകം ഓർത്തിരിക്കേണ്ടതുണ്ടു്. പണം അനാവശ്യമായി ചെലവഴിക്കുന്ന ശീലമുള്ള ചിലർക്കു് പ്രസ്തുതദാരിദ്ര്യക്ലേശങ്ങൾ അനുഭവിക്കേണ്ടിവരും. അവരെ നിങ്ങൾ സഹായിക്കേണ്ട ആവശ്യമില്ല. അതുപോലെ ബീഡി, സിഗററു്, സിനിമ, ചായക്കടകളിൽനിന്നും പ്രത്യേക ആവശ്യം കൂടാതെയുള്ള ചായകുടി മുതലായവസ്തുവേണ്ടി ഇതരന്മാർ ചോദിച്ചാലും നിങ്ങൾ പണം കൊടുക്കരുതു്. എന്തുകൊണ്ടെന്നാൽ അതു് ഉപകാരമല്ല ഉപദ്രവമാണു്.

ദാരിദ്ര്യത്തിന്റെ ക്രൂരവും ദയനീയവുമായ ഫലങ്ങൾ അനുഭവിച്ചു് കഷ്ടപ്പെടുന്ന മററനേകദരിദ്രരേയും നിങ്ങളുടെ ചുററും നിങ്ങൾ കാണുന്നുണ്ടല്ലോ. അവരും നിങ്ങളുടെ സഹായം വളരെ അർഹിക്കുന്നവരാണു്. അവരേയും നിങ്ങളുടെ കഴിവനുസരിച്ചു് നിങ്ങൾ സഹായിക്കണം. അവരെ സഹായിക്കുന്നതിനുള്ള പണമോ മററു സാധനങ്ങളോ നിങ്ങളുടെ കൈവശമില്ലെങ്കിൽ നിങ്ങളുടെ മാതാപിതാക്കന്മാരോടു് അവർക്കുവേണ്ടി മാദ്ധ്യസ്ഥംവഹിച്ചു് അവർക്കു് ആവശ്യമുള്ളവ വാങ്ങിച്ചുകൊടുക്കുന്നതു് പ്രശംസാർഹമാണു്.

നിങ്ങളുടെ പരിചയത്തിൽപ്പെട്ട സാധുക്കളെ സഹായിച്ചശേഷവും ഇതരന്മാരെ സഹായിക്കുവാൻ ഒരുപക്ഷെ നിങ്ങളുടെ പക്കൽ പണമുണ്ടായെന്നുവരാം. ഇപ്രകാരമുള്ള പണം വിദൂരദേശങ്ങളിൽ ദാരിദ്ര്യദുഃഖം അനുഭവിക്കുന്ന പാവങ്ങൾക്കുവേണ്ടി നിങ്ങൾക്കു് ചെലവാക്കാവുന്നതാണു്. അവർക്കു് ആഹാരവും വസ്ത്രവും വൈദ്യസഹായവും മററു സഹായങ്ങളും നൽകുന്നതിനുവേണ്ടി ഏതെങ്കിലും അഗതിമന്ദിരത്തിലേക്കൊ വിൻസെന്റ് ഡി പോൾ സഖ്യത്തിലേക്കൊ അയച്ചുകൊടുക്കാവുന്നതാണു്. ഇപ്രകാരമെല്ലാം ചെയ്തു സാധുക്കളെ സഹായിക്കുന്നതിൽ കുഞ്ഞുമക്കൾ എല്ലാവരും ഉത്സുകരായിരിക്കുമെന്നു് വല്യച്ചൻ വിശ്വസിക്കുന്നു.

ഫാത്തിമാമാതാവു് ഏവരേയും അനുഗ്രഹിക്കട്ടെ.

എന്നു് സ്വന്തം വല്യച്ചൻ.

## നിങ്ങൾക്കറിയാമോ?

അററ്ലാൻറിക് ചാർട്ടർ എന്നാലെന്തു്?

ഉത്തരം

ഇക്കഴിഞ്ഞ മഹായുദ്ധകാലത്തു ബ്രിട്ടനിലെ പ്രധാനമന്ത്രിയായിരുന്ന മി. ചർച്ചിലും അമേരിക്കയിലെ പ്രസിഡൻറായിരുന്ന മി. റൂസ്വെൽട്ടുംകൂടി, 1941 ആഗസ്റ്റു് 14-ാംനു അററ്ലാൻറിക് പ്രദേശത്തു നടത്തിയ സമ്മേളനത്തിനുശേഷം പ്രസിദ്ധപ്പെടുത്തിയ സ്വാതന്ത്ര്യപട്ടയമാണു് അററ്ലാൻറിക് ചാർട്ടർ എന്ന പേരാൽ അറിയപ്പെടുന്നതു്. അതിൽ അവർ താഴെ ചേർക്കുന്ന 8 സംഗതികളാണു് ഉൾക്കൊള്ളിച്ചിരുന്നതു്.

(1) ഭൂസംബന്ധമോ അല്ലാത്തതോ ആയ യാതൊരു ആക്രമണപരിപാടിയും തങ്ങൾക്കില്ല.

(2) ഭൂപരിധിസംബന്ധിച്ച യാതൊരു വ്യത്യാസവും അതാതുദേശത്തു വസിക്കുന്ന ജനങ്ങളുടെ സമ്മതംകൂടാതെ വരുത്തുന്നതല്ല.

(3) രാഷ്ട്രീയ പരമാധിപത്യവും സ്വയംഭരണാവകാശവും, അവ നഷ്ടപ്പെട്ടിരിക്കുന്ന രാജ്യങ്ങൾക്കു തിരികെ കൊടുക്കുന്നതിനു പരിശ്രമിക്കുന്നതാണു്; ഏതെങ്കിലും ഭരണസമ്പ്രദായം യഥേഷ്ടം തിരഞ്ഞെടുക്കുവാൻ എല്ലാ ജനതയ്ക്കുമുള്ള അവകാശത്തെ ആദരിക്കുന്നതാണു്.

(4) വാണിജ്യത്തിനും അസംസ്കൃതസാധനങ്ങൾ ലഭിക്കുന്നതിനും എല്ലാ ജനങ്ങൾക്കും കൂടുതൽ സൗകര്യം പ്രദാനം ചെയ്യുവാൻ ശ്രമിക്കുന്നതാണു്.

(5) തൊഴിലാളികളുടെ ജീവിതത്തോതുയർത്തുന്നതിനും സാമൂഹികസുരക്ഷിതത്വവും സാമ്പത്തികാഭ്യുന്നതിയും കൈവരുത്തുന്നതിനുംവേണ്ടി യത്നിക്കുന്നതാണു്.

(6) ഭയത്തിൽനിന്നും ദാരിദ്ര്യത്തിൽനിന്നുമുള്ള സ്വാതന്ത്ര്യം അനുഭവിച്ചുകൊണ്ടു് എല്ലാ ജനങ്ങൾക്കും ജീവിക്കുന്നതിനു സാധിക്കുന്ന ഒരു സമാധാനവ്യവസ്ഥിതി സ്ഥാപിക്കുവാൻ പരിശ്രമിക്കുന്നതാണു്.

(7) കടലുകളിലും മഹാ സമുദ്രങ്ങളിലുംകൂടി നിർബാധം സഞ്ചരിക്കുന്നതിനു് എല്ലാ ജനങ്ങൾക്കും സ്വാതന്ത്ര്യം ലഭിക്കുന്നതിനുവേണ്ടി പരിശ്രമിക്കുന്നതാണു്.

(8) സാർവ്വത്രികസുരക്ഷിതത്വത്തിനുവേണ്ടിയുള്ള വിപുലവും സുസ്ഥിരവുമായ ഒരു സ്ഥാപനം ഉൽഘാടനംചെയ്തു് അക്രമികളായ രാജ്യക്കാരെ നിരായുധരാക്കുവാനും, അതേസമയംതന്നെ ആയുധങ്ങൾ കുറയ്ക്കുവാനുള്ള മറെറല്ലാ പ്രായോഗികപദ്ധതികളേയും സഹായിക്കയും പ്രോത്സാഹിപ്പിക്കയും ചെയ്യുവാനും തയ്യാറാണു്.

പിന്നീടുള്ള പ്രസ്താവനകളിൽ, മേൽപ്പറഞ്ഞവയെല്ലാം വെള്ളക്കാർക്കുവേണ്ടിമാത്രമുള്ളവയാണെന്നും അവ രാഷ്ട്രീയസംരംഭങ്ങളിൽ മാർഗ്ഗദർശിത്വം നല്കുന്നുവെന്നല്ലാതെ അവയെ നിഷ്കൃഷ്ടമായ നിയമങ്ങളായി പരിഗണിച്ചുകൂടെന്നും മററുമുള്ള ഓരോരോ ന്യായങ്ങൾ ചർച്ചിൽ ഉന്നയിക്കയുണ്ടായി. എങ്ങനെയായാലും, അററ്ലാൻറിക് ചാർട്ടറിലെ വാഗ്ദാനങ്ങൾ അവഗണിച്ചുകൊണ്ടുള്ള നടപടികൾ പില്ക്കാലങ്ങളിൽ സ്വീകരിക്കപ്പെടുകയുണ്ടായെന്നതു് പച്ചപ്പരമാർത്ഥം മാത്രമാണു്.

## ലഘുപ്രശ്നങ്ങൾ

(1) ഒരദ്ധ്യാപകൻ തന്റെ ജന്മദിനം പ്രമാണിച്ചു് തന്റെ ക്ലാസ്സിലെ കുട്ടികൾക്കു കൊടുപ്പാൻ കുറെ ബിസ്കററുകൊണ്ടുവന്നു. ഓരോ കുട്ടിക്കും 3 വീതം കൊടുക്കാൻ നോക്കിയപ്പോൾ പത്തു ബിസ്കററു് ബാക്കിവന്നു. അതിനാൽ 4 വീതമാകാമെന്നുദ്ദേശിച്ചപ്പോൾ ഇരുപതു ബിസ്കററു് പോരാതെവരുന്നതായികണ്ടു. എന്നാൽ കൊണ്ടുവന്ന ബിസ്കററെത്ര? ക്ലാസ്സിലെ കുട്ടികളെത്ര?

(2) ജോസഫിന്റെ വയസ്സിന്റെ മൂന്നിലൊരു ഭാഗവും, ആൻറണിയുടെ വയസ്സിന്റെ നാലിലൊരുഭാഗവുംകൂടി ചേർന്നാൽ 8. ജോസഫിന്റെ വയസ്സിന്റെ അഞ്ചിലൊരുഭാഗവും ആൻറണിയുടെ വയസ്സിന്റെ മൂന്നിലൊരുഭാഗവും കൂടി ചേർന്നാൽ 7. എന്നാൽ ഓരോരുത്തരുടേയും വയസ്സെത്ര?

(ഉത്തരം അടുത്തതിൽ)



"പുണ്യം കിട്ടും അമ്മേ! വല്ലതും തന്നിട്ടുപോണെ!"

"എന്റെടുക്കൽ 4 ണയെ ഉള്ളല്ലോ. അതു് കൊണ്ടു സിനിമാകാണാൻ പോവുകയുമാണു്."

ആരോഗ്യപംക്തി

# തീപ്പൊള്ളൽ

വിദഗ്ദ്ധ ഡോക്ടരുടെയോ വൈദ്യന്മാരുടെയോ സഹായം ലഭിക്കുന്നതിനുമുമ്പു് തല്ക്കാലം കൈവശമുള്ള സാധനസാമഗ്രികൾകൊണ്ടു്, അപകടം സംഭവിച്ചവരെ ശുശ്രൂഷിക്കുന്നതിനാണു് പ്രഥമശുശ്രൂഷ എന്നു പറയുന്നതു്.

പൊള്ളൽ: തീജ്ജ്വാല, ചൂടുപിടിച്ചു് പഴുത്തിരിക്കുന്ന മററു വസ്തുക്കൾ, ശക്തിയേറിയ അമ്ലങ്ങൾ (Acids), ക്ഷാരങ്ങൾ (Alkalies) എന്നിവയാകുന്നു പൊള്ളൽ ഉണ്ടാക്കുന്നതു്.

കുമളക്കൽ (Scald) തിളച്ചവെള്ളം, എണ്ണ, മററു ചൂടുപിടിച്ച ദ്രവിച്ചുകൊണ്ടിരിക്കുന്ന ലോഹങ്ങൾ ഇവകൾമൂലമുണ്ടാകുന്നതാകുന്നു.

ഇങ്ങനെയുണ്ടാകുന്ന സന്ദർഭങ്ങളിൽ അതിൽനിന്നു ഏററവും വേഗത്തിൽ രക്ഷപെടുന്നതിനു തല്ക്കാലം ചെയ്യാവുന്ന പ്രതിവിധികൾ നാം അറിഞ്ഞിരിക്കേണ്ടതാണു്.

1. അവിചാരിതമായി ഒരാളുടെ വസ്ത്രത്തിനു് തീപിടിച്ചാൽ ഉടൻതന്നെ ആ ആളൊ അല്ലെങ്കിൽ അതു കാണുന്ന ആളൊ ആ വസ്ത്രം കൂട്ടിത്തിരുമി തീ കെടുത്തുക. അതിനു സാധിക്കാത്തപക്ഷം, ഒരു പുതപ്പോ, പായോ, ചാക്കോ, കയററുപായോ അതുപോലുള്ള മററു സാധനങ്ങളോകൊണ്ടു് തീജ്വാല മൂടുക. ഉടൻ തീജ്വാല കെട്ടുപോകുന്നു. പിന്നീടു വെള്ളമൊഴിച്ചു തീ കെടുത്തണം. അല്ലെങ്കിൽ കത്തിക്കൊണ്ടിരിക്കുന്ന തീയുടെ അംശങ്ങൾനിമിത്തം ദേഹം കൂടുതൽ പൊള്ളുന്നതിനു ഇടയാകും. മുറിയുടെ ഉള്ളിൽവെച്ചു് തീപിടിച്ചാൽ ഒരിക്കലും പുറത്തേക്കു് ഓടിപ്പോകരുതു്. വായുകൊണ്ടു് തീ ആളിക്കത്തും.

2. തന്നത്താൻ താഴെ കിടന്നു് ഉരുളുക. അല്ലെങ്കിൽ കൂടെയുള്ള ആരെങ്കിലും കണ്ടാൽ താഴെ പിടിച്ചുകിടത്തി ഉരുട്ടുക. തീയും വസ്ത്രവും തറയും തമ്മിലുള്ള ഉരസൽകൊണ്ടു തീജ്വാല കെട്ടുപോകും. എണ്ണ, മണ്ണെണ്ണ, സ്പിരിററു മുതലായവകൊണ്ടു കത്തുപിടിച്ചാൽ നനഞ്ഞ മണ്ണോ ചരലോ വാരി എറിയണം. തീ ശമിച്ചശേഷം വസ്ത്രത്തിന്മേൽ ഏററവും വേഗം വെള്ളമൊഴിക്കണം. അല്ലെങ്കിൽ ശരീരത്തിൽ പൊള്ളൽ ശക്തിയായി വ്യാപിക്കും.

3. പൊള്ളിയഭാഗത്തു് തുണി പററിപ്പിടിച്ചിരുന്നാൽ വലിച്ചുപൊളിച്ചെടുക്കരുതു്. ചുററും ഒരു കത്രികകൊണ്ടു് വസ്ത്രം വെട്ടിമാററണം. കുമളച്ച തൊലികൾ പൊട്ടിക്കാതെ സൂക്ഷിക്കണം. പൊള്ളൽ അത്ര വലിയതല്ലെങ്കിൽ ആയതിന്റെ മീതെ സോഡ ബൈകാർബ് (സോഡാ പൊടി) വെള്ളത്തിൽ കലക്കി പുരട്ടണം. കഠിനമായ പൊള്ളലാണെങ്കിൽ തിളച്ചാറി ചെറുചൂടോടുകൂടിയ വെള്ളത്തിൽ മുക്കിക്കൊണ്ടിരിക്കുന്നതു് വളരെ പ്രയോജനകരമാണു്.

ഏതെങ്കിലും സസ്യ എണ്ണയിൽ തുണിമുക്കി നനച്ചു് മീതെ ഇടുന്നതും നല്ലതാണു്. ആയതുനിമിത്തം രോഗാണുക്കൾ പൊള്ളിയ സ്ഥലത്തു് പ്രവേശിച്ചു് വലിയ വ്രണമുണ്ടാകാതെ ഇരിക്കുന്നതിനു് സഹായിക്കും. കൂടാതെ കലക്കിത്തെളിഞ്ഞ ചുണ്ണാമ്പുവെള്ളവും സമം വെളിച്ചെണ്ണയുംകൂടി ഒരു പരന്ന പാത്രത്തിലിട്ടു് വെടിപ്പാക്കിയ കൈകൊണ്ടു ചുററിച്ചു പാൽവർണ്ണമാകുമ്പോൾ പൊള്ളിയ സ്ഥലത്തിനുമീതെ ധാരകോരുകയൊ തോരെ തോരെ തുണിയിൽ നനച്ചിടുകയൊ ചെയ്യാം.

4. പൊള്ളിയ സ്ഥലം വളരെ വലിപ്പമുണ്ടെങ്കിൽ മീതെ ഉപയോഗിക്കുന്ന തുണി ചെറിയ കഷണങ്ങളായി ഉപയോഗിച്ചാൽ പിന്നീടു് വ്രണങ്ങൾ വെടിപ്പാക്കി മരുന്നുകൾ ഉപയോഗിക്കുന്നതിനു് വളരെ സൗകര്യമായിരിക്കും. ഭയഭീതിയോ ഞെട്ടലോ ഉണ്ടാകാതിരിക്കുവാനും നല്ലതാണു്.

5. അമ്ലങ്ങൾ (Acids) കൊണ്ടു് പൊള്ളിയാൽ ഡോസാപ്പൊടി വെള്ളത്തിൽ കുഴച്ചു് കുഴമ്പുപോലെ പുരട്ടാം. അല്ലെങ്കിൽ കുറെ അധികസമയം ശുദ്ധജലത്തിൽ മുക്കിപ്പിടിച്ചിരിക്കണം. സസ്യ എണ്ണ മീതെ പുരട്ടാം.

6. ക്ഷാരം (Alkalies) നിമിത്തം

ചെറുകഥ

# കൂടപ്പിറപ്പുകൾ

(വറുഗീസ് കാഞ്ഞിരത്തുങ്കൽ)

"മനുഷ്യരായാൽ കൊറച്ചൊക്കെ വകതിരിവുവേണം. എത്രനാളായി ഇങ്ങനെ വന്നടിഞ്ഞു കിടന്നു വീരുന്നുണ്ണാൻ തൊടങ്ങീട്ട്!—അതോ, എന്റെ ചേടത്തീ ഒന്നോ രണ്ടോ ആണോ!!"

ചെമ്പുകലം വായ്പമേടിക്കാൻ വന്ന മാമ്മിച്ചേടത്തിയോട് റോസക്കുട്ടി, അവളുടെ നാത്തൂന്റെ ഔചിത്യരാഹിത്യത്തെക്കുറിച്ചു സംസാരിക്കുകയാണ്.

"അതു പറഞ്ഞപോലെതന്നെ! ഈ കാലമല്ലാത്തകാലത്ത് അഞ്ചാറെണ്ണം വന്നു മറിപ്പുകെടന്നാൽ നീയെന്നാ ചെയ്യും? എപ്പോഴുമ്പം ഉണ്ടേലെന്നാ?" അവസരപടുതയോടെ മാമ്മിച്ചേടത്തിയും പിരിമുറുക്കിക്കൊടുത്തു.

"എന്റെ ചേടത്തീ, നേരുപറയാവല്ലോ, അവരു വന്നേപ്പിന്നെ വെച്ചാലും വെളമ്പിയാലും തെകയത്തില്ല. ഇതൊന്നും പൊറത്തു പറയാൻ കൊള്ളുന്നതല്ല. എങ്കിലും—" ഗാർഹികരഹസ്യങ്ങൾ പുറത്തുവിടുന്നതു ചിതമല്ലെന്നറിയാമായിരുന്നിട്ടുപോലും, റോസക്കുട്ടി മനസ്സിളകി പറഞ്ഞുപോവുകയാണ്!

"പൊറുതി മുട്ടിയാ ആരും പറഞ്ഞുപോകും. എത്ര അടക്കിയാലും തെകന്നു തെകന്നു വരും. അതു മാനുഷസ്വഭാവികമാ." മനുഷ്യസ്വഭാവത്തിന്റെപേരിൽ മാമ്മിച്ചേടത്തിയും ആ ദൗർബല്യം ഏറ്റെടുത്തു.

"അതോ, എന്റെ ചേടത്തീ, ഇതുപോലെ ആത്തീം ആക്രാന്തോം പിടിച്ച കുഞ്ഞുങ്ങളെവടെയീരിക്കുന്നു! തിന്നാപ്പൊരു തൃപ്തീംവേണ്ടേ?" ഭർതൃഭാഗിനേയന്മാരെപ്പറ്റി റോസക്കുട്ടിയുടെ റിമാർക്കുകളാണ്.

"എങ്ങനെ തൃത്തിവരും? അവിടെ എന്നാ എടുത്തു തിന്നിട്ട വേളയടങ്ങാനാ? ആ വെളുത്ത മണ്ണുവാരിത്തിന്നിട്ടോ?"

"അതുകൊണ്ട്, അവിടങ്ങളിലൊള്ളോരെല്ലാം ഇതുപോലെ വേളപിടിച്ചോടിനടക്കുവാ?" പുരികം കോട്ടി തെല്ലൊരീർഷ്യയോടെ റോസക്കുട്ടി ചോദിച്ചു. റോസക്കുട്ടി നിനച്ചിരുന്നതല്ല, മാമ്മിച്ചേടത്തി പറഞ്ഞൊപ്പിച്ചതെന്നൊരു താക്കീതുമടങ്ങിയിരുന്നതിൽ.

മാമ്മിച്ചേടത്തിക്ക് അവരുടെ തെറ്റു മനസ്സിലായി. ആ താമ്രഭാജനാർത്ഥിനി പറയേണ്ടതുപോലെ അതു മാറ്റിപ്പറഞ്ഞു.

"മക്കളെ വളക്കണ്ടപോലെ വളക്കാഞ്ഞിട്ടാ. വയറു തൊറന്നുപോയി. കന്നിനെ കയം കാണിച്ചാൽ അതു പിന്നെയൊണ്ടോ നിക്കാൻപോണു."

മാമ്മിച്ചേടത്തി പറഞ്ഞതു റോസക്കുട്ടിക്കു നന്നേ പിടിച്ചു.

"ഇനിക്കൊരു കാര്യമൊണ്ട്. ആക്കു വേണേലും വയറുനെറച്ചു ഞാൻ കൊടുക്കാം. തീറ്റ കഴിഞ്ഞാപ്പിന്നെ അടുക്കളവാതുക്കൽവന്ന് അകത്തോട്ടൊളിഞ്ഞുനോക്കിക്കൊണ്ടു നിക്കുന്നതു ഇനിക്കു കണ്ടുകൂടാ. ആരായാലും അങ്ങനെ കിറിക്കിട്ട് നോക്കിനിന്നാൽ ഇനിക്കിതീരെ ലൊരിതില്ല. അതു കാണുമ്പം എന്റെ മേല് പൂത്തുകേറുകാ." റോസക്കുട്ടി ഒരു നയപ്രഖ്യാപനമാണ് നടത്തുന്നത്. അതിന്റെ ഗൗരവത്തിനൊത്തവിധം മാമ്മിച്ചേടത്തി ചെവികൊടുത്തു കേൾക്കുന്നുമുണ്ട്.

റോസക്കുട്ടി തുടർന്നു:

"ആ പരക്കഴിപ്പിള്ളേരോട് ഇതെത്ര പറഞ്ഞാലും അവക്കു മനസ്സിലാകയില്ല. കൊക്കറ്റംകൊടുത്തു പൊറത്തെറക്കിവിട്ടാലും അടുക്കളയിലാ അവരുടെ കണ്ണ്. പൂച്ചയെപ്പോലെയാ, അടുക്കളേൽ പാത്രം കിടുങ്ങുന്ന ഒച്ച കേട്ടാമതി, അവിടുന്നും ഇവിടുന്നും എല്ലാം ഓടിയെത്തിക്കൊള്ളും. എന്റെ ചേടത്തീ, ഞാൻ മടുത്തിരിക്കയാ." റോസക്കുട്ടി തലയിൽ കൈവച്ച് മരുമക്കളെക്കൊണ്ടുള്ള പൊറുതികേടു വെളിവാക്കി.

"ആരായാലും മടുത്തുപോകുമല്ലോ. അനങ്ങാനും മെനങ്ങാനും സമ്മതിക്കാതെ അടുക്കളവാതുക്കൽ ഇങ്ങനെ മുട്ടമറിപ്പു സത്യാഗ്രഹം തൊടങ്ങിയാൽ. പിള്ളേരായാലും കൊറച്ചു നാണോം വാശിയുമൊക്കെ വേണം. അതുപോലെയല്ലേ, ഇവിടത്തെ കൊച്ചുങ്ങള്!" നല്ലൊരു തന്ത്രിയിലാണ് മാമ്മിച്ചേടത്തി ചെന്നുമുട്ടിയത്—റോസക്കുട്ടിയുടെ പൊങ്ങച്ചപ്പൊലിമയുടെ തന്ത്രിയിൽ.

"എന്റെ മക്കളെ അങ്ങനെയാ ഞാൻ വളത്തുന്നെ. ഞാൻ വെളമ്പിവെച്ചോണ്ട് എതിരേറു കൊണ്ടുവരുന്നപോലെ വേണം അവരെ ചോറൂട്ടാൻ. എന്റെ നിർബന്ധംകൊണ്ടുകഴിക്കുന്നതാ. അവക്കൊന്നും വേണോന്നുതന്നെയില്ല." വായും വയറുമൊഴിയാതെ ചോറും പാലും പലഹാരങ്ങളും കഴിക്കുന്ന പെണ്ണുമ്മയും ജോയിച്ചനുമുണ്ടെന്നു വിചാരിക്കപ്പെടുന്ന "തീൻപത"ത്തെപ്പറ്റി അവരുടെ അമ്മ അഭിമാനപൂർവ്വം പറയുകയാണ്.

"അതുങ്ങളെ ഇവടെ നീത്തണതു് ഒട്ടക്കം നെനക്കുതന്നെ ഒരു ദോഷായിട്ടു തീരും. നിന്റെ കൊച്ചുങ്ങളും ചീത്തയായിപ്പോകും." തെല്ലുനേരത്തെ ആലോചനയ്ക്കുശേഷം മാമ്മിച്ചേടത്തി ഒരു മുന്നറിയിപ്പു കൊടുത്തു.

"എന്റെ ചേടത്തീ, അതൊന്നുകൂടെ പറ." മാമ്മിച്ചേടത്തിയുടെ സുചിന്തിതമായ അഭിപ്രായത്തിനു റോസക്കുട്ടിയും പൂർണ്ണമായ അംഗീകരണം നൽകി.

"തന്ന്യ കണ്ടുപടുത്തമാ കൊച്ചുങ്ങളെ ചീത്തയാക്കുന്നതു്—തർക്കമില്ല." ബാലമനശ്ശാസ്ത്രത്തിൽ തനിക്കുള്ള അവിതർക്കിതമായ അവഗാഹം ഊന്നിപ്പറയുകയാണ് മാമ്മിച്ചേടത്തി.

"അതു കാണാനൊണ്ടു ചേടത്തീ, എന്റെ പിള്ളേരും ചീത്തയായിത്തൊടങ്ങി. പക്ഷേ ഇവിടത്തെ ആമ്പ്രന്നോന്റെ മനസ്സിലോട്ട് ഇതൊന്നു കേറണ്ടേ?" ഉൽകണ്ഠയും നൈരാശ്യവും കലന്നു് പ്രകടമായ ഒരസ്വാസ്ഥതയോടെ റോസക്കുട്ടി പറഞ്ഞു.

"അവനും എന്തു ചെയ്യും! സ്വന്തം ചോരയല്ലേ? പെങ്ങളോടും മക്കളോടും എങ്ങനെയാ എറങ്ങിപ്പോകാൻ പറയുന്നെ."

"എന്താ പറഞ്ഞാൽ? ഇങ്ങനെയുള്ളോരോട് അങ്ങനെതന്നെ വേണം." അമർഷവും വെറുപ്പും തിങ്ങി കടുത്തു കനമേറിയ വാക്കുകൾ.

"അല്ല! സഹികെട്ടാലാരും പറഞ്ഞുപോകും." മാമ്മിച്ചേടത്തി പെട്ടെന്നു റോസക്കുട്ടിയുടെ വാദഗതിയോട് ഒട്ടിച്ചേന്നു.

"പോവുന്നകാര്യം വല്ലതും പറഞ്ഞോ?" ചെറുനേരത്തെ വിരാമത്തിനുശേഷം മാമ്മിച്ചേടത്തി തുടർന്നു.

"ഇപ്പഴെങ്ങാൻ പോകുവോ! നല്ലകാര്യം! ഇവടെയൊള്ളതു മുഴുവൻ കുത്തിവാരിക്കൊണ്ടു ചെല്ലാൻ മാപ്പളേച്ചൻ പറഞ്ഞുവിട്ടിരിക്കയല്ലേ?"

"ഇനിയെന്തുകൊണ്ടു ചെല്ലാനാ? ഒത്തിരി കൊണ്ടുപോയതല്ലേ, അതൊക്കെ എന്തിയേ?"

"ആ, എന്തിയേ? നിങ്ങളുതന്നെ ചോദിക്ക്, നിങ്ങൾക്കൊക്കെ അറിയാവുന്നതല്ലേ."

"എന്തുമാത്രം കൊടുത്താലും, കൊണ്ടുപോയാലും വീട്ടിലിരിക്കുന്ന പെണ്ണുങ്ങള് പിടിപ്പൊള്ളവരായാലേ, ഗെതികിട്ടത്തൊള്ളു." മാമ്മിച്ചേടത്തി അവരുടെ പരപ്പേറിയ ലോകപരിചയത്തിൽനിന്നും സമാഹരിച്ചെടുത്ത ഒരു തത്വം വെളിപ്പെടുത്തുകയായിരുന്നു.

"വീടു ഭരിക്കുന്ന പെണ്ണുങ്ങൾടെ കൈയിലല്ലേ ചേടത്തീ, വീടിന്റെ ഐശ്വര്യം? പെണ്ണു പെണ്ണാണേ അടിച്ചൂലും പൊന്നാകും എന്നു പറഞ്ഞു കേട്ടിട്ടില്ലേ?" "പെണ്ണ്" എന്ന പദംകൊണ്ട് റോസക്കുട്ടി അവളെത്തന്നെയാണ് സൂചിപ്പിക്കുന്നതെന്ന് ആ തലയെടുപ്പിൽനിന്നു് ആർക്കും തോന്നിപ്പോകുമായിരുന്നു. ചെമ്പുകലം മേടിക്കാൻവന്ന മാമ്മിച്ചേടത്തി ആ സൂചന ശരിക്കു പ്രയോജനപ്പെടുത്തുകയും ചെയ്തു.

"ഗൊണവതിയാരമൊള്ള പെണ്ണുങ്ങള് കുടുമ്മത്തിരുന്നാൽ അതിന്റെ ആയിശ്ശ്വര്യം ഒന്നു വേറെയാ. ഒള്ളതു പറയാവല്ലോ, റോസക്കുട്ടിയെ കെട്ടിക്കൊണ്ടുവന്നപ്പഴിവടെ എന്നാ ഒണ്ടായിരുന്നു! ഇപ്പഴെങ്ങനെ ഇരിക്കുന്നു!! ഇതുരണ്ടും കണ്ടവളല്ലേ, മാമ്മി." മാമ്മിച്ചേടത്തി ഇതു പറഞ്ഞപ്പോൾ റോസക്കുട്ടി നിന്നിടത്തുനിന്നു് സ്വയം ഒരു മുഴം പൊങ്ങിയെന്നു തോന്നുന്നു.

"എല്ലാ പെണ്ണുങ്ങളും ചെയ്യുന്നതുപോലെ കലംനെറച്ചു പുഴുങ്ങിവച്ചോണ്ടു വാനെറച്ചു തിന്നാനല്ല ഞാൻ നോക്കിയതു്. ഞാൻ നന്നേ ഞെരുങ്ങിത്തന്നെയാ ഇത്രയുംനാളും കഴിഞ്ഞതു്. ഇനി ഏതായാലും ഞാനത്ര ഞെരുങ്ങാൻ തീർച്ചയാക്കീട്ടില്ല. ഇവടെയൊള്ളതു് ഇനിക്കും എന്റെ പിള്ളേർക്കും അനുഭവിക്കാനൊള്ളതാ."

"നിന്റെ കാര്യമല്ലേ, നീ പറയുന്നതു്." റോസക്കുട്ടിയുടെ അവകാശവാദത്തിനു് മാമ്മിച്ചേടത്തിയുടെ പിന്താങ്ങലും കിട്ടി.

"ചൊമതലയൊള്ളോരാരാനുമാണെങ്കിൽ, ഇങ്ങനെ മൂടാണെന്നുംപറഞ്ഞു വന്നു ചടഞ്ഞുകെടക്കുവോ ചേടത്തീ, ഇനിക്കാണെങ്കിൽ വീട്ടിൽ ചെന്നാൽ ഒരന്തി താമസിച്ചുകഴിഞ്ഞു രണ്ടാംപക്കം ഇവിടെ പറന്നെത്തണമെന്നാ എന്റെ വിചാരം."

"നമ്മളെങ്ങനെ കണ്ണുമടച്ചിട്ടെറിഞ്ഞേച്ചുപോകും, പെണ്ണേ. നമ്മളു പെണ്ണുങ്ങൾടെ വിധിയല്ല, ഇതു്. പുതുമോടിക്കൊക്കെ വീടും കുടീമെന്നു പറഞ്ഞു് പോയും വന്നും നിക്കും. രണ്ടുമൂന്നു കൊച്ചുങ്ങളു് കാലായി അവനവന്റെ ചുമലേ ഭാരം കേറിയാപ്പിന്നെ വീട്ടിലും മറ്റും പോകാനൊണ്ടോ സൗവ്വര്യം? പിന്നെവന്നടുത്തുതന്നെകെടയുക. അങ്ങനെയല്ല, പെണ്ണുങ്ങൾടെ തലേലെഴുത്തിരിക്കുന്നതു". ഞാനാണേ, വീട്ടിപ്പോയനാൾ മറന്നു."

"പക്ഷേ ഈ പൂശാങ്കമൊന്നും എന്റെ നാത്തൂനോടു പറ്റത്തില്ല." അങ്ങനെ സ്ത്രീകളെ സംബന്ധിച്ചുള്ള ആ സാമാന്യനിയമത്തിനു് റോസക്കുട്ടി ഒരു അപവാദമുന്നയിച്ചു.

"ഇപ്പഴവടെപ്പോയിരിക്കുവാ, പതാരിക്കാൻ?" സംഭാഷണഗതി തഞ്ചത്തിലൊന്നു തിരിച്ചുവിടുവാൻവേണ്ടി മാമ്മിച്ചേടത്തി ചോദിച്ചു.

"കാലത്തെ വെള്ളമാറ്റി പോകുന്ന കണ്ടു, പള്ളിപ്പോണെന്നും പറഞ്ഞു്." അവജ്ഞയും ഉദാസീനതയും വ്യഞ്ജിപ്പിക്കുന്നഭാവത്തിൽ റോസക്കുട്ടി പറഞ്ഞു.

"ആ ങ്—ഞാനിപ്പഴാ ഒരു കാര്യമോർത്തു്!" പൊടുന്നനെ ഏതോ സംഗതി ഓർമ്മയിൽ വന്നുദിച്ചിട്ടെന്നപോലെ മാമ്മിച്ചേടത്തി സാകൂതം തുടർന്നു:

"നിന്റെ നാത്തൂനെന്തിനാ ഇങ്ങനെ അയൽപക്കംതോറും കേറിയെറങ്ങിനടക്കുന്നേ? ഞാനറിയാഞ്ഞു ചോദിക്കയാ."

"ആവോ! ഞാനെങ്ങനെ അറിയും ചേടത്തീ, ചെറുപ്പത്തിലേ അങ്ങനെ കണ്ടവന്റെ തിണ്ണ നെരങ്ങി ശീലിച്ചുപോയി. ഇപ്പഴതു മാറ്റാൻ നോക്കിയാൽ മാറുവോ! ചൊട്ടയിലെശ്ശീലം ചൊടലവരെ. ഇനിക്കാണെങ്കിൽ കാര്യംകൂടാതെ അരക്കാ നാഴിക അന്യോരു വീട്ടിൽപോയി നിക്കുന്നതു്, എന്നെ കൊല്ലുന്നവാശിയാ. അങ്ങനെയാ ചെറുപ്പംമുതലേ ഞാൻ പഠിച്ചതും."

റോസക്കുട്ടിയുടെ ആ അഭിപ്രായത്തിനു് മാമ്മിച്ചേടത്തി ലേശവും കൂട്ടുനിക്കുവാൻ തുനിഞ്ഞില്ല. അവർ അതു കേട്ടില്ലെന്നുള്ളഭാവത്തിൽ സംഭാഷണത്തിന്റെ കേന്ദ്രത്തിലേക്കുതന്നെ തിരിഞ്ഞു.

"റോസക്കുട്ടി വിചാരിക്കുമ്പോലെ അങ്ങനെ നേരംകളയാനും മറ്റുമല്ല കുഞ്ഞേലാ അയൽപക്കംവഴി ചുറ്റുന്നതു്." കനമേറിയ എന്തൊക്കെയോ ഉൾക്കൊള്ളിച്ചുകൊണ്ടു മാമ്മിച്ചേടത്തി പറഞ്ഞു.

"ഞങ്ങളെപ്പറ്റി കുന്നുറു പറഞ്ഞുകൂട്ടാനായിരിക്കും, അല്ലേ?"

"ഇതു റോസക്കുട്ടിയോടാരുപറഞ്ഞു?" അത്ഭുതമൂറുന്നമട്ടിൽ മാമ്മിച്ചേടത്തി ചോദിച്ചു.

"എന്റെ ചേടത്തീ, ഞാനും ഈ നാട്ടിലൊരുക്കയല്ലേ, ജീവിക്കുന്നതു്." തനിക്കെതിരായി നടന്നിട്ടുള്ള എല്ലാ ഉപജാപങ്ങളെപ്പറ്റിയും യഥാസമയം റിപ്പോർട്ടു കിട്ടിയവളെപ്പോലെ റോസക്കുട്ടി പറഞ്ഞു.

"കുഞ്ഞേലാ ഇന്നാളു ഞങ്ങൾടെ വീട്ടിലും വന്നിരുന്നു് ഏതാണ്ടൊക്കെ വിസ്തരിക്കുന്ന കേട്ടു. ഞാനത്ര ചെവികൊടുക്കാൻ പോയില്ല, കൊറച്ചുകേട്ടപ്പഴേ ഇനിക്കു് അരിശംവന്നു. ഇല്ലാവചനം കേട്ടാൽ ആർക്കാ അരിശംവരാത്തതു്? പിന്നെ പേവാക്കിനു പൊട്ടച്ചെവി, അല്ലാതെന്താ?"

"എങ്കിലും എന്തായിരുന്നു ചേടത്തീ വിസ്താരം?" അടക്കവയ്യാത്ത ജിജ്ഞാസയോടെ റോസക്കുട്ടി ചോദിച്ചു.

"എന്തു പറയാനാ, എന്റെ പെണ്ണേ, ഒരു ചെവീക്കൂടെ കേട്ടു. മറ്റേ ചെവീക്കൂടെ എറങ്ങിപ്പോകും. ഇതാ എന്റെ സ്വഭാവികം. കുട്ടിക്കത്തും കുന്നായ്മയും എന്റെ കൈയിലില്ലെന്നു് റോസക്കുട്ടിക്കും ഏറെക്കുറെ അറിയാമ്മേലേ?"

"ഇതു കുട്ടിക്കത്തു വല്ലതുമാണോ ചേടത്തീ, ചേടത്തീ പറേന്നതു് പറേന്നിടത്തുതന്നെ കെടന്നോളും."

"അതുകൊണ്ടല്ല പെണ്ണേ. ഒന്നു പറഞ്ഞൊന്നുകേട്ടു് അവടെച്ചെനച്ചിവടെപ്പൊടിച്ചു് അവളറിഞ്ഞാലെന്തുപറയും!"

"അങ്ങനെ കേൾക്കുന്നതെല്ലാം കോലേക്കെട്ടി നാരേ വീശുന്ന പണീ ഇനിക്കില്ല ചേടത്തീ. ഒന്നു കേട്ടാൽ അതെന്റെ മനസ്സിലിരിക്കും. ഇത്രയായിട്ടും ചേടത്തിക്കെന്റെ സൊഭാവം മനസ്സിലായിട്ടില്ലല്ലോ. എങ്കിലും എന്നതാ ചേടത്തീ അവരു പറഞ്ഞു പരത്തുന്നെ."

"ഓ, ഒന്നൂല്ല."

"എങ്കിലും?" റോസക്കുട്ടിയുടെ ജിജ്ഞാസ അതിന്റെ ഉച്ചകോടിയിലെത്തി. ആ ഗൃഹനായികയുടെ ജിജ്ഞാസാശമനത്തിനു് ഇനിയും വിളംബം വരുത്തുന്നതു് ബുദ്ധിപൂർവ്വമായിരിക്കയില്ലെന്നു് മാമ്മിച്ചേടത്തി കണ്ടു.

അവർ പറഞ്ഞു.

"കുഞ്ഞേലായും കൊച്ചുങ്ങളും വന്നേപ്പിന്നെ നീ നേരേചൊവ്വേ കലത്തിലിട്ടു് അരി വെച്ചേലെന്നോ, അവൾടെ പിള്ളേരെ എങ്ങോ പറഞ്ഞുവിട്ടേച്ചു് നീയും പിള്ളേരുംകൂടെ കതകിന്റെ മറേലിരുന്നു് ഏതാണ്ടു തിന്നെന്നോ, എണ്ണ തേക്കാഞ്ഞു്, അവൾടെ തല കിന്നരിച്ചിരുന്നിട്ടും നീ ചൊട്ടു് എണ്ണ കൊടുത്തില്ലെന്നോ, ഒരു ദെവസം പരവേശംകൊണ്ടു് അവളൊരു കരിക്കിട്ടുകുടിച്ചതു് നീ കുര്യച്ചനോടു പറഞ്ഞെന്നോ, ഇവടെ വെളുത്തചോറും കറുത്തമുഞ്ഞിയുമാണെന്നോ ഒക്കെ ഒരുപാടു് അവളു പറേന്നകേട്ടു. ഒത്തിരിയൊക്കെ ഞാൻ മറന്നുംപോയി. ഇനിക്കാണേ ആരെങ്കിലും ഒരു കാര്യം പറഞ്ഞുകേട്ടാൽ എന്റെ മനസ്സിലൊട്ടു തങ്ങുകേമില്ല."

"അങ്ങനെയൊക്കെയാണല്ലേ അയൽപക്കംതോറും അവരു പറഞ്ഞുപരത്തുന്നെ" റോസക്കുട്ടി ഒരു നെടുനിശ്വാസത്തോടെ പറഞ്ഞു. നിഷേധിക്കാനരുതാത്ത യാഥാർത്ഥ്യങ്ങളുടെ മുമ്പിൽ കുറ്റസമ്മതംമൂളുന്ന ഒരു അപരാധിനിയെപ്പോലെ കാണപ്പെട്ടു റോസക്കുട്ടി.

തെല്ലിട മൗനമായിരുന്നശേഷം ആ കുടുംബിനി തുടർന്നു.—"അല്ലെങ്കിലും അങ്ങനെയാ ചേടത്തീ, ഇക്കാലത്തു് ആ

(ശേഷം 8-ാം പേജിൽ)

---

പൊള്ളിയാൽ ചൊറുക്കയോ, ചെറുനാരങ്ങനീരോ പുരട്ടുന്നതു് ഉത്തമമാണ്.

7. കണ്ണ്, ചെവിയുടെ ഉൾവശം, തൊണ്ട മുതലായ സ്ഥലങ്ങളിൽ ഉണ്ടാകുന്ന പൊള്ളലുകൾക്കു പ്രത്യേകം ശ്രദ്ധ പതിക്കണം.

8. പൊള്ളിയ ആളിന്റെ ശരീരമോ, പൊള്ളിയ ഭാഗമോ വായുവുമായി സമ്പർക്കം ഉണ്ടാകാതെ ഒരു കമ്പിളിയോ അതുപോലുള്ള സാധനങ്ങളോകൊണ്ടു് മൂടിയിരിക്കുന്നതു് ഏറ്റവും നല്ലതാണ്.

9. ചില ആളുകൾ പൊള്ളിയസ്ഥലത്തു് മഷി പുരട്ടുക, മണ്ണെണ്ണകൊണ്ടു് ധാരകോരുക മുതലായതു ചെയ്യാറുണ്ടു്. ഇതു് ഏറ്റവും തെറ്റാണ്. മഷി പുരണ്ട സ്ഥലം വൃത്തിയാക്കി എടുക്കുവാൻ വളരെ വിഷമിക്കും. മണ്ണെണ്ണ പുരട്ടിയാൽ വീണ്ടും കൂടുതൽ പൊള്ളാനാണ് എളുപ്പം. മഷിയിൽ ടാനിക്കാസിഡ ഉള്ളതുകൊണ്ടാണ് ആയതു ഉപയോഗിക്കുന്നതു നല്ലതാണെന്നു സാധാരണ ആളുകൾ പറയുന്നതു്.

ഞെട്ടൽ:- (Shock) ഭയഭീതിയോ, മോഹാലസ്യമോ വല്ലതും ഉണ്ടായാൽ ഉന്മേഷജനകമായിട്ടുള്ള പാനീയങ്ങൾ അതായതു് സ്വല്പം ബ്രാണ്ടിയും വെള്ളവും ചേർന്നതോ, ചായയോ, കാപ്പിയോ, സോഡാവെള്ളമോ കൊടുക്കുന്നതു നല്ലതാണ്.

(എറണാകുളം ഖമ്മാഷെൽ ന്യൂസിൽനിന്നു്)

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് തട്ടവള്ളുശേരി


റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ.

Vol. 24 || ERNAKULAM. NOVEMBER 15 1950 || No. 13


# അനുമോദനം

ചങ്ങനാശ്ശേരി പാലാ രൂപതകളുടെ അദ്ധ്യക്ഷന്മാരായി നിയമിക്കപ്പെട്ടിരിക്കുന്ന റൈററ് റവ. ഡോക്ടർ മാത്യു കാവുകാട്ട്, റൈററ് റവ. ഡോക്ടർ മാണി സെബാസ്റ്റ്യൻ വയലിൽകളപ്പുര എന്നീ തിരുമേനിമാരുടെ മെത്രാൻപട്ടാഭിഷേകം നവംബർ 9-ാംനു- വ്യാഴാഴ്ച റോമിലെ സെൻറ് തെരേസാ കർമ്മലീത്താശ്രമദേവാലയത്തിൽവച്ചു നടന്നിരിക്കുന്നുവെന്നറിയുന്നതിൽ സന്തോഷിക്കുന്നു. "പൗരസ്ത്യറീത്തുകളുടെ തിരുസംഘ"ത്തിൻെറ സെക്രട്ടറിയായ കർദ്ദിനാൾ ടിസറൻറ് തിരുമേനി പട്ടാഭിഷേകകർമ്മങ്ങളുടെ പ്രധാനകാർമ്മികനും കോട്ടയം സഹായമെത്രാൻ റൈററ് റവ. ഡോ. തോമസ് തറയിൽ, കൊല്ലംമെത്രാൻ റൈററ് റവ. ഡോ. ജറോം ഫെർ





ണാണ്ടസ് എന്നീ തിരുമേനിമാർ സഹകാർമ്മികരുമായിരുന്നു. വേദപ്രചാരസംഘത്തിൻെറ അദ്ധ്യക്ഷൻ കർദ്ദിനാൾ ഫ്യുമസോണി ബിയോൻഡി തിരുമേനി, കൽദായ പാത്രിയർക്കീസ് അത്യുന്നത ഗനീമിയാ തിരുമേനി, മൂന്നു കൽദായ മെത്രാന്മാർ, കൽക്കട്ടാ ബോംബെ സഹായമെത്രാന്മാർ, കൊച്ചി, കൊളംബൊ, മൈസൂർ, പൂന, ഇൻഡോർ എന്നീരൂപതകളുടെ മെത്രാന്മാർ പൗരസ്ത്യറീത്തുകളുടെ തിരുസംഘത്തിൽപ്പെട്ട മെത്രാന്മാർ, മോൺസിഞ്ഞോറന്മാർ, റോമിലെ വിവിധകോളെജുകളിലെ റക്ടർമാർ, വത്തിക്കാനിലെ ഇൻഡ്യൻ സ്ഥാനപതി മി. ഡി. ബി. തേരായി, റോമിലെ വിവിധ കലാലയങ്ങളിൽ അദ്ധ്യയനം നടത്തുന്ന ഭാരതീയവിദ്യാർത്ഥികൾ എന്നിങ്ങനെ അനേകംപേർ തദവസരത്തിൽ സന്നിഹിതരായിരുന്നു. ഏവംവിധം കത്തോലിക്കാസഭയുടെ കേന്ദ്രമായ നിത്യനഗരത്തിൽവച്ച്, അസുലഭാവസരമായ ഈ വിശുദ്ധവത്സരത്തിൽ മെത്രാൻപദത്തിലേക്ക് ഉയർത്തപ്പെടുന്നതിനു ഭാഗധേയമുണ്ടായ അഭിവന്ദ്യതിരുമേനിമാരെ ഞങ്ങൾ ഹാർദ്ദമായി അനുമോദിക്കുകയും തിരുമേനിമാർക്കു സകലവിധ അനുഗ്രഹാശിസ്സുകളും സർവ്വേശ്വരൻ പ്രദാനംചെയ്യുമാറാകട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു.

# മെത്രാന്മാരുടെ പ്രസ്താവന

1950 നവംബർ 10-ാംതീയതി എറണാകുളം മെത്രാപ്പോലീത്താതിരുമനസ്സിലെ അരമനയിൽ സമ്മേളിച്ച, തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു ഭരണാധികാരമുള്ള കത്തോലിക്കാമെത്രാപ്പോലീത്താമാരും, മെത്രാന്മാരും, അഡ്മിനിസ്ട്രേറർമാരും താഴെപ്പറയുന്ന പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു:—

പ്രൈവററ് സെക്കണ്ടറിസ്കൂളുകളെ സംബന്ധിച്ചുള്ള ഗവമ്മെൻറിൻെറ പുതിയനയത്തിൽ നിന്നാവിർഭൂതമായിരിക്കുന്ന പരിതസ്ഥിതികളെ ഞങ്ങൾ ഉൽക്കണ്ഠാപൂർവ്വം വീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. 1950 ആഗസ്റ്റ് 19-ാം തീയതിയിലെ പ്രൊസീഡിംഗ്സിലും നവംബർ 2-ാം തീയതിയിലെ പ്രസ്നോട്ടിലും, കത്തോലിക്കസഭയുടെ സർവ്വപ്രധാനങ്ങളായ വിദ്യാഭ്യാസാവകാശങ്ങൾക്കു എതിരായ ഒരു നയം ഗവമ്മെൻറ് സ്വീകരിച്ചിരിക്കുന്നുവെന്നതിലുള്ള ഖേദം ഞങ്ങൾക്കു രേഖപ്പെടുത്താതെ തരമില്ല. ഫീസ്പിരിവിൽ ഏതെങ്കിലുംഭാഗം ഗവമ്മെൻറിൻെറ കണക്കിലോ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൻെറ കണക്കിലോ സർക്കാർഖജനാവിൽ അടയ്ക്കണമെന്നു കല്പിക്കുവാൻ ഗവമ്മെൻറിനു യാതൊരു അവകാശവുമില്ലെന്നു ഞങ്ങൾ അവകാശപ്പെടുന്നു. ഫീസ്പിരിവിൽ ഏതെങ്കിലുംവീതം ഗവമ്മെൻറ് എടുക്കുന്നതു ഇപ്പോൾ നിലവിലുള്ള ഏതെങ്കിലും ചട്ടമോ നിയമമോമൂലം സാധൂകരിക്കത്തക്കതല്ലെന്നും, അതു നടപ്പിൽവരുത്തത്തക്ക എന്തെങ്കിലും നിയമമുണ്ടാക്കിയാൽതന്നെ അതു് ഉടമസ്ഥാവകാശങ്ങളെ നിഷേധിക്കുന്നതാകയാൽ സാധുവല്ലെന്നും ഞങ്ങൾ ഉപദേശിക്കപ്പെട്ടിരിക്കുന്നു. എന്നു മാത്രമല്ല, സ്കൂൾ കാര്യക്ഷമമായി നടത്തുന്നതിനു അവകാശവും ചുമതലയുമുള്ള മാനേജരുടെ ഹസ്തങ്ങളെ ദുർബലപ്പെടുത്തുന്ന ഒരു നടപടിയാണിതെന്നുള്ളതും വിശദമാകുന്നു. ഇതും മററിതുപോലെയുള്ളതുമായ കാരണങ്ങളാലാണ് മൂന്നു മെത്രാപ്പോലീത്താമാരു കൂടി 1950 ഒക്ടോബർ 17-ാം തീയതി ഒരു പ്രസ്താവനയിൽ ഫീസ്പിരിവിൽ യാതൊരുഭാഗവും വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൻെറ കണക്കിൽ യാതൊരുകാരണവശാലും അടയ്ക്കുവാൻ സമ്മതിക്കാവുന്നതല്ലെന്നുള്ള അഭിപ്രായം പ്രകടിപ്പിച്ചതു്.

നവംബർ 2-ാംതീയതിയിലെ പ്രസ്നോട്ടിൽ, വിദ്യാഭ്യാസഡയറക്ടരും പബ്ലിക്ക് സർവ്വീസ് കമ്മീഷനുംകൂടിയിരുന്നു തയാറാക്കുന്ന ഒരു അംഗീകൃത അദ്ധ്യാപകലിസ്റ്റിനെപ്പററി പ്രസ്താവിക്കുന്നുണ്ടു്, ഇതിൽ നിന്നുവേണം മാനേജർമാർ അവരുടെ അദ്ധ്യാപകന്മാരെ തിരഞ്ഞെടുക്കുവാൻ. അപേക്ഷിക്കുന്ന എല്ലാ ഉദ്യോഗാർത്ഥികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സാദ്ധ്യമാകുന്നത്ര വിപുലമായ ഒരു ലിസ്റ്റ് ആയിരിക്കും ഇതെന്നുള്ള വാഗ്ദാനങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും, അതു അദ്ധ്യാപകന്മാരെ തിരഞ്ഞെടുത്തു നിയമിക്കുവാൻ മാനേജർമാർക്കുള്ള സ്വാതന്ത്ര്യത്തിലെ അനാവശ്യമായ ഒരു നിയന്ത്രണമായിരിക്കുന്നു. പ്രായോഗികമായി ഇതു മാനേജർക്കു വളരെയധികം അസൗകര്യങ്ങളുണ്ടാക്കിത്തീർക്കുന്നതാണ്. വളരെയധികം അഭിമതനായ ഒരാളുടെ പേരു്, നിയന്ത്രണാധീനമല്ലാത്ത കാരണങ്ങളാൽ ലിസ്റ്റിൽ ഉൾപ്പെടുന്നില്ലായെന്നതിനാൽ ആ ആളെ നിയമിക്കാതിരിക്കുവാൻ മാനേജർ നിർബന്ധിതനായിത്തീരുന്നതാണ്. സപ്ലിമെൻററി ലിസ്റ്റും മററു വ്യവസ്ഥകളും അദ്ധ്യാപകന്മാരുടെ തിരഞ്ഞെടുപ്പിൽ മാനേജർക്കുള്ള സ്വാതന്ത്ര്യത്തിനു് ഒരു ഉറപ്പായിരിക്കുന്നില്ല. പ്രൈവററുസെക്കണ്ടറിസ്കൂളുകളെ അപകൃഷ്ടമോ, രണ്ടാംതരമോ ആയ ഡിപ്പാർട്ടുമെൻറൽ സ്കൂളുകളാക്കിത്തീർക്കുന്ന ഫലമാണു നിർദ്ദിഷ്ടപദ്ധതി വരുത്തിക്കൂട്ടുന്നതു്. പ്രൈവററുസെക്കണ്ടറിസ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരുടെയും അദ്ധ്യാപകന്മാരുടെയും നിയമനം ആഭ്യന്തരക്രമീകരണത്തിൽപെട്ട ഒരു സംഗതിമാത്രമാണ്; അദ്ധ്യാപകജോലിക്കുള്ള വിദ്യാഭ്യാസയോഗ്യതകൾ നിശ്ചയിക്കുന്നതിൽകവിഞ്ഞു ഗവമ്മെൻറിനു അതിൽ ഇടപെടുവാൻ അവകാശമില്ലാത്തതാകുന്നു. ആകയാൽ ഹെഡ്മാസ്റ്റർമാരെയും അദ്ധ്യാപകന്മാരെയും തിരഞ്ഞെടുത്തുനിയമിക്കുന്നതിൽ ഇടപെടുന്നതിനോ നിയന്ത്രണം ചെലുത്തുന്നതിനോ സമ്മതിക്കുവാൻ ഞങ്ങൾക്കു നിർവ്വാഹമില്ല.

പ്രൈവററ് സെക്കണ്ടറി സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരുടെയും അദ്ധ്യാപകന്മാരുടെയും ശമ്പളം വർദ്ധിപ്പിക്കുന്നതിനുള്ള ഗവമ്മെൻറിൻെറ സന്നദ്ധതയെ ഞങ്ങൾ വിലമതിക്കുന്നു. ഞങ്ങൾ അതിനോടു പൂർണ്ണമായി യോജിക്കുകയും ചെയ്യുന്നു. എന്നാൽ അതു ഫീസ വരുമാനത്തിൽ ഏതെങ്കിലും ഭാഗം ഗവമ്മെൻറിൻെറ പേരിൽ അടയ്ക്കുന്നതോ അദ്ധ്യാപകനിയമനത്തിനു് പുതിയ വ്യവസ്ഥകൾ ഏർപ്പെടുത്തുന്നതോ ആവശ്യമാക്കിത്തീർക്കുന്നില്ലെന്നു് ചൂണ്ടിക്കാണിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ശമ്പളവർദ്ധനവും അതു കൊടുക്കുമെന്നുള്ളതു തീർച്ചവരുത്തുമെന്നുള്ളതും നിലവിലുള്ള നിബന്ധനങ്ങൾക്കും കത്തോലിക്കാസഭയുടെ വിദ്യാഭ്യാസനയത്തിനും ഭരണഘടനയിൽ ന്യൂനപക്ഷങ്ങൾക്കു പ്രദാനം ചെയ്യപ്പെട്ടിട്ടുള്ള മൗലികാവകാശങ്ങൾക്കും അനുയോജ്യമായി മററു പല മാറ്റങ്ങളിൽക്കൂടി ഉറപ്പുനൽകാവുന്നതാകുന്നു.

ഒക്ടോബർ 17-ാംനു- യിലെ പ്രസ്താവനയിൽ മെത്രാപ്പോലീത്താമാർ പ്രസ്താവിച്ചിട്ടുള്ളതുപോലെ, ഇതാണു സെക്കണ്ടറിസ്കൂളുകളെ സംബന്ധിച്ച ഇപ്പോഴത്തെ പ്രശ്നം സംബന്ധിച്ച ഞങ്ങളുടെ അഭിപ്രായമെങ്കിലും, ഗവമ്മെൻറുമായി ഒരു രഞ്ജിപ്പുണ്ടാക്കണമെന്ന ആഗ്രഹത്തോടും അദ്ധ്യാപകന്മാരുടെ ക്ഷേമത്തിലുള്ള ആത്മാർത്ഥമായ താല്പര്യാതിരേകത്തെ പുരസ്കരിച്ചും, പരീക്ഷാർത്ഥം ഒരു താൽക്കാലികനടപടിയെന്ന നിലയിൽ, സെക്കണ്ടറിസ്കൂളുകളിലെ ഫീസ്പിരിവിൽ 80 ശതമാനം പ്രതിഷേധസമേതം, ഗവമ്മെൻറ് പ്രൊസീഡിംഗ്സിലും പ്രസ്നോട്ടിലും നിർദ്ദേശിച്ചിട്ടുള്ള വർദ്ധിപ്പിച്ച നിരക്കിൽ അദ്ധ്യാപകന്മാർക്കു ശമ്പളം കൊടുക്കുന്നതിനു്, മാനേജരുടെ കോൺട്രിബ്യൂഷൻ എന്ന നിലയിൽ താഴെ പറയുന്ന ഉപാധികൾക്കു വിധേയമായി, ഡെപ്പോസിററുചെയ്യാൻ ഞങ്ങൾ സമ്മതിക്കുന്നു:

പ്രസ്താവിത ഗവമ്മെൻറ് പ്രൊസീഡിംഗ്സിലും പ്രസ്നോട്ടിലുമുള്ള ഹെഡ്മാസ്റ്റർമാരുടെയും അദ്ധ്യാപകന്മാരുടെയും തിരഞ്ഞെടുപ്പും നിയമനവും സംബന്ധിച്ച എല്ലാ വ്യവസ്ഥകളും അവയിൽനിന്നും നീക്കംചെയ്യുകയും മാനേജർമാർക്കു മുമ്പേ ഉണ്ടായിരുന്ന രീതിയിൽ നിയമനം സംബന്ധമായി പൂർണ്ണമായ സ്വാതന്ത്ര്യം ഉറപ്പു നൽകുകയും ചെയ്യുക;

ഈ ഡെപ്പോസിററ്, ഫീസ് വരുമാനത്തിൽ ഏതെങ്കിലും ഭാഗം ഗവമ്മെൻറിൻെറ പണമാണെന്നു് മാനേജ്മെൻറ് സമ്മതിക്കുന്നതായി യാതൊരു വിധത്തിലും പരിഗണിച്ചുകൂടാ;

ഈ നടപടിയുടെ നിയമപരമായ സാധുത ചോദ്യംചെയ്യുവാനുള്ള അവകാശം ഞങ്ങൾ റിസർവ്വ് ചെയ്തിരിക്കുന്നതുമാകുന്നു.

ഗവമ്മെൻറ് ഈ ഓഫർ സ്വീകരിക്കാത്തപക്ഷം, ഗവമ്മെൻറ് പ്രൊസീഡിംഗ്സിലും പ്രസ്നോട്ടിലുമുൾക്കൊള്ളിച്ചിട്ടുള്ള പദ്ധതി മാനേജുമെൻറുകൾ പരിപൂർണ്ണമായും പരിത്യജിക്കുന്നതായിരിക്കും. പണം ഡെപ്പോസിററ് ചെയ്യുന്നതോ മറേറതെങ്കിലും വ്യവസ്ഥകൾ സ്വീകരിക്കുന്നതോ ആയിരിക്കുകയില്ല.

ഞങ്ങളുടെ പരമമായ സൗമനസ്യപ്രകാശനത്തെയും രഞ്ജകമനോഭാവത്തെയും ഗവമ്മെൻറും, പണിമുടക്കിലേർപ്പെട്ടിരിക്കുന്ന അദ്ധ്യാപകരും വിലമതിച്ചാദരിച്ചു പ്രവർത്തിക്കുമെന്നു — ഗവമ്മെൻറു ഞങ്ങളുടെ ഏററവും മിതമായ ആവശ്യങ്ങൾ അനുവദിച്ചും അദ്ധ്യാപകർ തങ്ങളുടെ പണിമുടക്കു പിൻവലിച്ചും ആദരിച്ചു പ്രവർത്തിക്കുമെന്നു് — ഞങ്ങൾ വിശ്വസിക്കുന്നു.

അദ്ധ്യാപകരോടു ഞങ്ങൾക്കുള്ള സഹതാപാനുവിതമായ വികാരങ്ങൾ ആവർത്തിച്ചുറപ്പിച്ച പ്രഖ്യാപിക്കുന്നതോടൊപ്പം, സംഘടിത പണിമുടക്കുകൾമൂലം കത്തോലിക്കാ സ്ഥാപനങ്ങളുടെ പ്രവർത്തനം സ്തംഭിപ്പിക്കുന്നതു് നിയമവിരുദ്ധമാണെന്നു് ഊന്നിപ്പറയുവാൻ ഞങ്ങളാഗ്രഹിക്കുന്നു. കത്തോലിക്കാസ്കൂളുകൾ സഭയുടെ സ്വത്താണ്; അവയെ പാലിച്ചുകൊണ്ടുപോകുകയും കത്തോലിക്കാസ്കൂളുകളുടെ അസ്തിത്വത്തിനും, നടത്തിപ്പിനും ഉപദ്രവം വരുത്തുന്ന യാതൊന്നും ചെയ്യാതിരിക്കുകയും ചെയ്യേണ്ടതു് ഓരോ കത്തോലിക്കൻെറയും കർത്തവ്യമാണ്.

നമ്മുടെ സ്കൂളുകൾ പൂർണ്ണരൂപത്തിൽ നടത്തിക്കൊണ്ടുപോകുന്നതിനു് കത്തോലിക്കർ ഏവരും പരമാവധി യത്നിക്കുമെന്നും, അതേസമയംതന്നെ നമ്മുടെ ഏതെങ്കിലും അവകാശം ബലികഴിക്കുവാനിടയാകാതെ നമ്മുടെ അദ്ധ്യാപകന്മാർക്കു മതിയായ ശമ്പളം കൊടുക്കുന്നതിനു ഗ്രാൻറ്-ഇൻ-എയിഡിൽ നമ്മുടെ ന്യായയുക്തമായ ഓഹരി ഗവർമ്മെൻറിൽനിന്നും കരസ്ഥമാക്കുന്നതിനു പരിശ്രമിക്കുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു.

വിദ്യാഭ്യാസമന്ത്രിക്കു അയച്ചുകൊടുക്കുവാനായി ഈ പ്രസ്താവനയുടെ ഒരു പ്രതി, തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു ആദ്ധ്യാത്മികാധികാരവ്യാപ്തിയുള്ള എല്ലാ കത്തോലിക്കാ മെത്രാപ്പോലീത്താമാരുടെയും മെത്രാന്മാരുടെയും അഡ്മിനിസ്ട്രേറർമാരുടെയുംപേർക്കു വരാപ്പുഴ മെത്രാപ്പോലീത്താ മഹാവന്ദ്യ ദിവ്യശ്രീ ഡോക്ടർ ജോസഫ് അട്ടിപ്പേററി തിരുമേനി ഒപ്പിട്ടു് കാത്തലിക്ക് സ്കൂൾ മാനേജേഴ്സ് അസോസിയേഷനു നൽകേണ്ടതാണെന്നും, ഇതിൻെറ കോപ്പികൾ ചീഫ് മിനിസ്റ്റർക്കും മററു മന്ത്രിമാർക്കും അയച്ചുകൊടുക്കേണ്ടതാണെന്നും ഞങ്ങൾ തീരുമാനിക്കുന്നു.

ഡാക്ടർ ജോസഫ് അട്ടിപ്പേററി
(ഒപ്പ്)
വരാപ്പുഴ മെത്രാപ്പോലീത്താ
എറണാകുളം,
10-11-1950


## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | " | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |


ഫാത്തിമാമാതാവിൻെറ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനാൽ ഉപകാരസ്മരണ.

അച്ചാമ്മ ജോസഫ്
കുരുവനാക്കുന്നേൽ, ഇടമററം

For favours received



Joseph P. D., N. C. L., Poona.

# നമ്മുടെ വിദ്യാഭ്യാസ പ്രശ്നങ്ങൾ

(11-ാം പേജ് തുടർച്ച)

സ്കൂളുകളിൽ, അവരുടെ ഓമനക്കുഞ്ഞുങ്ങളുടെമേലുള്ള ശിക്ഷണാധികാരം നൽകി, നിയമിക്കുന്നതിനു സാധിക്കും? ഇന്നുവരെ നമ്മെ പുറംതള്ളിയിരുന്നവരും നാളെ നമ്മെ അല്ലെങ്കിൽ നമ്മുടെ അനന്തിരവരെ തീർച്ചയായും പുറംതള്ളുമെന്നു ശങ്കിക്കപ്പെടാവുന്നവരുമായ ഭരണമേധാവികൾ, ഇന്നു സർവ്വവിധാനുകൂല്യങ്ങളും പൊന്തിച്ചു പിടിച്ചുകൊണ്ടു നമ്മെ സമീപിക്കുന്നതിന്റെ രഹസ്യം എന്തായിരിക്കാം? ഇന്നത്തെ ഗവമ്മെൻറിന്റെ ഒരൊററ പ്രവൃത്തിപോലും അനുകൂലിക്കാതെ, സ്ഥാനത്തും അസ്ഥാനത്തും ഇടതടവില്ലാതെ ശകാരവർഷം പൊഴിച്ചുകൊണ്ടിരിക്കുന്ന ഹിന്ദുമണ്ഡലനേതാക്കന്മാരും അവരുടെ പിന്നിൽ നില്ക്കുന്ന ചില പത്രങ്ങളും വിദ്യാഭ്യാസസ്വാതന്ത്ര്യത്തെ ഹനിക്കുന്ന പുതിയ പദ്ധതി ഹർഷാരവത്തോടുകൂടി പിൻതാങ്ങിയതും ഗവമ്മെൻറ് ഇതഃപര്യന്തം ചെയ്തിട്ടുള്ള ഒരേക നല്ലകാര്യമായി അതിനെ വാനോളം പുകഴ്ത്തിയതും എന്തുകൊണ്ടായിരിക്കാം?

വാദിച്ചു ജയിക്കുന്നതിനുവേണ്ടിമാത്രം വാദിക്കാതെ, പക്ഷംപിടിച്ചുള്ള മുൻവിധികൂടാതെ, സത്യാവസ്ഥകൾ തുറന്നു സമ്മതിക്കുന്നതിനുള്ള സന്മനസ്സോടുകൂടി മേൽപ്പറഞ്ഞ ചോദ്യങ്ങൾക്കു സമാധാനം തേടുന്നപക്ഷം, ഇന്നത്തെ ധർമ്മസമരത്തിൽ നമ്മുടെ അദ്ധ്യാപകന്മാരുടെ നില തീർച്ചയായും മാനേജർമാരോടു യോജിച്ചായിരിക്കണമെന്നു മനസ്സിലാക്കുന്നതിനു അവർക്കു പ്രയാസമുണ്ടാകയില്ല. പോരാ, അത്തരം പ്രത്യേകപരിഗണനകളൊന്നും കൂടാതെതന്നെ, നാടിന്റെയും നാട്ടാരുടെയും പൊതുനന്മമാത്രം ആലോചിക്കുന്നപക്ഷവും, വിദ്യാഭ്യാസസ്വാതന്ത്ര്യത്തിനും തദ്വാരാ ഭാവി തലമുറകളുടെ സാമ്രാജ്യകഭദ്രതയ്ക്കുംവേണ്ടിയുള്ള ഈ സമരം, അദ്ധ്യാപകന്മാരും മാനേജർമാരും വിദ്യാർത്ഥികളുടെ രക്ഷാകർത്താക്കന്മാരും നിയമസഭാ സാമാജികന്മാരും സമുദായനേതാക്കന്മാരും ബഹുജനങ്ങളും ഒത്തൊരുമിച്ചുനിന്നു ന്യായമായ സകലമാർഗ്ഗങ്ങളിൽക്കൂടിയും സർവ്വവിധകഴിവുകൾ ഉപയോഗിച്ചും വിജയംവരെ തുടരേണ്ടതാണെന്നുള്ളതിനു സംശയമില്ല.

(തുടരും)


**FIXED DEPOSITS**

2 years 4½%
1 — 4%
6 months 3%

**The Bank of Cochin Ltd.**
ERNAKULAM
*Branches:*
CHALAKUDY, TRICHUR,
MATTANCHERY,
WILLINGDON ISLAND


## വിനോദവീഥി



"പൊന്നു സാറേ, അരയണയിട്ടിട്ട് നാലണ എടുത്തുകൊണ്ടു പോകല്ലേ!!"

* * *

"നിങ്ങളുടെ പട്ടിയുടെ കുര കടിയെക്കാൾ ഭയങ്കരമാണെന്നാണോ നിങ്ങൾ പറയുന്നതു്?"

"അങ്ങനെ തന്നെ."

"എന്നാൽ അതു കുരയ്ക്കാതെയെങ്കിലും നോക്കിക്കൊള്ളണം. അതെന്നെ കടിച്ചു കഴിഞ്ഞു."

* * *

## For Favours Received



Joseph P. D., N. C. L., Poona.

ഗൃഹനായിക: "മേരീ, നിന്നെ വേലയ്ക്കു നിർത്തിയാൽ വിരുന്നുകാർക്കു വച്ചു വിളമ്പിക്കൊടുക്കാൻ നിനക്കു സാധിക്കുമോ?"

മേരി: "അതു രണ്ടുവിധത്തിലുമെനിക്കറിയാം അമ്മേ."

ഗൃഹനായിക: "നീ എന്താണു രണ്ടുവിധമെന്നു പറയുന്നേ?"

മേരി: "അതോ, പറയാം. പിന്നീടൊരിക്കലും വിരുന്നുകാർ കാലുകുത്താത്തവണ്ണം അവർക്കു വച്ചൊരുക്കിക്കൊടുക്കാനറിയാം. അതുപോലെ, അവർ വീണ്ടും വരത്തക്കവണ്ണവും വച്ചൊരുക്കിക്കൊടുക്കാനറിയാം."

* * *



"ലൂസീ നീയെങ്ങനെയാണ്? പീക്കുന്നായ നിന്റെ കെട്ടിയവന്റടുക്കേന്നു ഈ പണമൊക്കെ വാങ്ങിക്കുന്നതു?"

"അതാണോ വിഷമം? ഞങ്ങളെന്നും വഴക്കിടും. ഞാനെന്റെ വീട്ടിൽപോകയാണെന്നു പറഞ്ഞിറങ്ങും. അങ്ങേരു വണ്ടിക്കൂലിക്കു പണം തരും. ഞാനൊട്ടു പോകയുമില്ല."


### പരേതനായ



മത്തായി തൊമ്മൻ അവർകൾ
പീച്ചാട്ട് (കാക്കനാട്ട്)
ജനനം 1865 മേയ് 1
മരണം 1950 നവംബർ 7

ഇദ്ദേഹത്തിന്റെ ആത്മശാന്തിക്കായ് വിശ്വാസികൾ പ്രാർത്ഥിക്കുവാൻ ആഗ്രഹിക്കുന്നു.

By His Beloved Sons,
*Nellimattom*



# അനുഭവസാക്ഷ്യം No. 69.

കാളത്തു് പാവുണ്ണി ഔസേപ്പ് വൈദ്യൻ അവർകൾക്കു, നെല്ലായി P. O.

പ്രിയ വൈദ്യരെ,

എനിക്കു ഗ്യാസ്ട്രബ്ൾ തുടങ്ങിയിട്ടു 7, 8 കൊല്ലത്തോളമായി. ഇതിനുവേണ്ടി ചെയ്ത ചികിത്സകൾ വേണ്ടത്ര ഫലിച്ചില്ലെന്നു മാത്രമല്ല ആറുമാസം മുമ്പായി നീരിറക്കം, തൊണ്ടകാറിച്ച, മൂത്രാധിക്യം, മൂത്രത്തിൽ പഞ്ചസാര തുടങ്ങിയ ലക്ഷണങ്ങളോടെ പ്രമേഹം എന്ന രോഗം പിടിപെട്ടു. ആയതിനു അരിഭക്ഷണം കഴിക്കരുതെന്നുള്ള ഡോക്ടർമാരുടെ ഉപദേശപ്രകാരം, അരിഭക്ഷണം ഒഴിവാക്കുകയും ഇഞ്ചക്ഷൻ മുതലായവകൾ ധാരാളം ചെയ്യുകയുമാണു് ഉണ്ടായതു്. ഇപ്രകാരം അരിഭക്ഷണം മുടക്കിയുള്ള ചികിത്സയുടെ ഫലമായി രോഗം സുഖപ്പെട്ടില്ലെന്നു മാത്രമല്ല ദേഹത്തിന്നു ക്ഷീണവും ബാധിച്ചു.

ഞാൻ ഇപ്രകാരം കഴിയുമ്പോഴാണു് പത്രം മുഖേന നിങ്ങളുടെ മൂന്നു് ഔഷധങ്ങളെപ്പററി അറിയുവാൻ ഇടയായതു്. തൽഫലമായി ഞാൻ നിങ്ങളെ സമീപിക്കുകയും നിങ്ങൾ എന്നോടു് "നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം" എന്നീ ഔഷധങ്ങൾ ഉപയോഗിക്കുന്നതിനും അരിഭക്ഷണം കഴിച്ചുതുടങ്ങുവാനും നിർദ്ദേശിച്ചപ്രകാരം രണ്ടു മാസം പ്രവർത്തിച്ചതിനാൽ ഞാൻ മേൽവിവരിച്ചിട്ടുള്ള രോഗത്തിൽനിന്നു വിമുക്തനായിരിക്കുന്നു.

മാത്രമല്ല ക്ഷീണം വളരെ ശമിക്കുകയും ദേഹത്തിന്റെ തൂക്കം നല്ലതുപോലെ വർദ്ധിക്കുകയും ചെയ്തിട്ടുണ്ടു്. ഇപ്പോഴും അരിഭക്ഷണംതന്നെ കഴിക്കുകയും ചെയ്യുന്നു.

നിങ്ങളുടെ നിർദ്ദേശാനുസരണം പ്രവർത്തിച്ചതുകൊണ്ടു് എന്റെ നഷ്ടപ്പെട്ട ആരോഗ്യം ലഭിക്കുവാൻ സാധിച്ചതിൽ താങ്കളോടു് എനിക്കുള്ള കൃതജ്ഞത ഇവിടെ സന്തോഷപൂർവ്വം രേഖപ്പെടുത്തികൊള്ളുന്നു.

വൈക്കം — എ. വി ജോസഫ് (ഒപ്പ്)
9—11—1950 — ക്ലാർക്ക്, മുൻസിഫ് കോർട്ട്, വൈക്കം P. O.

N. B. അനവധി, പ്രമേഹരോഗികൾ ഇപ്പോൾ നിംബാസവം തുടങ്ങിയ മൂന്നു് ഔഷധങ്ങൾ ഉപയോഗിച്ചു് ദിനംപ്രതി സുഖം പ്രാപിക്കുന്നുണ്ടു്. പ്രമേഹരോഗികളിൽനിന്നു് ഇതിന്നുമുമ്പു് ഞങ്ങൾക്കു് ലഭിച്ചിട്ടുള്ള അനുഭവസാക്ഷ്യങ്ങൾ തൃശ്ശൂർനിന്നു പുറപ്പെടുന്ന ഒരു പത്രത്തിൽ 10, 44, 50 എന്നീ നമ്പ്രുകളായി പ്രസിദ്ധപ്പെടുത്തിയിരുന്നതിനെ അതേവിധം മാന്യവായനക്കാരുടെ ശ്രദ്ധക്കായി താഴെ ചേർക്കുന്നു.

No. 10

68 വയസ്സുപ്രായമുള്ള എന്റെ അമ്മക്കു് മൂത്രം അധികമായും ഊറലോടെയും പോക, എഴുന്നേല്ക്കുമ്പോൾ വിറയ്ക്കുക, ശോധനക്കുറവു്, രുചിക്ഷയം, കൈകാൽ കഴപ്പു്, ദാഹം, ക്ഷീണാധിക്യം തുടങ്ങിയവക്കു് നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം ഉപയോഗിച്ചുതുടങ്ങിയതിനാൽ ഇപ്പോൾ 80 ശതമാനം സുഖം സിദ്ധിച്ചിരിക്കുന്നു.

19—1—'5[illegible] — പഴിഞ്ഞാറ മനക്കൽ നാരായണൻ വാസുദേവൻ നമ്പൂതിരി (ഒപ്പ്) നന്തിക്കര, പുതുക്കാട് P. O.

No. 44

കാളത്തു് പാവുണ്ണി ഔസേപ്പു് വൈദ്യൻ അവർകൾക്കു്, നെല്ലായി P. O.

55 വയസ്സു് പ്രായമുള്ള എനിക്കു് ഊറലോടുകൂടി മൂത്രം ധാരാളമായി പോയിത്തുടങ്ങിയിട്ടു് ഉദ്ദേശം 15 കൊല്ലമായി. ആയതിന്നു ഇതുവരെ ചെയ്ത ചികിത്സകൾകൊണ്ടു് ശമനം സിദ്ധിച്ചില്ലെന്നു മാത്രമല്ലാ ദേഹം വിളർത്തു് മെലിഞ്ഞു് ചുമ, ശ്വാസംമുട്ടു് തുടങ്ങിയവകൂടി ആരംഭിക്കുകയാണു് ഉണ്ടായതു്. ഇപ്രകാരം എണീററുനടക്കുവാൻപോലും വിഷമിച്ചു നിരാശപ്പെട്ടിരിക്കുമ്പോഴാണു് നന്തിക്കര നടുവത്തുമനക്കൽ ഇപ്രകാരമുള്ള ഒരു രോഗിക്കു നിങ്ങളുടെ ചികിത്സകൊണ്ടു് സുഖം സിദ്ധിച്ചതായി നേരിൽ അറിയുവാനും ടി രോഗിയുടെ 10-ാംനമ്പ്ര് അനുഭവസാക്ഷ്യം പത്രത്തിൽ കാണുവാനും ഇടയായതു്.

ഈ അവസരത്തിലാണു് 27—10—49-ൽ നിങ്ങൾ മനസ്സുൽവന്നു എന്നെ കണ്ടു പരിശോധിച്ചതു്. അന്നു ഉപദേശിച്ചപ്രകാരം നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം, രണ്ടുമാസം ഉപയോഗിച്ചതിനാൽ എന്റെ മേൽപറഞ്ഞ ഉപദ്രവങ്ങൾ ശമിക്കുകയും ദേഹത്തിന്നു പുഷ്ടിയും ഓജസ്സും സിദ്ധിക്കുകയും ചെയ്തിട്ടുള്ള വിവരം സന്തോഷസമേതം അറിയിച്ചുകൊള്ളുന്നു.

കന്നിയിൽ താമരപ്പുള്ളിമനക്കൽ ദാമോദരൻ നമ്പൂതിരി (ഒപ്പ്)
11—2—50 — മണ്ണലൂർ A. O.

No. 50

കാളത്തു് പാവുണ്ണി ഔസേപ്പു് വൈദ്യൻ അവർകൾക്കു്, നെല്ലായി P. O.

63 വയസ്സുപ്രായമുള്ള എന്റെ അമ്മക്കു് 8 കൊല്ലം മുൻപു് തുടങ്ങിയ കയ്കാൽ ചുട്ടുനീററം, ഒക്കഭാഗത്തു് ചൊറി, മേൽവയററിന്നു ഘനം, ദാഹം, തൊണ്ടവരൾച്ച, ശോധനക്കുറവു്, ഇടയ്ക്കു ചെകിട്ടിൽ വേദന, നെഞ്ചിടിപ്പു്, മലം വരളിച്ച, രുചിക്ഷയം, ദീപനക്കുറവു്, നേരിയപനി, മുതലായവകൾ ക്രമത്തിൽ വർദ്ധിച്ചു് 2 കൊല്ലംമുമ്പു് മുതൽ മൂത്രത്തിൽ ധാരാളം ഊറൽ കാണുക, മൂത്രത്തിന്നു അതിയായ ദുർഗ്ഗന്ധം, രാത്രിയിൽ ഉദ്ദേശം 10 പ്രാവശ്യം മൂത്രംപോവുക തുടങ്ങിയവകളും ആരംഭിച്ചതിന്നു് ആയുർവ്വേദചികിത്സയും ഇംഗ്ലീഷുചികിത്സപ്രകാരമുള്ള ധാരാളം ഇഞ്ചക്ഷനുകളും, ഗോതമ്പും പാലും മാത്രമായ ഭക്ഷണക്രമവും മററും കാരണം ദേഹം വളരെ ക്ഷീണിച്ചു് മൂത്രാധിക്യം തുടങ്ങിയവക്കു ശമനം സിദ്ധിക്കാതെ കഷ്ടപ്പെട്ടുകൊണ്ടിരിക്കയായിരുന്നു.

ഈ അവസരത്തിലാണു് 4 മാസം മുമ്പായി ഞാൻ നിങ്ങളെ ഇല്ലത്തേക്കു കൊണ്ടുവന്നു് രോഗിയെ കാണിച്ചതു്. അന്നു നിശ്ചയിച്ചപ്രകാരം നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം എന്ന ഔഷധങ്ങൾ ഉപയോഗിക്കയും അനുവദിച്ചപ്രകാരം സാധാരണപോലെ അരിയുടെ ഭക്ഷണവും മററും ഉപയോഗിക്കയും ചെയ്തുകൊണ്ടു് മേൽപറഞ്ഞതായ മൂത്രാധിക്യം തുടങ്ങിയ ഓരോ ലക്ഷണങ്ങളും ശമിച്ചു് ഇപ്പോൾ ദേഹത്തിന്നു സ്വാഭാവികമായ പുഷ്ടിയും ഓജസ്സും സിദ്ധിച്ചിരിക്കുന്നതിനാൽ അന്യാശ്രയമില്ലാതെ നിത്യകർമ്മങ്ങൾ ചെയ്തുകൊണ്ടിരിപ്പാൻ സാധിച്ചതിലുള്ള സന്തോഷത്തെ കൃതജ്ഞതാപൂർവ്വം രേഖപ്പെടുത്തികൊള്ളുന്നു.

കന്നിയിൽ താമരപ്പുള്ളിമനക്കൽ ദാമോദരൻ സോമയാജി മകൻ
10—3—50 — രാമൻനമ്പൂതിരി (ഒപ്പ്), മണലൂർ A. O.

കാളൻ ആയുർവ്വേദിക്ക്ഫാർമ്മസി (റെയിൽവേസ്റ്റേഷനു സമീപം), നെല്ലായി P. O.

## കൂട്ടപ്പിറപ്പുകൾ

(5-ാം പേജ് തുടർച്ച)

ക്കും ഗുണംചെയ്യാത്തമല. തിരിഞ്ഞുകുത്തും. അതു കാലവിശേഷമാ."

ദൂരവ്യാപകമായ ദുഷ്ഫലങ്ങൾ പുറപ്പെടുവിച്ചേക്കുമെന്നു് മാമ്മിച്ചേടത്തിക്കു സംശയംതോന്നിയതിനാൽ "ആർക്കും ഗുണംചെയ്യാത്തമല" എന്നുള്ള റോസക്കുട്ടിയുടെ നിശ്ചയത്തിനു് അവർ ഒരു ഭേദഗതി അവതരിപ്പിച്ചു.

"കാലത്തിന്റെ കുററമല്ല പെണ്ണേ. നന്ദിയില്ലാത്തവർക്കു ഉപകാരംചെയ്താലിങ്ങനെയാ. കരളെടുത്തുകൊടുത്താലും ഒട്ടുക്കം ഏക്കപ്പോഴാ മിച്ചം. മനുഷ്യപ്പററും ചെമ്മാന്തവും ഒള്ളവർക്കു ചെയ്താൽ അവരതിന്റെ കൂറുകാട്ടും. മരിക്കുവോളം മറക്കത്തുമില്ല."

"എങ്കിലും, എന്റെ ചേട്ടത്തീ, ഞാൻ ദോഷക്കാരിത്തിയാണെങ്കിലും നിങ്ങൾക്കു കണ്ണൊള്ളോർക്കു കാണരുതേ—ഈ ദോഷക്കാരിത്തീടെ കഞ്ഞിവെള്ളം മോന്തിയേച്ചിന്നെയാണല്ലോ മനുഷ്യേരപ്പോലെ ആയതു്. ഇപ്പഴമ്മയ്ക്കും മക്കൾക്കും കൊമ്പൊക്കെ ശെശവെച്ചു. ഇവടെ വന്നപ്പഴത്തെ ഭാഷയായിരുന്നു. നിങ്ങളൊക്കെ കണ്ടതല്ലേ. കഞ്ഞിവെപ്പും കുടിയുമൊള്ള വീട്ടിൽകെടന്ന മട്ടുണ്ടായിരുന്നോ! ഇപ്പഴെങ്ങനെയിരിക്കുന്നു?"

"അതു പിന്നെ, ആർക്കും കാണത്തക്കതല്ലേ? പറച്ചിലുകാർക്കു് എന്നാ പറയാമ്മേലാത്തതു്!"

"എങ്കിലും ചേട്ടത്തിക്കു് ഇതൊന്നു ചോദിക്കരുതായിരുന്നോ, അത്രയൊക്കെപ്പറഞ്ഞസ്ഥിതിക്കു്. ഇത്രവലിയ പോരും ഞെരുക്കവുമായിട്ടു വന്നപ്പഴത്തെക്കാൾ പച്ചപിടിച്ചതെങ്ങനെയാണെന്നു്."

"എന്തു ചോദിക്കാൻ? നാണവും വകതിരിവുമില്ലാത്തോരോടു എന്തു ചോദിച്ചാലെന്നാ ഫലം! ഞാൻ ഗുണോം ദോഷോം മിണ്ടീല്ല. ഞാനെന്തെങ്കിലും കേട്ടതിന്റെ ശേഷം ചോദിച്ചാൽ റോസക്കുട്ടിയുടെ വശംപിടിച്ചു പറയുവാണെന്നേ അവൾക്കു തോന്നത്തൊള്ളൂ. മൂക്കില്ലാത്തിടത്തു കസ്തൂരിമണപ്പിച്ചിട്ടെന്തു കാര്യം!" മാമ്മിച്ചേടത്തി അവരുടെ അചഞ്ചലമായ നിഷ്പക്ഷതാനയം ഒരിക്കൽക്കൂടെ വിശദീകരിക്കയായിരുന്നു.

കുഞ്ഞേലായെ ചുററിപ്പിണഞ്ഞ ആ സംഭാഷണം പിന്നെയും നീണ്ടുനിന്നു. അതിനിടയിൽ മാമ്മിച്ചേടത്തി കറിക്കോപ്പുകളുടെ വരുതിയെക്കുറിച്ചും സൂചിപ്പിച്ചു. അങ്ങനെ ചെമ്പുകലം കൊണ്ടുപോകാൻചെന്ന മാമ്മിച്ചേടത്തി ഒന്നുരണ്ടു പിടച്ച വാഴയ്ക്കായും ഉരിയോളം പച്ചമുളകും കുറെ ചക്കക്കുരുവും ആ പാത്രത്തിലാക്കിക്കൊണ്ടു് സംതൃപ്തിയോടെ പോവുകയും ചെയ്തു.

II

കുഞ്ഞേലായ്ക്കു് അവിടെ താമസിക്കണമെന്നു് തരിമ്പും കൊതിയില്ല. ഒരു നിമിഷംമുമ്പ, അവൾ പിറന്നുവളന്ന ആ വീട്ടിൽനിന്നു് ഇറങ്ങിപ്പോകുവാനാണു് അവൾക്കു താല്പര്യം. പക്ഷേ, "ഗറില്ലാ സമരം" പേടിച്ചങ്ങോട്ടുചെന്നാൽ "ഓപ്പൺ ഫൈററ" തുടങ്ങുകില്ല, ആ മനുഷ്യൻ, അവളുടെ ഭർത്താവു !! ഉണ്ടായിരുന്നതു മുഴുവൻ വിററു തുലച്ചിട്ടും, ജോലിക്കൊന്നും പോകാതെ അടിപൊളിഞ്ഞ അഭിമാനവും പൊത്തിപ്പിടിച്ചു് ഭാര്യവീട്ടിലേക്കുനോക്കി കൊതി ഊറിക്കൊണ്ടിരിക്കയാണയാൾ. അയാളുടെ പിടിപ്പില്ലായ്മകൊണ്ടു വന്നുകൂടിയ ഗതികേടു മുഴുവൻ ഭാര്യവീട്ടിൽനിന്നു നികത്തിക്കൊടുക്കണം. അയാൾ അവിടെ ചെല്ലുകയോ എന്തെങ്കിലും ആവശ്യപ്പെടുകയോ ചെയ്കയില്ല. അതയാൾക്കു മാനക്കേടാണു്. വേണ്ടതൊക്കെ മുറയ്ക്കു മുറയ്ക്കു് ഭാര്യ ചുമന്നുകൊണ്ടുവന്നുകൊള്ളണം. അങ്ങനെ മെയ്യനങ്ങാതെ എന്നുമെന്നും ഭാര്യവീടുകൊണ്ടുതന്നെ ആ മടിയൻ പുലരണം. ഇതാണു് ആ പൗരുഷം കെട്ട ഭർത്താവിന്റെ ധനതത്വശാസ്ത്രം.

"നിന്റെ വീട്ടിൽ കോളിനുണ്ടല്ലോ. കുറെയിട്ടേങ്ങാട്ടു കൊണ്ടുവന്നാലെന്താ?" ഇതാണയാളുടെ പല്ലവി. "നിന്റെ വീടു്"! ആ വാക്കുകേൾക്കുമ്പോൾ കുഞ്ഞേലാ തരിച്ചുനിന്നുപോകും. ഇന്നവളുടെ വീടേതാണു്, അയാളുടെ വീടല്ലാതെ! പക്ഷേ, ആ മനുഷ്യൻ സമ്മതിക്കയില്ല.

കുട്ടികൾക്കു പള്ളിയിൽപോകാൻ തുണിയില്ലെന്നു പറയുമ്പോൾ ആ പിതാവിന്റെ മറുപടി ഇതായിരിക്കും: "നിന്റെ ആങ്ങളേടെയാടു ചെന്നുപറ. അവനു വലിയ കച്ചവടമൊക്കെയൊള്ളതല്ലേ." അതിനു കുഞ്ഞേലാ എന്തെങ്കിലും മറുപടി പറഞ്ഞുപോയാൽ അന്നവിടെ ഒരു സംഹാരതാണ്ഡവംതന്നെയായിരിക്കും.

പച്ചരിക്കഞ്ഞി കുടിച്ചുകുടിച്ചു് വയറുകടി പിടിച്ചതിനും കുഞ്ഞേലായുടെ ആങ്ങളയ്ക്കായിരുന്നു കുററം. അയാൾ നേരത്തേ കുറെ നെല്ലു കൊടുത്തയച്ചിരുന്നെങ്കിൽ?—

ഭർത്താവിന്റെ തലയറഞ്ഞുള്ള ശാപവും ശകാരവും കേട്ടുകേട്ടു പൊറുതിമുട്ടിയപ്പോഴാണു് ഇത്തവണയും കുഞ്ഞേലാ സഹികെട്ടു്, കുഞ്ഞുങ്ങളെയും വിളിച്ചുകൊണ്ടു് ഇറങ്ങിപ്പോന്നതു്.

മകരത്തിലെ കൊയ്ത്തുവരെ അവിടെ കഴിച്ചുകൂട്ടണമെന്നാണു് കുഞ്ഞേലായുടെ നിശ്ചയം. മററൊന്നിനുമല്ല, കൊതിതീരെ ഒന്നു കൊയ്യാൻ. ആങ്ങളയുടെ പാടത്തു കൊയ്യുന്നതിൽ ആർക്കും ആക്ഷേപമുണ്ടാകാനുമിടയില്ലല്ലോ. സ്വന്തം നിലംപോലെ, ഇഷ്ടാനുസരണം രണ്ടാമൂന്നോ കണ്ടം തിരിച്ചിട്ടുകൊയ്യുകയും ചെയ്യാം. എല്ലാവർക്കും കൊടുക്കുമ്പോലെയുള്ള "പതവും വാരിയിടീല്ലം" മതി. എത്ര ചുരുങ്ങിയാലും ഒരു മാസത്തെ ചെലവിനുള്ള വക കൊയ്തുമെതിച്ചുണ്ടാക്കാം. ആങ്ങളയ്ക്കു ചേതമൊട്ടില്ലതാനും.

പക്ഷേ കൊയ്ത്തു പിടിക്കാൻ ഇനിയും രണ്ടാഴ്ചകൂടിയെങ്കിലും കഴിയണം! അതുവരെ തള്ളിനീക്കുന്ന കാര്യമാണു് പ്രയാസം. തൊട്ടതിനൊക്കെ കുത്തുവാക്കും കോറുവാക്കുമേ കേൾക്കാനുള്ളൂ. ചിലപ്പോഴൊക്കെ ഉന്ന വഴക്കുംവക്കാണവും. കുഞ്ഞേലായും മക്കളും വന്നു പിടിക്കുന്നിടത്തെല്ലാം റോസക്കുട്ടിക്കു കണ്ണും ചെവിയും നന്നാലാണു്. കുഞ്ഞേലാ അടുക്കളയിലെങ്ങാനും അവിചാരിതമായൊന്നു കയറിപ്പോയാൽ റോസക്കുട്ടിയുടെ മക്കൾ രണ്ടുപേരും ഇടത്തുംവലത്തുമുണ്ടായിരിക്കും. പറമ്പിലേക്കു പോയാൽ അവിടെയുമുണ്ടു് കാവൽ. കുട്ടികൾതമ്മിൽ കശപിശയൊഴിഞ്ഞിട്ടു നേരമില്ല. അവിടെ തൊട്ടെന്നും അതെടുത്തെന്നും അവിടെ ചാരിനിന്നെന്നും പുസ്തകസഞ്ചി തുറന്നെന്നും പാവാടയെടുത്തു നോക്കിയെന്നും പൗഡർഡപ്പി എടുത്തു മണത്തെന്നും മററുമുള്ള പരാതികളേ കേൾക്കാനുള്ളൂ. കുഞ്ഞേലായ്ക്കു് "ഊരുറച്ചു" ഒന്നു പുറത്തിറങ്ങാൻപോലും പാടില്ല. മടങ്ങിവരുമ്പോൾ, മക്കളുടെ പേരിൽ ചാർജ്ജുചെയ്യപ്പെട്ടിട്ടുള്ള എത്ര കേസുകൾക്കായിരിക്കും ആ തള്ള പ്രതിക്കൂട്ടിൽ കയറേണ്ടിവരിക! പെണ്ണമ്മയും ജോയിച്ചനും പോരുകോഴികളെപ്പോലെയാണു് കുഞ്ഞേലായുടെ മക്കളുടെ പിറകേ കൂടുന്നതു്. അവർ എന്തുചെയ്താലും കുററമേ ആകയുള്ളൂ. ചെയ്യാതിരുന്നാലും കുററം. ഇങ്ങനെയുണ്ടോ ഒരു കുത്തുമ്പും കുന്നായ്മയും!

പാവം കുഞ്ഞേലാ വിഴുങ്ങും. ചിലതു കേട്ടില്ലെന്നുവയ്ക്കും. ചിലപ്പോൾ തനിയേയിരുന്നു കണ്ണീർവാർക്കും. ഉള്ളിൽ തിങ്ങിഉയരുന്ന അമർഷവും കദനവുംകൊണ്ടു വശകെടുമ്പോൾ ചിലസമയം സ്വന്തം കുട്ടികളെത്തന്നെ പിടിച്ചു് മുച്ചൂടും തല്ലിച്ചതയ്ക്കും. അല്ലെങ്കിൽ തന്നെത്താൻ നെഞ്ചത്തലച്ചു വിലപിക്കും പക്ഷേ, ഇതൊക്കെ ആരു കാണാനാണു്!

എങ്കിലും ഒരാശ്വാസംമാത്രം കുഞ്ഞേലായ്ക്കുണ്ടു്. അവളുടെ സഹോദരനുമാത്രം വലിയ മാററമില്ല. അത്രവലിയ കൂറുണ്ടെന്നു പറഞ്ഞുകൂടെങ്കിലും വെറുപ്പില്ല. വീട്ടിൽ നടക്കുന്ന "ശീതയുദ്ധം" അയാൾ അറിയുന്നില്ലെന്നുതോന്നുന്നു! രാത്രി പത്തുമണിയോടുകൂടി വീട്ടിൽ വന്നുകേറി രാവിലെ ഒൻപതുമണിവരെ കിടന്നുറങ്ങിയിട്ടു് എഴുന്നേററുപോകുന്ന ആ മനുഷ്യൻ ആ വീട്ടിലെ അന്തർനാടകങ്ങൾ എന്തറിയാനാണു്!!

III

റോസക്കുട്ടിയുടെ മക്കൾ പാപ്പവിനെ തൊണ്ടിയോടുകൂടിത്തന്നെ പിടികൂടി. കള്ളപ്പുള്ളിയെ കൊണ്ടുവരുമ്പോലെ ഇടവും വലവുംനിന്നു അവനെ അവർ അമ്മയുടെ മുമ്പിൽ ഹാജരാക്കി. അവന്റെ പേരിലുള്ള കുററം ഗൗരവതരമാണു്. അമ്മയുടെ കോടതിയിൽ ഒതുങ്ങുന്നതല്ലതു്.

കുരുമുളകു് കട്ടുപറിച്ചു!!

മുളകുകൊടിച്ചുവട്ടിൽ അവൻ പതുങ്ങിക്കൂടിയിരിക്കുന്നതുകണ്ടു് പെണ്ണമ്മയും ജോയിച്ചനും "പാത്തുനിന്നു." "തക്കം പുക്കും" നോക്കിക്കൊണ്ടു് അവൻ രണ്ടുകൈ നിറയെ മുളകുതിരി വലിച്ചുപറിച്ചു ഉതിർത്തുകൊണ്ടിരുന്നപ്പോൾ മിന്നൽപോലെ അവർ ആ കൊച്ചുകള്ളന്റെ മുമ്പിൽ ചാടിവീണു. അവരെ കണ്ടപ്പോൾ ഒരു കൂസലുകൂടാതെ അവൻ പറകയാണു്, കൊടിച്ചുവട്ടിൽ വീണു കിടന്ന തിരിയാണെന്നു്. അവർ അതിന്റെ ഞെട്ടു നോക്കി. അപ്പോൾ പറിച്ചെടുത്ത പച്ചഞെട്ടുകൾ! കൈകൊണ്ടടർത്തിയ പാടുപോലുമുണ്ടതിൽ!!

വളരെയേറെപ്പറയാൻ റോസക്കുട്ടിയുടെ ഉള്ളിൽ മുററിനിന്നിരുന്നു. എങ്കിലും സന്ദർഭത്തിന്റെ ഗൗരവത്തിനൊത്തു് അവൾ വിവേകപൂർവ്വം മൗനംഭജിച്ചു. കുഞ്ഞേലായ്ക്കു ഒന്നും പറയാൻ നാവനങ്ങിയില്ല. പാപ്പു കരുണയുടെ കണികയ്ക്കുവേണ്ടി ഓരോരുത്തരേയും മാറിമാറി നോക്കിക്കൊണ്ടിരുന്നു. പെണ്ണമ്മയും ജോയിച്ചനും കേസിനു് വേഗമൊരു വിധികല്പിക്കുവാൻ അമ്മയെ അലട്ടി. എന്തൊരു വിജയഭാവമാണു് ആ മുഖങ്ങളിൽ!

"ഈ ചെക്കൻ എന്തു ഭാവിച്ചാണോ തൊടങ്ങുന്നതു! ഇതൊക്കെ തള്ളേടെയും തന്തേടെയും കുററമാണു്. ഒരു കാലത്തു് അവർക്കുതന്നെ അറിയാറാകും. ഏതായാലും ഞാനൊന്നും പറയുന്നില്ല. അച്ചാച്ചൻ വരുമ്പോൾ നിങ്ങളച്ചാച്ചനോടു തന്നെ പറഞ്ഞോ. ഇനിക്കിതിലൊന്നും കാര്യമില്ല."

"അച്ചാച്ചൻ വരുമ്പം ഞങ്ങളൊറങ്ങിപ്പോകും."

"അവിശ്യമെങ്കിൽ ഉറക്കമെളച്ചിരിക്കണം. കണ്ടവരു് കേറിമുടിച്ചുതേച്ചു കഴുകാതെ സൂക്ഷിച്ചാൽ നിങ്ങൾക്കുതന്നെകൊള്ളാം." വിലയേറിയൊരമ്മോപദേശം!

നിമിഷങ്ങൾ നീങ്ങുന്നില്ല. പിന്നെയും ഭയാനകവും ഉൽകണ്ഠാകുലവുമായ ആ തടിച്ച മൂകത.

* * * *

കുഞ്ഞേലായ്ക്കു് അന്നു് ഉറക്കം വന്നില്ല. പാപ്പവും അന്നുതീരെ ഉറങ്ങിയിരിക്കയില്ല. കുര്യച്ചന്റെ മുഖത്തെങ്ങനെ നോക്കും. അവൾ പറഞ്ഞിട്ടാണോ മകനങ്ങനെ ചെയ്തതു! പക്ഷേ അല്ലെന്നാരു വിശ്വസിക്കും? അമ്മയുംകൂടെ മനസ്സറിഞ്ഞുകൊണ്ടു ചെയ്യിച്ചതാണെന്നല്ലേ റോസക്കുട്ടി പറഞ്ഞുവച്ചതു? അതു കേട്ടിട്ടും കുഞ്ഞേലായ്ക്കു അതു നിഷേധിക്കുവാൻ നാവാടിയതുമില്ല.

ഉള്ളതു പറഞ്ഞാൽ, കുഞ്ഞേലായുടെ പേരിലും തെററുണ്ടു്. മുളകുകൊടിച്ചുവട്ടിൽ പൊഴിഞ്ഞുവീഴുന്ന മുളകു പെറുക്കി സ്വരുക്കൂട്ടിയാൽ ഉടുപ്പു മേടിച്ചുകൊടുക്കാമെന്നു് പാപ്പവിനോടൊരിക്കൽ കുഞ്ഞേലാ ഒന്നു പറഞ്ഞുപോയി. പക്ഷേ ആ "കുരുത്തമുള്ള കുഞ്ഞു്" ഇങ്ങനെ ചെയ്യുമെന്നാരുവിചാരിച്ചു! കുരുമുളകിനു് തീപിടിച്ച വിലയുള്ള ഇക്കാലത്തു് കൊടിയിൽനിന്നു് മുളകു കട്ടുപറിച്ചെന്നു കേട്ടാൽ ആരെങ്കിലും സഹിക്കുമോ? ... ... ... ... എങ്കിലും, അവളുടെ കുര്യച്ചനതല്ല, അവൻ അതു സാരമാക്കുകയില്ല. അതു ക്ഷമിക്കുവാൻമാത്രം സഹിഷ്ണുതയും ഹൃദയവിശാലതയും അവനുണ്ടു്. അറിവില്ലാത്ത അനന്തിരവന്റെ ആ തെററു് അമ്മാവൻ പൊറുക്കാതിരിക്കുമോ! കുര്യച്ചൻ അതു ചിക്കിപ്പൊളിച്ചു വലുതാക്കയില്ല. ഇട്ടുമൂടിക്കളയും. പെങ്ങളെയും മക്കളെയും തൊലിയുരിച്ചു വേദനിപ്പിക്കാൻ അവൻ ഒരുങ്ങുകയില്ല. ആ വേദന അവനിലും പ്രതിഫലിക്കയില്ലേ? പെങ്ങൾക്കുവേണ്ടി ഇതിൽ കൂടുതൽ വിട്ടുവീഴ്ചചെയ്യാനും കുര്യച്ചൻ മടിക്കയില്ല! ഭാര്യയും മക്കളും എത്രത്തോളം "എരിവു കേററീ"യാലും, സ്വന്തം ചോരയല്ലേ അതു? ചോര ചോരയെ നോവിക്കുമോ!

ഇല്ല. കുര്യച്ചൻ അലിവുള്ളവനാണു്. "പെണ്ചൊല്ലു"കേട്ടു് പേക്കോലം തുള്ളുകയില്ല. പോരെങ്കിൽ, കൊച്ചുന്നാളിലെ കാര്യങ്ങൾ അവനും അറിഞ്ഞുകൂടേ.

കുഞ്ഞേലായുടെ അപ്പൻ ആ പറമ്പു മേടിച്ചപ്പോൾ ഒരു പുളിമരം മാത്രമാണു് അതിലുണ്ടായിരുന്നതു. ഇപ്പോൾ പ്ലാവും കൊടിയും തെങ്ങും കമുകുംകൊണ്ടു കാടുപിടിച്ചിരിക്കുന്ന ഒരു കാർഷികോപവനമാണതു്. ആ പറമ്പിൽ നില്ക്കുന്ന മരങ്ങൾക്കെല്ലാം കുഞ്ഞേലായെ നല്ല പരിചയമാണു്. അവളുടെ പ്രയത്നത്തിന്റെ സ്വാദു് അവയിന്നും മറന്നുകാണുകയില്ല. ഒരാണിനെപ്പോലെയാണു് കുഞ്ഞേലാ അപ്പന്റെകൂടെ നിന്നു ജോലിയെടുത്തതു്. "കുഞ്ഞേലാ ഒരാണിനും പെണ്ണിനും മതിയാകും." വേലയെടുക്കാൻ കുഞ്ഞേലായ്ക്കുള്ള കൈച്ചുറുക്കുകണ്ടു് അയൽവാസികൾ പറയാറുണ്ടായിരുന്നു.

തൈയും കൊടിയും പിടിച്ചുവരുവോളം അവൾ കൊണ്ടിട്ടുള്ള തല്ലിനും കണക്കില്ല. ഒരു ദിവസം ഒരു തൈയുടെ ഓലനാമ്പു് പശു കടിച്ചതിനു് വടി ഒടിയുവോളം അവൾ തല്ലുകൊണ്ടു. പിന്നൊരുദിവസം കൊടി നനയ്ക്കാൻ മറന്നുപോയതിനു് ഉച്ചവരെ അവളെ അപ്പൻ കൊടിച്ചുവട്ടിൽ, വെയിലത്തു നിർത്തി. ഇതൊക്കെ കുര്യച്ചനും അറിഞ്ഞിട്ടുള്ളതല്ലേ. ഇല്ല. കുര്യച്ചൻ പെങ്ങളെ വേദനിപ്പിക്കയില്ല. കുഞ്ഞേലാ അങ്ങനെതന്നെ ആശ്വസിച്ചു.

അകത്തെ മുറിയിൽ അപ്പോഴും നേരിയ കുശുകുശുക്കലുകൾ കേൾക്കാമായിരുന്നു. ഇടയ്ക്കിടയ്ക്കു് കുര്യച്ചന്റെ ഗൗരവം ദ്യോതിപ്പിക്കുന്ന മൂളലുകളും

IV

"പെങ്ങളെ ഞാനിങ്ങനെയല്ലല്ലോ കരുതിയിരുന്നതു്. പെങ്ങൾക്കങ്ങനെ അത്യാവശ്യമായിരുന്നെങ്കിൽ, എന്നോടു ചോദിച്ചോണ്ടു നാഴിയോ ഇരുന്നാഴിയോ മുളകു പറിച്ചെടുക്കാമായിരുന്നല്ലോ. പെങ്ങളും പിള്ളേരും ഇവിടെ വരുന്നതും പോകുന്നതുമൊക്കെ എനിക്കു സന്തോഷമാണു്. പക്ഷേ, ഇങ്ങനെയൊക്കെത്തുടങ്ങിയാൽ പൊറുതിമുട്ടിപ്പോവുകേയുള്ളൂ. പെങ്ങൾക്കിവിടെ ആഹാരത്തിനു കിട്ടാഞ്ഞിട്ടാണോ ഇന്നാളു് തെങ്ങേൽക്കിടന്ന കരിക്കിൻകുല കുത്തിച്ചാടിച്ചതു്? പെങ്ങളിവിടെ അയൽവക്കംതോറും നടന്നു് എന്തൊക്കെയാ പറഞ്ഞു പിടിപ്പിക്കുന്നതു്? കഷ്ടം, കഷ്ടം, ഇതൊക്കെ പുറത്തുപറയാൻതന്നെ എനിക്കു ലജ്ജ തോന്നുന്നു."

കുര്യച്ചൻ അസ്വസ്ഥതയോടെ കുറേനേരം ചിന്താഗ്രസ്തനായി നിന്നു. ആ കുടുംബനായകൻ ഒരു തീരുമാനത്തിലെത്തി.

"ഏതുമാവട്ടെ, പെങ്ങളിവിടെ വന്നിട്ടു് ഇന്നിത്രയും ദിവസമായില്ലേ, ഇനി ചെന്നു് അവിടെയും കുറേ ദിവസം നില്ക്കുകയാ വേണ്ടതു്. അല്ലെങ്കിൽ പെങ്ങളുതന്നെ ഇവിടെ നില്ക്കു്. ഈ പിള്ളേരെ കൊണ്ടുപോയി അവരുടെ തന്തേടടുത്തും ആക്കു. അവരെ ഇവിടെ നിർത്തിയാൽ എനിക്കുതന്നെ ഒടുവിൽ ദുഷ്പേരാകും."

അങ്ങനെ കൊച്ചാങ്ങളയും, പറയാൻ മടിച്ചിരുന്നതു പറഞ്ഞു. അങ്ങനെ രണ്ടു തിരി മുളകു് ആ രക്തബന്ധത്തിനു് ആഴമേറിയ ഒരു വിള്ളലുണ്ടാക്കി.

കുര്യച്ചൻ പറഞ്ഞതു മുഴുവൻ കുഞ്ഞേലാ കേട്ടു. ആ സഹോദരി കരഞ്ഞില്ല. നെടുവീർപ്പിട്ടതുമില്ല. ഉൽക്കടവികാരങ്ങളുടെ വ്യാമിശ്രതയിൽനിന്നുളവായ ഒരുതരം വികാരരാഹിത്യത്തോടെ നിന്നുകൊണ്ടു് അവൾ അതു മുഴുവൻ കേട്ടു!

അന്നു രാത്രി കുര്യച്ചൻ കട പൂട്ടി വന്നപ്പോൾ പെങ്ങളെയും മക്കളെയും അവിടെ കാണുകയുണ്ടായില്ല.

കുര്യച്ചൻ ചോറുണ്ണുന്നതിനിടയ്ക്കു്, റോസക്കുട്ടി പറഞ്ഞു; "അമ്മായി പോയതു് പെണ്ണമ്മയ്ക്കു വല്യ സങ്കടമായിരിക്കയാണു്." പെണ്ണമ്മയുടെ പേരും പറഞ്ഞു്, നാത്തൂനെപ്പററി ഒരു തുറന്ന ചർച്ചയ്ക്കു പ്രാരംഭമിടുകയായിരുന്നു റോസക്കുട്ടി.

കുര്യച്ചൻ അകലെയെങ്ങോ നോക്കിക്കൊണ്ടു ചോറു ചവച്ചിറക്കിയതല്ലാതെ ഒന്നും പറഞ്ഞില്ല.

"ഏതാണ്ടൊക്കെക്കെട്ടിപ്പൊതിഞ്ഞോണ്ടാ പോയതു്. ഞാനാവശത്തേക്കേ നോക്കാൻ പോയില്ല. പെണ്ണമ്മ—"

"മതിയായില്ലേ, അതു വിസ്തരിച്ചതു്? ഇറങ്ങിപ്പോയിട്ടും അവർക്കു കെടക്കപ്പൊറുതിയില്ലേ?" കുര്യച്ചന്റെ സ്വരത്തിൽ പശ്ചാത്താപവും അസഹ്യതയും ഉൾച്ചേർന്നിരുന്നു.

"ഞാൻ പെണ്ണമ്മയുടെ കാര്യം പറയുവല്ലായിരുന്നോ!" തെല്ലൊരു ജാള്യതയോടെ റോസക്കുട്ടി പറഞ്ഞു.

കുര്യച്ചൻ കുണ്ഠിതത്തോടും അമർഷത്തോടുംകൂടെ ഭാര്യയെ നോക്കി; വലിയൊരു തെററിലേക്കു മനഃപൂർവ്വം വഴി തെളിച്ച ആളിനെ, കുററബോധമുണ്ടാകുമ്പോൾ നോക്കുമ്പോലെ.



# പ്രഭാഷണം

## നിസ്സാരമെങ്കിലും

പിന്നീട്ട് അവിടുന്നു വേറൊരുപമ അവരോടു പറഞ്ഞു: ഒരു മനുഷ്യൻ എടുത്തു തൻെറ നിലത്തു നട്ട ഒരു കടുകുമണിക്കു സദൃശമാണു് സ്വർഗ്ഗരാജ്യം. എല്ലാ വിത്തുകളിലും ചെറുതാണതു്. എന്നാൽ അതു വളൎന്നു വരുമ്പോൾ, തോട്ടത്തിലുള്ള മററു ചെടിയെക്കാളും വലുതാണതു്. എല്ലാ പക്ഷികളും വന്നു് അതിൻെറ ശിഖരത്തിൽ ഇരിക്കത്തക്കവണ്ണം അതു വൃക്ഷമായി വളരുന്നു. അവിടുന്നു് വീണ്ടും ഒരുപമ അവരോടരുൾചെയ്തു: ഒരു സ്ത്രീ എടുത്തു മൂന്നു പറ മാവിൽ കുഴിച്ചുവെച്ചതും, അതിനെ മുഴുവൻ പുളിപ്പിക്കുവാൻ മതിയായതുമായ പുളിച്ചമാവിനു സദൃശമാണു് സ്വർഗ്ഗരാജ്യം. ഇതെല്ലാം ഈശോ ജനക്കൂട്ടത്തോടു് ഉപമകൾവഴി പറഞ്ഞു. ഉപമകൾവഴി മാത്രം സംസാരിപ്പാനേ അവിടുന്നു് ഇഷ്ടപ്പെട്ടുള്ളു. പ്രവാചകൻ വഴി പറയപ്പെട്ട വചനങ്ങൾ ഇങ്ങനെ പൂർത്തിയായി: എൻെറ മനോഗതം ഉപമകൾവഴി ഞാൻ സംസാരിക്കും. ലോകാരംഭംമുതൽ രഹസ്യമായി കാക്കപ്പെട്ടിരുന്നവയെ ഞാൻ വെളിപ്പെടുത്തും. (പന്തക്കുസ്ത 24-ാം ഞായർ. സുവിശേഷം ദനഹാ 6-ാം ഞായറിലേതു്. മത്താ. XIII 31—35)

സുപ്രസിദ്ധനായ ഒരു ഫ്റഞ്ചു്സാഹിത്യകാരൻ താഴെകാണുന്ന ഒരു രംഗം ചിത്രീകരിച്ചിട്ടുണ്ടു്. നീറോ ചക്രവൎത്തിയുടെ ഒരു വിജയഘോഷയാത്ര. വിവിധരാജ്യങ്ങളിൽനിന്നു ബന്ധനസ്ഥരായി കൊണ്ടുവന്നിട്ടുള്ള അടിമകൾ ആയിരക്കണക്കിനു വരിവരിയായി നടക്കുന്നു. അതിനുപിന്നിൽ പൗരസ്ത്യരാജ്യങ്ങളിൽനിന്നു പിടിച്ചെടുത്തിട്ടുള്ള കൗതുകവസ്തുക്കളും സ്വൎണ്ണം, രത്നങ്ങൾ എന്നീ അമൂല്യവസ്തുക്കൾ കൊണ്ടു നിൎമ്മിതങ്ങളായ വിശിഷ്ടസാധനങ്ങളും സംവഹിക്കപ്പെടുന്നു. അതിനു പുറകെ തടവുകാരായി പിടിച്ചുകൊണ്ടു വന്നിട്ടുള്ള രാജാക്കന്മാരും പ്രഭുക്കന്മാരും; ഇവൎക്കു പിന്നിൽ സൂൎയ്യരശ്മികളിൽ വെട്ടിത്തിളങ്ങുന്ന ഇരുമ്പുകവചങ്ങൾ ധരിച്ച റോമൻകാലാൾപ്പട. ഇവരെ അനുഗമിച്ചുകൊണ്ടു കുതിരപ്പട പെരുമ്പറയുടെ താളത്തിനൊത്തു് നീങ്ങിക്കൊണ്ടിരുന്നു. ഇതിനു പുറകെ പാശ്ചാത്യവും പൗരസ്ത്യവുമായ എല്ലാതരം വാദ്യഘോഷങ്ങളുടേയും കോലാഹലം. ഇതിനു പിന്നിലായി റോമൻ പ്രഭുക്കന്മാരും സെനററു് അംഗങ്ങളും വെസ്റ്റൽ കന്യകകളും അവരവരുടെ സ്ഥാനവസ്ത്രങ്ങൾ അണിഞ്ഞുകൊണ്ടു അണിനിരയായി നടക്കുന്നു. എല്ലാററിനും പിന്നിൽ രത്നഖചിതമായ സുവൎണ്ണസിംഹാസനത്തിൽ ആരൂഢനായും നിരവധി പരിചാരകന്മാരാൽ പരിഃസേവിതനായും ജനങ്ങളുടെ ജയഘോഷങ്ങൾ കേട്ടു കാതും കരളും കുളുൎപ്പിച്ചുകൊണ്ടും ഔദ്ധത്യം ഉടലെടുത്തപോലെ നീറൊ ചക്രവൎത്തി എഴുന്നള്ളിയിരുന്നു. ഘോഷയാത്ര കുറെ നീങ്ങിക്കഴിഞ്ഞപ്പോൾ ചക്രവൎത്തി തെരുവിൻെറ ഇരുവശങ്ങളിലും തിങ്ങിക്കൂടിയിരുന്ന ജനങ്ങളെ അഭിവീക്ഷിച്ചു അവരുടെ അഭിവാദ്യങ്ങൾ സ്വീകരിക്കുന്നതിനിടയ്ക്കു, ജനൗഘത്തിനിടയിൽ ഒരാളുടെ മുഖത്തു് ദൃഷ്ടി പതിക്കുന്നതിനിടയായി. അതോടുകൂടി ചക്രവൎത്തിക്കു് എന്തെന്നില്ലാത്ത ഒരു പരിഭ്രമവും അനുഭവപ്പെട്ടു. മദ്ധ്യവയസ്കനായ ഒരു ഗലീലേയക്കാരൻ — വസ്ത്രധാരണത്തിലും മററും അപരിഷ്കൃതനായ ഒരു ദരിദ്രൻ—മാത്രമായിരുന്നു ചക്രവൎത്തിയെ പരിഭ്രമിപ്പിച്ച ആ മനുഷ്യൻ. എങ്കിലും ഏതോ ഒരു ദിവ്യശക്തി ആ മനുഷ്യനിൽ ഉള്ളതായി അദ്ദേഹത്തിനു തോന്നി. ഈ ഗലീലേയനും ചക്രവൎത്തിയെ ഒന്നു നോക്കി. രണ്ടുപേരുടേയും ദൃഷ്ടികൾ തമ്മിലിടഞ്ഞു — പാരത്രൗകികശക്തികളുടെ സംഘൎഷണം. അപ്പോഴേക്കും പ്രദക്ഷിണം കടന്നുപോയി. എങ്കിലും ആ വിദേശി തൻെറ സാമ്രാജ്യത്തിനെതിരായി —സാമ്രാജ്യത്തിനോടൊപ്പംതന്നെ —മറെറാരു മഹാശക്തിയെ സ്ഥാപിക്കുമോ എന്നൊരു ശങ്ക അയാളിൽ ഉദിച്ചുവെങ്കിലും ആ ശങ്കയെ അയാൾ തള്ളിക്കളഞ്ഞു; ഈ നിസ്സാരനായ ഗലീലേയനു് പ്രതാപപ്രകൎഷത്തിൻെറ പാരമ്യത്തിലെത്തിയ റോമാസാമ്രാജ്യത്തിനെതിരായി എന്തുചെയ്യാൻ കഴിയും? ... ... ഈ ഗലീലേയക്കാരൻ ആരായിരുന്നു? വി. പത്രോസു്. റോമിൽ ക്രിസ്തുമതം സ്ഥാപിക്കുന്നതിനായി അദ്ദേഹം അപ്പോൾ തന്നെ എത്തിയതേ ഉള്ളു. നീറോ കേവലം നിസ്സാരനായ ആ ഗലീലേയക്കാരനെ വകവച്ചില്ല. അതിൽ അത്ഭുതപ്പെടുവാനില്ല. ക്രിസ്തുവിൻെറ ശിഷ്യരായ പന്ത്രണ്ടു് മീൻപിടുത്തക്കാൎക്കു് എന്തുചെയ്യാൻകഴിയും? പക്ഷെ, ക്രിസ്തുവിൻെറ വാക്കുകൾ നീറോ കേട്ടിട്ടുണ്ടായിരുന്നില്ല. "ദൈവരാജ്യം ഒരു മനുഷ്യൻ എടുത്തു തൻെറ വയലിൽ വിതച്ച കടുകുമണിയോടു് സദൃശമാകുന്നു. അതു സകല വിത്തുകളിലും ചെറുതാകുന്നു. എന്നാൽ അതു വളൎന്നുവരുമ്പോൾ ... ... ..."

നിസ്സാരമൊ ചെറിയതൊ ആണെന്നുള്ള കാരണംകൊണ്ടു യാതൊരു വസ്തുവിനേയും നമുക്കു് അവഗണിക്കുവാൻ പാടില്ല. കാരണം അതിൽ വലിയ ശക്തിയും ചൈതന്യവും മാഹാത്മ്യവും ഒളിഞ്ഞുകിടക്കുന്നുണ്ടായിരിക്കാം. ബെത്ലഹമിലെപുൽത്തൊട്ടിയിൽ കീറത്തുണികളാൽ ചുററപ്പെട്ടു കിടന്നിരുന്ന ഒരു നിസ്സാരശിശുവിൽ അനന്തമായ ശക്തിയും ജ്ഞാനവും നന്മയും മററുമല്ലേ ഒളിഞ്ഞുകിടന്നിരുന്നതു്? ബ്രഹ്മാണ്ഡമായ ഈ പ്രപഞ്ചകടാഹത്തോടു താരതമ്യപ്പെടുത്തിനോക്കുമ്പോൾ കേവലം നിസ്സാരനാണു് മനുഷ്യൻ; എന്നാൽ അതിനെ മുഴുവനും മനുഷ്യൻ അവൻെറ ബുദ്ധിക്കുള്ളിൽ സംഗ്രഹിക്കുന്നില്ലേ? ആററംബോംബു് വളരെ ചെറിയതാണു്; എന്നാൽ അതു് അഴിച്ചുവിടുന്ന വിനാശത്തിൻെറ വൈപുല്യം വൎണ്ണനാതീതം തന്നെ. "വല്ലഭനു പുല്ലുമായുധം" എന്നു പഴമൊഴിയുണ്ടല്ലൊ. സൎവ്വവല്ലഭനായ ദൈവത്തിനു് ഏററവും നിസ്സാരമായ ഉപകരണംകൊണ്ടു വളരെ വലിയ കാൎയ്യങ്ങൾ നിൎവ്വഹിക്കുവാൻ വളരെ എളുപ്പമായിരിക്കും. "എന്നാൽ ദൈവം ജ്ഞാനികളെ ലജ്ജിപ്പിക്കുവാൻ ലോകത്തിലെ ഭോഷന്മാരെ തിരഞ്ഞെടുത്തു; ശക്തന്മാരെ ലജ്ജിപ്പിക്കുവാൻ ലോകത്തിലെ ബലഹീനന്മാരേയും തിരഞ്ഞെടുത്തു..... തൻെറ സന്നിധിയിൽ ഒരു ജഡവും പ്രശംസിക്കാതിരിക്കുവാൻതന്നെ." (1. കൊറി I-27, 29) ഏററവും ചെറിയതായ കടുകുമണിയിൽ ഒരു വൃക്ഷമായി വളരുവാനുള്ള കഴിവുകൾ ദൈവം നിക്ഷേപിച്ചിട്ടുണ്ടു്. ഇതുപോലെതന്നെ നിസ്സാരതയിൽ— ബാഹ്യദൃഷ്ടികൾക്കു്— ബീജാവാപം ചെയ്യപ്പെട്ട തിരുസഭയും അതിൽ നിക്ഷിപ്തമായിരുന്ന ദിവ്യശക്തികൊണ്ടു് ഊഹാതീതമായവിധത്തിൽ വളൎച്ച പ്രാപിച്ചു.

ക്രൂശിന്മേൽ ഒരു നികൃഷ്ടമരണംവരിച്ച ഒരാൾ മതസ്ഥാപകൻ; അതിൻെറ പ്രചാരകന്മാരാകട്ടെ കേവലം മീൻപിടുത്തക്കാരായ പന്ത്രണ്ടു് ഗലീലേയർ മാത്രം! "യൂദന്മാൎക്കു് ഇടൎച്ചയും പുറജാതികൾക്കു്വിഡ്ഢിത്തവുമായിത്തോന്നുന്ന ക്രിസ്തുവിനെ ഞങ്ങൾ പ്രസംഗിക്കുന്നു." പുതിയ മതത്തിലെ തത്വങ്ങളോ? ശത്രുസ്നേഹം, സ്വയപരിത്യാഗം, വിചാരത്തിൽപോലുമുള്ള ശുദ്ധത, എല്ലാവരും ദൈവത്തിൻെറ മക്കൾ—എന്നിങ്ങനെ മുമ്പു് കേട്ടിട്ടില്ലാത്തതും സ്വാഭാവികചാച്ചിലുകൾക്കു് കടകവിരുദ്ധവുമായ തത്വങ്ങൾ. എന്നാൽ, ദിവ്യസ്ഥാപകൻെറയും ലക്ഷോപലക്ഷം രക്തസാക്ഷികളുടെയും രക്തംകൊണ്ടു നനയ്ക്കപ്പെട്ട ഈ ചെടി ക്രമേണ വളൎന്നുവന്നു. ആദ്യമശതകങ്ങളിലെ ഭയങ്കരമായ മതമൎദ്ദനകാലങ്ങളിലും തെർത്തുല്ല്യൻ പുറജാതികളോടു ഇപ്രകാരം വീരവാദം മുഴക്കി: "ഞങ്ങൾ ഇന്നലെ ഉണ്ടായവരാണു്; എന്നാൽ ഇന്നാകട്ടെ ഞങ്ങൾ എല്ലായിടത്തും നിറഞ്ഞിരിക്കുന്നു—നിങ്ങളുടെ നഗരങ്ങൾ, പട്ടണങ്ങൾ, കൃഷിസ്ഥലങ്ങൾ, രാജകൊട്ടാരം, സെനററു്, കോടതികൾ—നിങ്ങളുടെ അമ്പലങ്ങൾ മാത്രമേ നിങ്ങൾക്കു ഞങ്ങൾ ഒഴിച്ചുവെച്ചിട്ടുള്ളു." കൊൺസ്റ്റൻറൈൻ ചക്രവൎത്തിയുടെ കാലം മുതൽക്കു് സഭ ത്വരിത സ്വാതന്ത്ര്യമായി തഴച്ചുവളരുവാൻ ആരംഭിച്ചു. ഇടയ്ക്കിടെ പലേ കൊമ്പുകളും—പാഷണ്ഡമതങ്ങളും ശീശ്മകളും—വെട്ടിമാററപ്പെട്ടിട്ടുണ്ടു്; എന്നാൽ അവയ്ക്കു പകരം പുതിയ ശിഖരങ്ങൾ കിളിൎത്തുവരികയും ചെയ്തു. ഇന്നാകട്ടെ ഈ സഭാവൃക്ഷത്തിൻെറ ശാഖകൾ പടൎന്നുപിടിക്കാത്ത യാതൊരു രാജ്യവുമില്ല. ശാന്തസമുദ്രത്തിലെ ചെറുദ്വീപുകളിലായാലും സഹാറാ മരുഭൂമിയിലായാലും അമേരിക്കയിലെ മലമ്പ്രദേശങ്ങളിലായാലും എവിടേയും സഭ ത്വരിത തളിൎത്തുവരുന്നുണ്ടു്. അനേകം ആകാശപ്പറവകൾ അതിൻെറ കൊമ്പുകളിൽ കൂടു കെട്ടിയിട്ടുണ്ടു്. രാജാക്കന്മാരും ഭരണാധികാരികളും പ്രഭുക്കന്മാരും മാത്രമല്ല; ശാസ്ത്രകോവിദന്മാരും വാഗ്മിത്വവിചക്ഷണന്മാരും സാഹിത്യപഞ്ചാനനന്മാരും അഗാധചിന്തകന്മാരും ഈ സഭയിൽ ഉണ്ടാകയും അഭയം തേടുകയും ചെയ്തിട്ടുണ്ടു്.

ക്രിസ്തു സ്ഥാപിച്ച വിശുദ്ധസഭയുടെ അംഗങ്ങളാണു് നാം—ആ വൃക്ഷത്തിൻെറ ശാഖകളും ഇലകളുമാണു് നാം— എന്നുള്ള വിചാരം നമ്മിൽ ദൃഢമൂലമാകണം. ഒരു കത്തോലിക്കനാണെന്നുള്ളതിൽ നാം അഭിമാനംകൊള്ളുന്നുണ്ടോ? 45 കോടി വിശ്വാസികളും ആയിരക്കണക്കിനു മെത്രാന്മാരും ലക്ഷക്കണക്കിനു വൈദികരും പരമാധികാരിയായി ക്രിസ്തുവിൻെറ പ്രതിപുരുഷനായ മാർപ്പാപ്പയും ഉള്ള ഒരു മഹാസ്ഥാപനത്തിൻെറ അംഗങ്ങളാണു് നാം എന്നു മനസ്സിലാക്കണം. എന്നാൽ അതേസമയം നാം സഭാവൃക്ഷത്തിൻെറ ജീവനുള്ള ഒരു ശിഖരം ആയിത്തീരണം. ഒരു വൃക്ഷത്തിൻെറ ചില ചില്ലകൾ ഉണങ്ങിനില്ക്കുന്നതു് നാം കാണാറുണ്ടു്. വൃക്ഷത്തിൻെറ ജീവനായ നീരു് ആ ശിഖരങ്ങളിലേക്കു പ്രസരിക്കാത്തതുകൊണ്ടാണു് അവ ഉണങ്ങിയും വാടിയും നില്ക്കുന്നതു്. നാമും തിരുസഭാവൃക്ഷത്തിൻെറ ഉണങ്ങിയ കൊമ്പുകൾ—പേരിനുമാത്രം കത്തോലിക്കർ, ഞായറാഴ്ചക്കത്തോലിക്കർ, സാമുദായിക കത്തോലിക്കർ—ആയിരുന്നാൽ പോരാ. സജീവമായ വിശ്വാസവും തദനുസരമുള്ള ജീവിതവും നമുക്കുണ്ടായിരിക്കണം. പ്രവൃത്തി കൂടാതെയുള്ള വിശ്വാസം ചത്തതാണല്ലൊ. കൎത്താവു തന്നെ അരുളിച്ചെയ്തിട്ടുണ്ടു്: "ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളുമാണു് ... ശാഖ മുന്തിരിവള്ളിയിൽ സ്ഥിതിചെയ്യുന്നില്ലെങ്കിൽ ഫലങ്ങൾ നല്കുവാൻ അതിനു കഴിയാത്തതുപോലെ, എന്നിൽ വസിക്കുന്നില്ലെങ്കിൽ നിങ്ങൾക്കും കഴിയുകയില്ല." എപ്രകാരം തടിയിൽനിന്നു് ജീവജലം ശാഖകളിലേക്കു ഒഴുകി അവയെ പച്ചയും സജീവവുമാക്കുന്നുവോ അപ്രകാരംതന്നെ ക്രിസ്തുവാകുന്ന തടിയിൽനിന്നു ദൈവപ്രസാദവരം നമ്മിലേക്കു് ഒഴുകണം. അതിനായി നാം ക്രിസ്തുവിനോടു യോജിച്ചിരിക്കണം. എന്നാൽ നാം പാപം ചെയ്യുമ്പോൾ ക്രിസ്തുവിൽനിന്നും വിച്ഛേദിക്കപ്പെടുന്നു; പ്രസാദവരജലം നമ്മിലേക്കു ഒഴുകുന്നില്ല; തൽഫലമായി നാം ഉണങ്ങിയ ശിഖരങ്ങളായിത്തീരുന്നു. ഈ ദുരവസ്ഥ നമുക്കു വന്നു ചേൎന്നിട്ടുണ്ടോ എന്നു പരിശോധിച്ചുനോക്കുകയും, ഉണ്ടെങ്കിൽ പശ്ചാത്താപവും കുമ്പസാരവും വഴിയായി ഉടനെതന്നെ ക്രിസ്തുവിനോടു സംയോജിക്കുവാൻ നാം പരിശ്രമിക്കയും വേണം.

കത്തോലിക്കാസഭ വിവാഹം, ശവസംസ്കാരം ആദിയായ സാമുദായികകാൎയ്യങ്ങൾ നടത്തിക്കിട്ടുന്നതിനു മാത്രമായുള്ള ഒരു സംഘടനയല്ല; അതു മിശിഹായുടെ മൗതികശരീരമാണു്. കല്ലുകളും മരത്തുണ്ടുകളും ചേൎത്തുണ്ടാക്കുന്ന ഒരു വീടോ മേശയോ പോലെയുള്ള യാന്ത്രികയോജിപ്പു് (mechanical identity) അല്ല സഭയിൽ ഉള്ളതു്; പ്രത്യുത, ജീവനുള്ള ഒരു ശരീരത്തിൻെറ അവയവങ്ങൾ തമ്മിലുള്ള യോജിപ്പു് (organic identity) ആണു് തിരുസഭയിലുള്ളതു്. പന്തക്കുസ്തദിവസത്തിലെ സഭയും ഇന്നത്തെ സഭയും ഒന്നുതന്നെയാണു് എന്നു പറയുന്നതു് വലുപ്പം ഉദ്ദേശിച്ചല്ല, അതിൽ നിക്ഷിപ്തമായിരിക്കുന്ന ജീവമൂലം ഉദ്ദേശിച്ചാണു്. വിത്തും വൃക്ഷവും ഒന്നു തന്നെ; നവജാതനായ ജോണിക്കുട്ടിയും മദ്ധ്യവയസ്കനായ ജോൺമാപ്പിളയും ഒരാൾതന്നെ. ഇതുപോലെതന്നെ സഭ എന്നും ഒന്നുതന്നെ, സഭയുടെ ഈ വ്യക്തിത്വത്തിനും വിസ്മയനീയമായ വളൎച്ചയ്ക്കും നിദാനം അതിനു സംസിദ്ധമായിരിക്കുന്ന പ്രകൃത്യതീതമായ ജീവൻ ആണു്. ഈ ജീവച്ഛക്തി നമ്മിലേക്കും സദാപ്രസരിച്ചുകൊണ്ടിരിക്കുന്നുണ്ടോ?

(ജെ. ചെമ്മണൂർ)


## പുതിയ കമ്മിഷൻ നിരക്കു്

രൊക്കവിലക്കു ലീഗുപുസ്തകങ്ങൾ എടുക്കുന്നവൎക്കു് 5 രൂ. മുതൽ 25 രൂ. വരെ 12½% വും, 25 രൂ. മുതൽ 100 രൂ. വരെ 25% വും 100 രൂ. മുതൽ മേല്പോട്ടു് 30% വും എന്ന വിശുദ്ധവത്സരക്കമ്മീഷൻ നിരക്കു് 1950 ഡിസംബർ 25-ാംനു-ക്കുശേഷം ഉണ്ടായിരിക്കുന്നതല്ല. ഡിസംബർ 25-ാംനു- മുതൽ പഴയകമ്മീഷൻ നിരക്കുതന്നെ തുടരുന്നതായിരിക്കും.

വൈദികർ, വൈദികവിദ്യാൎത്ഥികൾ, കന്യാസ്ത്രീകൾ തുടങ്ങിയവൎക്കു് ഉപയോഗിക്കത്തക്ക ഇംഗ്ലീഷിലുള്ള ആദ്ധ്യാത്മികഡയറി.

ഒന്നിനു് വില 5 ണ. പത്തിനൊന്നു കമ്മീഷൻ

കമ്മലോത്തരീയസഖ്യത്തിൽപ്പെട്ടവൎക്കു പ്രാപിക്കാവുന്ന ആനുകൂല്യങ്ങളുടേയും ദണ്ഡവിമോചനങ്ങളുടെയും

### സംഗ്രഹം

ഫ്റെയിം ചെയ്യത്തക്കവിധം നല്ലകടലാസ്സിൽ അടിച്ചിട്ടുള്ള ഒന്നിനു് പോസ്റ്റേജു് ഉൾപ്പെടെ രണ്ടണമാത്രം.

ജെനറൽ സെക്രട്ടറി, എസ്. എച്ച്. ലീഗ്
മംഗലപ്പുഴ സെമ്മിനാരി, ആലുവാ ബ്രാഞ്ച്



## നാല്പതുമണി ആരാധന

### മുതലക്കോടം പള്ളിയിൽ

നവംബർ 21, 22, 23 (ചൊവ്വ, ബുധൻ വ്യാഴം)



ബ. അൽഫോൻസാമ്മയുടെയും വി. കൊച്ചുത്രേസ്യായുടെയും മദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാൎയ്യം സാധിച്ചതിനു് ഉപകാരസ്മരണ.

എന്നു്, എൻ. വി. തോമ്മസ്
തകിടിപ്പുറത്തു്, കളർകുഴി
കായെണ്ണ P. O.
നോർത്തു് മലബാർ

# ഗത്സെമൻ തോട്ടം

(എം. ഒ. ജോസഫ്, നെടുങ്കുന്നം)

ജപമാലയുടെ ദുഃഖകരമായ രഹസ്യങ്ങളിൽ ഒന്നാമത്തേതു് ക്രിസ്തു അന്തിമഭോജനാനന്തരം ഒലിവുമലയിൽ പോയി പ്രാർത്ഥിച്ചതും, അപ്പോൾ രക്തം സ്വേദകണങ്ങളായി സ്രവിച്ചതുമാണല്ലോ. ക്രിസ്തു മരണകരമായ വേദന അനുഭവിച്ച ഈ സ്ഥലം ഏതാണ്? കെദ്രോൺ താഴ്വരയ്ക്കക്കരെ ഉണ്ടായിരുന്ന ഒരു തോട്ടമായിരുന്നു ഇതെന്നാണ് വിശുദ്ധ യോഹന്നാൻ പറയുന്നതു്. ശൈത്യകാലത്തു് കളുടെ സ്ഥലമായ (ഒലിവു)മലയെന്നാണ് വിശുദ്ധ ലൂക്കാ വർണ്ണിച്ചിരിക്കുന്നതു്. വിശുദ്ധ മത്തായിയും വിശുദ്ധ മർക്കോസും പറയുന്നതു് അതു ഗത്സെമൻ എന്നു പേരുള്ള ഒരു തോട്ടമായിരുന്നു എന്നാണ്.

ഗത്സെമൻ എന്ന എബ്രായ വാക്കിന്റെ അർത്ഥം എണ്ണച്ചക്കു് എന്നാണ്. ഒലിവുമലയിൽ വിളഞ്ഞിരുന്ന ഒലിവ് എണ്ണക്കുരുക്കൾ ആട്ടി എണ്ണയെടുക്കുന്നതിനുള്ള ഒരു ചക്കു ഇവിടെ ഉണ്ടായിരുന്നതുകൊണ്ടു് ഈ പേർ സ്ഥലത്തിനു ലഭിച്ചതായിരിക്കണം. ദൈവകുമാരനെ പീഡനമാകുന്ന ചക്കിലിട്ടാട്ടി മനുഷ്യപരിത്രാണമാകുന്ന സ്നേഹം പുറപ്പെടുവിച്ച ഈ സ്ഥലത്തിനു് ഇന്നു് ഇതിനെക്കാൾ അന്വർത്ഥമായ ഒരു നാമം നല്കുവാനില്ല. വിശുദ്ധ മർക്കോസും വിശുദ്ധ യോഹന്നാനും പ്രസ്താവിക്കുന്നതുപോലെ, ഫലവൃക്ഷങ്ങളാൽ നിബിഡവും മതിലിനാൽ ചുററപ്പെട്ടതുമായ ഒരു തോട്ടമോ ആരാമമോ ആയിരുന്നു ഗത്സെമൻ.

സുവിശേഷഭാഷണങ്ങളിൽനിന്നു ക്രിസ്തു ശിഷ്യന്മാരോടുകൂടി പലപ്പോഴും പ്രാർത്ഥിക്കുവാനായി ഈ തോട്ടത്തിലേക്കു പോയിരുന്നുവെന്നു വിശദമാണ്. ആദിമക്രിസ്ത്യാനികളും ഈ തോട്ടത്തെ ഒരു പ്രാർത്ഥനാസങ്കേതമായി തിരഞ്ഞെടുത്തിരുന്നുവെന്നു പിതാക്കന്മാരുടെയും പ്രാചീന ചരിത്രകാരന്മാരുടെയും കൃതികൾ തെളിയിക്കുന്നു. ഒലിവുമലയുടെ അടിവാരത്തിൽ സ്ഥിതിചെയ്യുന്ന ഗത്സെമനിലേക്കു വിശ്വാസികൾ സാധാരണ പ്രാർത്ഥിക്കുവാൻ പോയിരുന്നു എന്നാണ് കേസറിയായിലെ എവുസേബിയസ് പ്രസ്താവിക്കുന്നതു്.

സിതി മറിയാം പടിവാതിൽക്കൽനിന്നു കെദ്രോൺ നദി കടന്നു ഒലിവുവൃക്ഷങ്ങളാൽ നിബിഡമായിരുന്ന ഒലിവുമലയിലേക്കു ഒരു പെരുവഴി ഉണ്ടായിരുന്നു. ഈ പെരുവഴിയുടെ വലതുവശത്താണ് ഗത്സെമൻതോട്ടം. കെദ്രോൺ നദിയിൽ ഇന്നുള്ള പാലം ക്രിസ്തുവിന്റെ കാലത്തു പാലമുണ്ടായിരുന്ന സ്ഥലത്തുതന്നെയാണെന്നു് ഊഹിക്കപ്പെടുന്നു. 333-ൽ ഈ സ്ഥലം സന്ദർശിച്ച ബോർഡോയിലെ തീർത്ഥസഞ്ചാരി ഈ കെദ്രോൺപാലത്തെപ്പററി പ്രസ്താവിക്കുന്നുണ്ടു്. നദിയുടെ ഇരുവശങ്ങളിലും പാറയിൽ വെട്ടി ഉണ്ടാക്കിയിട്ടുള്ള നടകൾ പാലത്തിന്റെ സ്ഥാനം നിർണ്ണയിക്കുന്നതിനു വളരെ സഹായിക്കുന്നുണ്ടു്. ബൊളോഞ്ഞാ മെത്രാനായിരുന്ന പെട്രോണിയസിന്റെയും ജറുസലേം പാത്രിയർക്കീസായിരുന്ന സൊഫ്രോണിയസിന്റെയും വിവരണങ്ങളിൽനിന്നു് ഈ കരിങ്കൽ നടകളെപ്പററി നമുക്കറിയാൻ സാധിക്കുന്നുണ്ടു്.

"ഇടതുഭാഗത്തു, മുന്തിരിച്ചെടികളുടെ ഇടയിലാണ് യൂദാസ് ക്രിസ്തുവിനെ ഒററിക്കൊടുത്ത കല്ലു്" എന്നു ബോർഡോയിലെ തീർത്ഥസഞ്ചാരി പ്രസ്താവിച്ചിരിക്കുന്നു. ഗത്സെമനിനെപ്പററി പറയുകയിൽ അവിടെ ഒരു ദേവാലയം പണിതിട്ടുണ്ടു് എന്നു വിശുദ്ധ ജറോം രേഖപ്പെടുത്തിയിരിക്കുന്നു. പെസഹാവ്യാഴാഴ്ച ഒലിവ്മല ഇറങ്ങിവരുന്ന പ്രദക്ഷിണം, "നമ്മുടെ കർത്താവു് മരണവേദനയനുഭവിച്ച സ്ഥലത്തു നിർമ്മിതമായിരിക്കുന്ന മനോഹരദേവാലയ"ത്തെ കുരിശിന്റെ വഴിയിലെ ഒരു സ്ഥലമാക്കിയിരുന്നുവെന്നു അക്വിറ്റാനിയായിലെ വിശുദ്ധ സിൽവിയാ (385-388) പ്രസ്താവിക്കുന്നു. "അവിടെനിന്നും ക്രിസ്തു തടവുകാരനായി പിടിക്കപ്പെട്ട ഗത്സെമനിലേക്കു് അവർ ഇറങ്ങുന്നു" എന്നു സിൽവിയാ തുടർന്നു പറയുന്നു. അതിമനോഹരമായ സ്തംഭങ്ങളോടുകൂടിയ ഈ ദേവാലയത്തെ എ. ഡി. 614-ൽ പേർഷ്യാക്കാർ നശിപ്പിച്ചുകളഞ്ഞു. കുരിശുയോദ്ധാക്കൾ അതു പുതുക്കിപ്പണിതെങ്കിലും 1219-ൽ വീണ്ടും നശിപ്പിക്കപ്പെട്ടു. ഇതിന്റെ അടിത്തറ അടുത്തകാലത്തു കണ്ടെത്തപ്പെട്ടിട്ടുണ്ടു്.

"യഹൂദന്മാർ രക്ഷകനെ തടവുകാരനായി പിടിച്ച സ്ഥലത്തു് ഒരു ഗ്രോട്ടോ ഉണ്ടു്" എന്നു നാലാംശതകത്തിലെ ഒരു തീർത്ഥയാത്രാവിവരണത്തിൽ കാണുന്നു. പാരമ്പര്യമനുസരിച്ചു്, ക്രിസ്തു തന്റെ ശിഷ്യന്മാരോടുകൂടി രാത്രികാലം കഴിച്ചുകൂട്ടുവാൻ ഈ ഗ്രോട്ടോയെ അഭയം പ്രാപിച്ചിട്ടുണ്ടു്. ഒരാനഞായറാഴ്ച ക്രിസ്തു തന്റെ ശിഷ്യന്മാരോടുകൂടി അത്താഴം കഴിച്ചതു് ഈ ഗ്രോട്ടോയിലാണെന്നും അതേ പാരമ്പര്യം തന്നെ പ്രസ്താവിക്കുന്നു. ഈ ഗ്രോട്ടോയെപ്പററി തിയൊഡോഷ്യസ് പ്രസ്താവിക്കുന്നതിങ്ങനെയാണ്:

"അവിടെ (ജോസഫാത്തിന്റെ താഴ്വരയിൽ) ആണ് ദൈവമാതാവായ പരിശുദ്ധ മറിയത്തിന്റെ ബസ്ലീക്കായും അവളുടെ കുഴിമാടവും സ്ഥിതിചെയ്യുന്നതു്. നമ്മുടെ കർത്താവു ശിഷ്യന്മാരോടുകൂടി അത്താഴം കഴിച്ച സ്ഥലവും അവിടെത്തന്നെയാകുന്നു. നമ്മുടെ കർത്താവു് തന്റെ അപ്പോസ്തോലന്മാരോടുകൂടി വിശ്രമിച്ച നാലു ബെഞ്ചുകളും അവിടെ ഉണ്ടു്. അവിടെത്തന്നെയാണ് യൂദാസ് രക്ഷകനെ ഒററിക്കൊടുത്തതും." നമ്മുടെ കർത്താവു രക്താവിയർപ്പുഘട്ടത്തിൽ മുട്ടുകുത്തിപ്രാർത്ഥിച്ചിരുന്ന കല്ലു് "മരണവേദനാദേവാലയ"ത്തിൽ സൂക്ഷിച്ചിരുന്നതു്, ആ ദേവാലയത്തെ പേർഷ്യാക്കാർ നശിപ്പിച്ചപ്പോൾ, ഗ്രോട്ടോയിലേക്കു മാററിയെന്നാണ് ചില പ്രാചീനഗ്രന്ഥകാരന്മാർ പ്രസ്താവിക്കുന്നതു്.

പ്രാചീനകാലങ്ങളിൽ ഈ ഗ്രോട്ടോയുടെ വാതിൽ ദക്ഷിണഭാഗത്തായിരുന്നു. മലയിൽനിന്നു ഒലിച്ചുവന്ന മണ്ണുമൂലവും മററും ചുററുമുള്ള പ്രദേശം ഉയർന്നുവന്നപ്പോൾ വടക്കുപടിഞ്ഞാറുഭാഗത്തു് ഒരു പുതിയ വാതിൽ ഉണ്ടാക്കുകയുണ്ടായി. ഗ്രോട്ടോയുടെ മേൽക്കൂര പാറയാണ്; ആറു തൂണുകൾ അതിനെ താങ്ങിനിൽക്കുന്നു. അതിൽ മൂന്നെണ്ണം കല്ലും കുമ്മായവുംകൊണ്ടു പണിതിട്ടുള്ളതാണ്. ഗ്രോട്ടോയ്ക്കു് അവക്രമായ ഒരു ആകൃതിയല്ലാ ഉള്ളതു്. മൊത്തമായി പറഞ്ഞാൽ, അതിനു 36 അടി നീളവും 30 അടി വീതിയും, 12 അടി ഉയരവുമുണ്ടു്. ഇതിന്റെ അകത്തു നാലു് അൾത്താരകളുണ്ടു്. എന്നാൽ മുൻകാലങ്ങളിൽ ഇതിന്റെ ഭിത്തികളെ അലങ്കരിച്ചിരുന്ന ചിത്രങ്ങളും മൊസായിക്കു പണികളും ഇപ്പോൾ അദൃശ്യമായിരിക്കുന്നു.

ഈ ഗ്രോട്ടോയിൽനിന്നു 130 അടി തെക്കാണ് ഗത്സെമൻ തോട്ടം. 195 അടി സമചതുരമായ, മതിലുകളാൽ ചുററപ്പെട്ട, ഒരു സ്ഥലമാണ് ഈ തോട്ടം. അവിടെ ഇപ്പോൾ ഏഴു ഒലിവുവൃക്ഷങ്ങൾ നില്പുണ്ടു്. അവയിൽ ഏററവും വലിയതിന്റെ തടിക്കു 26 അടി ചുററളവുണ്ടു്. ഈ ഒലിവുവൃക്ഷങ്ങൾ നമ്മുടെ കർത്താവിന്റെ മരണവേദനയ്ക്കു ദൃക്സാക്ഷികളായിരുന്നവയോ, അവയുടെ ചുവട്ടിൽ മുളച്ചിട്ടുള്ളവയോ ആകുന്നു. ഇന്നു കാണുന്ന വൃക്ഷങ്ങൾ ഏഴാം നൂററാണ്ടിൽ ഉണ്ടായിരുന്നു എന്നു ചരിത്രരേഖകളാൽ തെളിയിക്കുവാൻ സാധിച്ചിട്ടുണ്ടു്. ഒലിവുവൃക്ഷങ്ങൾ ചിരഞ്ജീവികളാണെന്നു പറയാറുണ്ടു്. ഒരു വൃക്ഷം മൂത്തു നശിക്കാറാകുമ്പോൾ അതിന്റെ ചുവട്ടിൽനിന്നു ഒരു മുളപൊട്ടുകയും അതു് ഒരു മഹാവൃക്ഷമായി വളരുകയും ചെയ്യുന്നു. ദാരുണമായ വേദനകൊണ്ടെന്നപോലെ ഈ മഹാവൃക്ഷങ്ങളുടെ കമ്പുകൾ പുളഞ്ഞും കൂടിക്കലർന്നുകൂട്ടിക്കെട്ടിയും കിടക്കുന്നു.

തോട്ടത്തിന്റെ കിഴക്കുഭാഗത്തു് ഒരു പാറക്കൂട്ടമുണ്ടു്. അപ്പോസ്തോലന്മാർ മൂന്നുപേരും ക്രിസ്തുവിനെ പ്രതീക്ഷിച്ചിരുന്നതിവിടെയാണെന്നാണ് പാരമ്പര്യവിശ്വാസം. ഇവിടെനിന്നും ഒരു കല്ലേറു് അകലെ തെക്കുഭാഗത്തു് ഭിത്തിയിൽ ഒരു സ്തംഭത്തിന്റെ കുററി കാണമാനുണ്ടു്. ഇവിടെയാണത്രേ നമ്മുടെ കർത്താവു് മുട്ടുകുത്തി നിത്യപിതാവിനോടു പ്രാർത്ഥിച്ചതു്.

നമ്മുടെ കർത്താവു തന്റെ ശിഷ്യന്മാരോടുകൂടി പലപ്പോഴും പ്രാർത്ഥിക്കുന്നതിനായി ഈ തോട്ടത്തെ അഭയംപ്രാപിച്ചിരുന്നുവെന്നാണ് വിശുദ്ധ യോഹന്നാന്റെ പ്രസ്താവനയിൽനിന്നു മനസ്സിലാക്കേണ്ടതു്. അക്കാലത്തു് ഈ തോട്ടം തിരുക്കുടുംബത്തിന്റെ ബന്ധുക്കളുടെയൊ സുഹൃത്തുക്കളുടെയൊ വകയായിരുന്ന ഒരു സ്വകാര്യതോട്ടമായിരുന്നുവെന്നു അനുമാനിക്കേണ്ടിയിരിക്കുന്നു. തന്മൂലം ഇഷ്ടമുള്ള സമയത്തു തന്റെ ശിഷ്യന്മാരോടുകൂടി അവിടെ പോകുന്നതിനു ക്രിസ്തുവിനു സ്വാതന്ത്ര്യമുണ്ടായിരുന്നുവെന്നും കരുതാം.

ഇന്നു് ഈ തോട്ടം വിവിധ റീത്തുകാർക്കായി വിഭജിക്കപ്പെട്ടിരിക്കുന്നു. ലത്തീൻ റീത്തുകാരുടെ വീതം ഫ്രാൻസിസ്കൻ സന്ന്യാസിമാരുടെ ചുമതലയിലാണ്. അതു് ഒരു മതിലിനാൽ ചുററപ്പെട്ടിരിക്കുന്നു. അതിനകത്തു കുരിശിന്റെ വഴികൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്; പുറമേ ഒരു വലിയ ദേവാലയവും നിർമ്മിക്കപ്പെട്ടിരിക്കുന്നു.

---

## സൗജന്യവിതരണ ഫണ്ടു്

സൊഡാലിററി മിഷ്യൻ ഗ്രൂപ്പ്,
കോടിക്കുളം ക. 10—0—0

---

# പ്രശ്നം

(തോമസ് സിബാസ്റ്റ്യൻ ബി. എ. എൽ. ററി)

എന്റെ ചെറുപ്പത്തിൽ ഈ പദം സാധാരണ കേൾക്കാറില്ലായിരുന്നു. "വലിയ മുൻഷിസാർ" വല്ലപ്പോഴും ആ പദം ഉപയോഗിച്ചിട്ടുണ്ടെങ്കിൽതന്നെ അതിന്റെ അർത്ഥവ്യാപ്തിയെപ്പററി ഞങ്ങളാരും ചിന്തിച്ചിട്ടുപോലുമില്ല. അന്നൊരു പ്രശ്നവുമുണ്ടായിരുന്നുമില്ല. "പത്തായം പെറും, ചക്കി കുത്തും, അമ്മ വയ്ക്കും, ഞാനുണ്ണും." അങ്ങനെ ആ കാലമങ്ങു കഴിഞ്ഞു.

ഇന്നു മട്ടു മാറിയിരിക്കുകയാണ്. ലോകം ഗമിച്ചുകൊണ്ടിരിക്കുന്നു. മുന്നോട്ടോ പുറകോട്ടോ എന്നതും ഒരു പ്രശ്നമാണ്. ജനസംഖ്യവർദ്ധിച്ചുകൊണ്ടിരിക്കുന്നു. ജീവിതത്തോതും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യന്റെ അഭിപ്രായങ്ങൾ മാറിക്കൊണ്ടിരിക്കുന്നു. (അഭിപ്രായം ഇരുമ്പുലയ്ക്കയല്ലല്ലോ.) പ്രശ്നങ്ങളും ദൈനംദിനം കൂടിക്കൊണ്ടിരിക്കുന്നു. അച്ചടിശാലയിൽ "പ്ര"യും "ശ്ന"യും വളരെ കൂടുതൽ കരുതൽവേണ്ടിവരും.

ആഹാരപ്രശ്നം ഇന്നൊരു പ്രശ്നമാണ്. അതിൽതന്നെ അരിപ്രശ്നം, റേഷൻപ്രശ്നം, നെല്ലെടുപ്പുപ്രശ്നം, കാർഷികപ്രശ്നം ഇത്യാദിപ്രശ്നങ്ങളുമുണ്ടു്. തൊഴിൽപ്രശ്നം മറെറാരു ഗംഭീരപ്രശ്നമായിരിക്കുകയാണ്. തൊഴിലാളിപ്രശ്നം മുതലാളിപ്രശ്നത്തിലും വ്യവസായപ്രശ്നത്തിലും കൂടി കടന്നു പണിമുടക്കുപ്രശ്നംവരെ എത്തിയിട്ടുണ്ടു്. പട്ടിണിപ്രശ്നത്തിലേക്കു കടന്നുതുടങ്ങിയിട്ടുമുണ്ടു്.

വിദ്യാഭ്യാസപ്രശ്നം ഇതിനെ എല്ലാം തോല്പിക്കുന്നമട്ടാണ് കാണുന്നതു്. അതു വിദ്യാർത്ഥിപ്രശ്നത്തിലും സ്കൂൾഫീസ്പ്രശ്നത്തിലും കുറെക്കാലം അടങ്ങിക്കിടന്നു. രണ്ടാം ലോകമഹായുദ്ധത്തോടുകൂടി അതു അദ്ധ്യാപകപ്രശ്നത്തിലേക്കു കടന്നു. ഇപ്പോൾ മാനേജുമെന്റു പ്രശ്നമായിത്തീർന്നിരിക്കുകയാണ്.

പ്രശ്നം ആരംഭിക്കുന്നതു് ലഘുവായിട്ടാണ്. അതിനു ലഘുപ്രശ്നമെന്നു പേരുപറയാം (Simple problem). എന്നാൽ പ്രശ്നപരിഹാരം കണ്ടുപിടിക്കാൻ ചുമതലപ്പെട്ടവരുടെ അഗാധബുദ്ധിയിൽക്കൂടി ആ ലഘുപ്രശ്നം കയറിഇറങ്ങുമ്പോൾ പ്രശ്നപരിഹാരത്തിനു പകരം കുഴഞ്ഞ പ്രശ്നമാണ് (Complex problem) പുറത്തുവരുന്നതു്; ചില ഡോക്ടറന്മാരുടെ കൈയിൽ കിട്ടുന്ന രോഗംപോലെ.

നമ്മുടെ വിദ്യാഭ്യാസപ്രശ്നം തന്നെ ഇതിനൊരുദാഹരണമാണ്. തല്ക്കാലം അദ്ധ്യാപകന്മാരുടെ പ്രതിഫലം എന്ന ഒരു ലഘുപ്രശ്നം മാത്രമായിരുന്നു അതു്. ബുദ്ധിമാന്മാരുടെ കൈയിൽ കിട്ടിയപ്പോൾ നിഷ്പ്രയാസം അതൊരു കുഴഞ്ഞപ്രശ്നമായിത്തീർന്നു. നയാഗ്രാ വെള്ളച്ചാട്ടവുമായിട്ടതിനു ബന്ധമുണ്ടു്. ജപ്പാനിലെ അഗ്നിപർവ്വതങ്ങളുമായിട്ടും ഉണ്ടതിനുബന്ധം. മാലിക്കിന്റെ വിമാനത്തിന്റെ നിറവുമായിട്ടുമുണ്ടതിനു അഭേദ്യമായബന്ധം. പോരെ, കാര്യം തീർന്നില്ലേ. അദ്ധ്യാപകൻ ഉണ്ടില്ലേ. അടങ്ങിക്കിടന്ന മാനേജരന്മാർ ഇളകിക്കഴിഞ്ഞു. രക്ഷാകർത്താക്കൾ ഇളകിത്തുടങ്ങിയിരിക്കുന്നു. പൊതുജനങ്ങൾക്കും അവിടവിടെ അനക്കംവച്ചുതുടങ്ങി. നോക്കണേ ലളിതമായ ഒരു പ്രശ്നം ഒരു കുഴഞ്ഞപ്രശ്നമാകുന്ന വിദ്യ.

സ്കൂൾ വർഷത്തിന്റെ പകുതി ആയിട്ടും സർക്കാർസ്കൂളുകളിലെ നിയമനം പൂർത്തിയാക്കാനോ പാഠപുസ്തകങ്ങൾ ആവശ്യമുള്ളിടത്തോളം അച്ചടിപ്പിച്ചു സ്കൂളുകളിൽ വിതരണം നടത്താനോ സാധിക്കാത്ത പരിതസ്ഥിതിയിൽ പുതിയ പ്രശ്നങ്ങൾകൂടി വലിച്ചു തലയിൽ കയററിയതു കുറെ അകാലികമായിപ്പോയില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഭൂതകാലാനുഭവങ്ങളിൽനിന്നു ബുദ്ധിസമ്പാദിക്കുവാൻ സാധിക്കുന്നതു് ഒരു സാമർത്ഥ്യമാണ്. മററുള്ളവരുടെ അനുഭവങ്ങളിൽനിന്നാണെങ്കിലോ അതു കുറെക്കൂടെ സാമർത്ഥ്യമാണ്. എങ്കിൽ പ്രശ്നങ്ങൾ ഒന്നും കുഴഞ്ഞപ്രശ്നങ്ങളാകാതെ കഴിക്കാം.

കൊച്ചിയിലെ വിദ്യാഭ്യാസപ്രശ്നത്തിനു നിഷ്പ്രയാസം പരിഹാരം കണ്ടുപിടിച്ചു, വിദ്യാഭ്യാസത്തോടു ബന്ധപ്പെട്ട സകലമാനപേരുടേയും അഭിനന്ദനങ്ങൾ ആർജ്ജിച്ച ഒരു വിദഗ്ദ്ധഹസ്തത്തിൽതന്നെയാണ് ഐക്യസംസ്ഥാനത്തിലെ വിദ്യാഭ്യാസവകുപ്പും വന്നുചേർന്നിരിക്കുന്നതു്. അദ്ദേഹത്തെ സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനു അനുവദിച്ചാൽ ഈ പ്രശ്നങ്ങൾക്കെല്ലാം നിഷ്പ്രയാസം പരിഹാരം നേടുവാൻ അദ്ദേഹത്തിനു സാധിക്കും.

ഇന്നു ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയിൽ പല ന്യൂനതകളും കടന്നുകൂടിയിട്ടുള്ളതു നിഷ്പക്ഷബുദ്ധികൾക്കു വ്യക്തമായി കാണുവാൻ സാധിക്കും. പ്രൈവററു് ഏജൻസികൾ പണം മുടക്കി ഉണ്ടാക്കിയിട്ടുള്ള സ്ഥാപനങ്ങളിൽ ആരെക്കൊണ്ടു് പണി എടുപ്പിക്കണമെന്നു നിശ്ചയിക്കാൻ സർക്കാരിനു ധാർമ്മികമായി അവകാശം ഇല്ല. ജോലിക്കാരന്റെ ജോലിസമയം, പ്രതിഫലം ഇവ നിയന്ത്രിക്കാൻ രാഷ്ട്രത്തിനു് അവകാശമുണ്ടു്. എന്നാൽ സർവ്വകലാശാലയുടെ പരീക്ഷാഫലം സർക്കാർ അംഗീകരിക്കുന്നിടത്തോളംകാലം യോഗ്യതയുള്ളവരുടെ മറെറാരു ലിസ്റ്റു് അനാവശ്യവും ദുരുപദിഷ്ടവും, പ്രയോജനശൂന്യമായ ജോലിവർദ്ധനവുമാണ്. പൊതുജനങ്ങൾക്കു രണ്ടു ഭീതിയാണുള്ളതു്. ഒന്നു, പല സർക്കാർസ്കൂളുകളിലേയും അനുഭവത്തിൽനിന്നു, അവരുടെ കുട്ടികൾക്കു ലഭിക്കുന്ന പരിശീലനം അപകടകരമായേക്കുമെന്നു്. സർക്കാർ ഈ നിയമനസ്വാതന്ത്ര്യം ഇപ്പോൾ എടുത്താൽ അടുത്തപടി പ്രൈവററു് ഏജൻസികളുടെ വ്യവസായശാലകളിലും, എസ്റ്റേററുകളിലും മററും, മററും പണിയെടുക്കാൻ യോഗ്യതയുള്ളവരുടെ ഒരു ലിസ്റ്റു് പൊതുജനങ്ങളുടെമേൽ കെട്ടിവയ്ക്കാൻ തുനിയുകയില്ലയോ എന്നുള്ളതാണ് മറെറാരു ഭീതി. അതായതു വ്യക്തിസ്വാതന്ത്ര്യത്തെ ഗവമെന്റു നിയന്ത്രിക്കുന്നു എന്നു ചുരുക്കം. റഷ്യയുടെ പോക്കും ആദ്യകാലത്തിങ്ങനെയൊക്കെയായിരുന്നു.

വിദ്യാഭ്യാസധുരന്ധരനായ പെർസിവൽ റെന്നിന്റെ വിലാപം നമ്മെ സംബന്ധിച്ചു് അന്വർത്ഥമാകുകയാണോ എന്നാണിയുള്ളവന്റെ ഭീതി. "വിദ്യാഭ്യാസം എന്നാൽ എന്തെന്നോ അവർ എന്തു ചെയ്യുന്നു എന്നോ അറിയാൻപാടില്ലാത്ത ഒരു കൂട്ടം ആളുകളുടെ പിടിയിൽ വിദ്യാഭ്യാസം അമർന്നുപോയി." (Education has fallen into the hands of those who do not know what it is, and know not what they do.)

## നമ്മുടെ വിദ്യാഭ്യാസപ്രശ്നങ്ങൾ

(2-ാം പേജ് തുടർച്ച)

രമായ സർക്കാർ ഖജനാവിൽ ഗ്രാമപ്രദേശങ്ങളിൽനിന്നു പണംകൊണ്ടുപോയി അടയ്ക്കുന്നതിനും, വീണ്ടും ആളയച്ചു അതു തിരിച്ചുവാങ്ങുന്നതിനും മററും അത്ര എളുപ്പമല്ല. എത്രമാത്രം സമയനഷ്ടവും ബുദ്ധിമുട്ടുമാണ് അതിലേക്കു വേണ്ടിവരുന്നതെന്നു അനുഭവിച്ചവർക്കേ അറിഞ്ഞുകൂടൂ. ഗുണമുണ്ടെങ്കിൽ അതൊക്കെ സഹിക്കാം; എന്നാൽ തികച്ചും പ്രയോജനരഹിതമായ ഒരു സംഗതിക്കുവേണ്ടി അത്തരം ബുദ്ധിമുട്ടുകൾകൂടി സഹിക്കേണ്ടിവരുന്നതു കഷ്ടമെന്നേ പറയേണ്ടൂ.

ഏവംവിധം ഗുണരഹിതവും ദൂഷ്യഭൂയിഷ്ഠവുമായ ഈ വ്യവസ്ഥയുടെ അന്തരീകോദ്ദേശ്യം എന്തായിരിക്കാം? അങ്ങനെ ചുഴിഞ്ഞുനോക്കുമ്പോഴാണ് അതിന്റെ പിന്നിൽ മറഞ്ഞുകിടക്കുന്ന ഗുരുതരമായ ചില വിപത്തുകൾ പ്രത്യക്ഷപ്പെടുന്നതു്. ചുരുക്കിപ്പറഞ്ഞാൽ ഈ 'ഖജനാവുവ്യവസ്ഥ' വിദ്യാഭ്യാസരാഷ്ട്രസാൽക്കരണത്തിന്റെ ആദ്യപടിയാണെന്നു ശങ്കിക്കേണ്ടിയിരിക്കുന്നു. ഗവമ്മെന്റ് ഏതാണ്ടു് ഇപ്രകാരം പറയുന്നതായി വിചാരിക്കാം: "വിദ്യാലയങ്ങളിലെ ഫീസുപിരിവു ഗവമ്മെന്റിലേക്കു ചെല്ലേണ്ടതായ ഒരു നികുതിയാണ്; അതു മററു നികുതികൾകണക്കേ ഖജനാവിൽ അടച്ചുകൊള്ളണം. ഇക്കാര്യത്തിൽ വിദ്യാലയങ്ങൾതമ്മിലുള്ള വലുപ്പച്ചെറുപ്പവ്യത്യാസങ്ങളോ ഫീസുപിരിവിന്റെ കൂടുതൽകുറവുകളോ ഗവമ്മെന്റിന്റെ പരിഗണനയിൽ പെടുന്നതല്ല. അതാണല്ലോ നികുതിപിരിവിന്റെ അടിസ്ഥാനതത്വം. അദ്ധ്യാപകന്മാരുടെ ശമ്പളമെല്ലാം ഗവമ്മെന്റ് കൊടുത്തുകൊള്ളും" —ഇതാണ് "ഖജനാവുവ്യവസ്ഥ"യുടെ ആന്തരാത്ഥം. ഫീസുപിരിവിന്റെ 80 ശതമാനത്തെപ്പററി "Government's share of the fee collection"—ഫീസ്പിരിവിൽ സർക്കാരിന്റെ വീതം—എന്നു ഔദ്യോഗികപ്രസ്താവനയിൽ പറഞ്ഞിട്ടുള്ളതും ഈ അനുമാനത്തെ സ്ഥിരീകരിക്കുന്നു. അതു അബദ്ധത്തിൽ പറഞ്ഞുപോയതാണെന്നും "The manager's contribution towards the teachers' salary" എന്നു തിരുത്താവുന്നതാണെന്നും മന്ത്രിമാർ പ്രസ്താവിച്ചതായി കാണുന്നു. ശരി; എന്നിരുന്നാലും, കരിയില പാറുന്നതിൽനിന്നറിയാം കാററിന്റെ ഗതിവിശേഷം, എന്നു പറഞ്ഞതുപോലെ, ആകസ്മികമായി വന്നുപോയ ആ അബദ്ധം ഗവമ്മെന്റിന്റെ മനോഗതി ഏതുവഴിക്കാണെന്നു ചൂണ്ടിക്കാണിക്കുന്നുണ്ടു്. ഇനി, മന്ത്രിമാരുടെ സുബദ്ധപ്രസ്താവന സ്വീകരിച്ചാൽതന്നെയും, നമ്മുടെ അനുമാനത്തിനു കാര്യമായ കോട്ടംതട്ടുന്നില്ല. മുൻകാലങ്ങളിലെ നിലപാടു ഇതായിരുന്നു: "മാനേജർമാരാണ് ഫീസ് പിരിച്ചും മററും അദ്ധ്യാപകന്മാരുടെ ശമ്പളത്തിനുള്ള വകയുണ്ടാക്കുന്നതു്; ഗവമ്മെന്റ് ആകട്ടെ ഒരു Contribution നല്കി അവരെ സഹായിക്കുന്നു, എന്നുമാത്രം." എന്നാൽ ഇന്നു ആ നില തകിടംമറിച്ചു്, "ഗവമ്മെന്റാണു അദ്ധ്യാപകശമ്പളത്തിന്റെ ചുമതല വഹിക്കുന്നതു്; മാനേജർമാരാകട്ടെ ഒരു Contribution നല്കി ഗവമ്മെന്റിനെ സഹായിക്കുന്നു എന്നു മാത്രം"— എന്നുള്ള ഒരു ധാരണ പൊതുജനങ്ങളിൽ കുത്തിവയ്ക്കുന്നതിനാണു ജനകീയമന്ത്രിമാരുടെ ശ്രമം.

ഇത്രയും സാധിച്ചുകഴിഞ്ഞാൽ രാഷ്ട്രസാൽകരണത്തിന്റെ രണ്ടാമത്തെപതനത്തിലേക്കുള്ള വഴിതെളിഞ്ഞു. അതാണ് അദ്ധ്യാപകനിയമനം. അതു സംബന്ധിച്ചുള്ളതാണല്ലോ പുതിയ പദ്ധതിയിലെ അതിപ്രധാനമായ രണ്ടാം വ്യവസ്ഥ. നിയമാനുസൃതമായ പരീക്ഷായോഗ്യതയും മററുമുള്ളവരിൽനിന്നു മാനേജർമാർ യുക്തംപോലെ അദ്ധ്യാപകന്മാരെ നിയമിക്കുക; യോഗ്യത ശരിയാണെങ്കിൽ ഗവമ്മെന്റ് ആ നിയമനം അംഗീകരിക്കുക; എന്നായിരുന്നു ഇതുവരെയുള്ള പതിവു്. പുതിയ പദ്ധതി ഇവിടെയും ഒരു തകിടംമറിച്ചിലാണു ഉണ്ടാക്കിയിരിക്കുന്നതു്. ഗവമ്മെന്റ് നിർദ്ദേശിക്കുന്നവരെ മാത്രമേ മാനേജർമാർ നിയമിക്കാവൂ, എന്നാണു ആ പദ്ധതി അനുശാസിക്കുന്നതു്. ഈ തകിടംമറിക്കൽകൂടി നടപ്പിൽ വന്നാൽ, പിന്നെ ജനങ്ങളുടെ വിദ്യാഭ്യാസസ്വാതന്ത്ര്യത്തിൽ ബാക്കിയൊന്നും ഉണ്ടാവില്ലെന്നു സ്പഷ്ടം. ലിസ്റ്റ് ഉണ്ടാക്കലും മററും ഒരു മറിമായം മാത്രമാണ്; അതിൽ രക്ഷയൊന്നുമില്ല. ലിസ്റ്റിലേക്കു പേരുകൾ ശുപാർശ്ചെയ്യുന്നതിനു മാനേജർമാർക്കു അവകാശമുണ്ടായിരിക്കുമെന്നു മന്ത്രിമാർ പറഞ്ഞുവത്രെ. എന്നാൽ അങ്ങനെ ശുപാർശ്ചെയ്യുന്നവരെ ലിസ്റ്റിൽ ഉൾപ്പെടുത്തിക്കൊള്ളുമെന്നു അവർ ഉറപ്പുപറഞ്ഞതായി കാണുന്നുമില്ല. ഗവമ്മെന്റ് നിയമിക്കുന്ന ഒരു ബോർഡ് ആയിരിക്കും ലിസ്റ്റ് ഉണ്ടാക്കുന്നതു്. അതിൽ ഗവമ്മെന്റ് ഉദ്ദേശിക്കുന്നവർ മാത്രമേ കടന്നുപററൂ എന്നുള്ളതു് അനുക്തസിദ്ധം. *

ഇതുകൊണ്ടും ജനകീയമന്ത്രിമാർ അടങ്ങുന്നില്ല. ഹെഡ്മാസ്റ്ററെ നിയമിക്കുന്നതിൽ മാനേജർക്കു് ഇപ്പോഴുള്ള സ്വാതന്ത്ര്യംകൂടി എടുത്തുകളഞ്ഞെങ്കിലേ അവർക്കു തൃപ്തിവരൂ. സർവ്വീസ് ദൈർഘ്യം (Seniority) അനുസരിച്ചു ഹെഡ്മാസ്റ്ററെ നിയമിച്ചുകൊള്ളണമെന്നാണു പുതിയ കല്പന. ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിലേക്കുള്ള നിയമനങ്ങളിൽ ഗവമ്മെന്റുതന്നെയും സ്വീകരിക്കാത്തതും സ്വീകരിക്കാൻ പാടില്ലാത്തതുമായ ഒരു മാനദണ്ഡമാണ് ഈ സീനിയോരററി മാത്രപരിഗണന. പക്ഷെ, എന്തു വടിയായാലും, മാനേജർമാരുടെ തലയ്ക്കടിക്കാൻ ഉതകുമെങ്കിൽ, അതു നല്ലതുതന്നെ, മറെറാന്നും നോക്കാനില്ല. വിദ്യാഭ്യാസപ്രവർത്തനസ്വാതന്ത്ര്യം, പരിശുദ്ധമായ അന്തരീക്ഷം, ആത്മാത്ഥമായ സേവനം, സ്ഥാപനത്തോടുള്ള വിശ്വസ്തത, അതൊക്കെ പഴഞ്ചരക്കാണ്; ഇന്നത്തെ ലോകത്തിൽ അവയ്ക്കു സ്ഥാനമില്ല. രാഷ്ട്രസർവ്വാധിപത്യത്തെ അനുകൂലിക്കുന്നവർക്കുമാത്രമേ സ്ഥാനമുള്ളു. അവമാത്രമാണു പുരോഗമനാദർശങ്ങൾ!! ശാന്തം, പാപം എന്നല്ലാതെ എന്തുപറയട്ടെ!

അദ്ധ്യാപകനിയമനത്തിൽ പ്രൈവററ് സ്കൂളുകൾക്കുള്ള ന്യായമായ സ്വാതന്ത്ര്യം നശിച്ചുകഴിഞ്ഞാൽ, പിന്നെ നമ്മുടെ വിദ്യാലയങ്ങളുടെ ഭാവി എന്തായിരിക്കുമെന്നു അനുമാനിക്കാൻ വലിയ ദീർഘദർശനവരമൊന്നും ആവശ്യമില്ല, അത്രയ്ക്കു സ്പഷ്ടമാണു ആ സംഗതി. ഗവമ്മെന്റ് നിർദ്ദേശിക്കുന്ന അദ്ധ്യാപകന്മാർ ഒരുപക്ഷെ നിരീശ്വരന്മാരൊ അനാത്മവാദികളൊ ദുർമ്മാർഗ്ഗികളൊ കമ്മ്യൂണിസ്റ്റുകളൊ ആയെന്നുവന്നേക്കാം; പലപ്പോഴും ആ പരമാത്ഥം നമുക്കു അനുഭവപ്പെട്ടിട്ടുള്ളതുമാണ്. സാങ്കേതികയോഗ്യതകളല്ലാതെ, സ്വഭാവശുദ്ധിയും വ്യക്തിപരമായ കാര്യക്ഷമതയും ആത്മാത്ഥതയും ചുമതലാബോധവും നോക്കുന്ന പതിവു ഗവമ്മെന്റിനില്ല; സാമാന്യനിലയ്ക്കു അതു അവർക്കു സാധ്യവുമല്ല. എന്നാൽ, അങ്ങനെയുള്ള നോട്ടമൊന്നുംകൂടാതെ നിയമിക്കപ്പെടുന്ന അദ്ധ്യാപകന്മാരുടെ കൈയിൽ നമ്മുടെ ഓമനസന്താനങ്ങളുടെമേലുള്ള ശിക്ഷണാധികാരം ചെന്നുപററുന്നപക്ഷം, അതിന്റെ ഫലമെന്തായിരിക്കും? അഹൊ, ഭയങ്കരം, അതെപ്പററി ചിന്തിക്കപോലും വയ്യാ, പ്രത്യേകിച്ചും കത്തോലിക്കരായ നമുക്കു്.

സർക്കാർ സ്കൂളുകളിലെ നിയമനം മുഴുവനും ഗവമ്മെന്റാണല്ലോ നടത്തുന്നതു്; എന്നിട്ടു എന്തു അത്യാഹിതമാണു സംഭവിച്ചിട്ടുള്ളതെന്നു ചിലർ ചോദിച്ചേക്കാം. ഇവിടെയാണു നമ്മുടെ അന്ധത, അഥവാ അനാസ്ഥ വെളിപ്പെടുന്നതു്. അത്യാഹിതം, അതേ, ഘോരതരമായ അത്യാഹിതം സംഭവിച്ചിട്ടുണ്ടു്; ഇപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്നുമുണ്ടു്. പക്ഷെ നമ്മുടെ അന്ധതമൂലം അതു നാം കാണുന്നില്ല; അല്ലെങ്കിൽ നമ്മുടെ ഉപേക്ഷാമനോഭാവം നിമിത്തം, കണ്ടിട്ടും നാം അതു അവഗണിക്കുന്നു. ഇന്നു സർവ്വത്ര പ്രചരിച്ചിരിക്കുന്ന ഭൗതികമനസ്ഥിതിയും അതിൽനിന്നു അനവരതം നിർഗ്ഗമിച്ചുകൊണ്ടിരിക്കുന്ന നിരവധി ദുരനുഭവങ്ങളും വ്യതിചലിച്ച വിദ്യാഭ്യാസത്തിന്റെ ഫലമല്ലാതെ മറെറന്താണ്? സാക്ഷാത്തായ ഈശ്വരഭക്തിയും മാതൃകാപരമായ സ്വഭാവഗുണവുമുള്ള അദ്ധ്യാപകന്മാർ വിദ്യാഭ്യാസം കൈകാര്യംചെയ്തിരുന്നെങ്കിൽ ഈ ദുരവസ്ഥ വന്നുഭവിക്കുമായിരുന്നോ? വിദ്യാഭ്യാസവിഷയത്തിൽ, പ്രത്യേകിച്ചും അദ്ധ്യാപകനിയമനത്തിൽ, ആധുനികഗവമ്മെന്റുകൾ അമിതമായും അനാവശ്യമായും കൈകടത്തിയതുമുതൽക്കല്ലേ ഈ ഭൗതികതാപകഞ്ചുമാലയ്ക്കു ഇത്ര വ്യാപകമായ നിലയിൽ പ്രചാരണം സിദ്ധിച്ചതു്? ഈ ചോദ്യങ്ങൾ നമ്മെ ഇരുത്തി ചിന്തിപ്പിക്കേണ്ടവയാണ്. ഗവമ്മെന്റുകൾക്കു് ഇക്കാര്യത്തിൽ പ്രത്യേകമൊരു ഉൽകണ്ഠയൊ വ്യഗ്രതയൊ ഉണ്ടായില്ലെന്നുവരാം. അവരുടെ ഉന്നംതന്നെ മററുവഴിക്കാണ്. മദ്രാസ്മെയിൽ (11-10-1950) പറയുന്നതുപോലെ, ഉദ്യോഗസ്ഥവർഗ്ഗം തിരഞ്ഞെടുക്കുന്ന അദ്ധ്യാപകന്മാർ ചുരുക്കം ചിലരൊഴികെ, അവരെ നിയമിച്ച അധികൃതകക്ഷിയുടെ (Party Government) ആദർശങ്ങൾ പ്രചരിപ്പിക്കുന്ന ഉപകരണങ്ങളായിട്ടേ പരിണമിക്കുകയുള്ളു. അതാണല്ലോ അധികാരപ്രമത്തമായ ഗവമ്മെന്റിന്റെ ഉദ്ദേശ്യവും. പക്ഷെ അത്തരക്കാർമുഖേന വിദ്യാലയങ്ങളിലെ അച്ചടക്കബോധവും അന്തരീക്ഷശുദ്ധിയും അദ്ധ്യയനകാര്യക്ഷമതയും വിശിഷ്ടപാരമ്പര്യവും പാലിച്ചുകൊണ്ടുപോകുന്നതിനു മാനേജർക്കു സാധ്യമല്ല.

പൊതുമുതലിൽനിന്നു അദ്ധ്യാപകശമ്പളത്തിലേക്കു സഹായധനം നൽകുന്നതുകൊണ്ടു ഗവമ്മെന്റിനു ഈ വിഷയത്തിൽ നിയന്ത്രണാധികാരം ഉണ്ടായിരിക്കേണ്ടതല്ലേ എന്നുള്ള വാദമാണു മന്ത്രിമാർ ഉന്നയിച്ചുകാണുന്നതു്. ഈ വാദം നിലനിൽക്കത്തക്കതല്ല. സഹായധനം (Grant-in-aid) ഒരു സൗജന്യദാനമല്ല; പ്രത്യുത, വിദ്യാലയങ്ങൾ അനുഷ്ഠിക്കുന്ന അമൂല്യമായ പൊതുജനസേവനത്തിന്റെ ചെലവിലേക്കു പൊതുമുതലിൽനിന്നു ലഭിക്കുന്നതുചിതമായ ഒരുവീതം മാത്രമാണ്. ഗവമ്മെന്റുകൾ ജനങ്ങളിൽനിന്നു നികുതിപിരിക്കുകയും അതിലൊരുഭാഗം വിദ്യാഭ്യാസത്തിനായി വിനിയോഗിക്കുകയും ചെയ്യുന്നിടത്തോളം കാലം അതിൽനിന്നു ശരിയായൊരുവീതം ലഭിക്കുന്നതിനു പ്രൈവററ് വിദ്യാലയങ്ങൾക്കും അനിഷേധ്യമായ അർഹതയുണ്ടു്. ആ വീതം യഥാവിധി അനുവദിച്ചുകൊടുക്കുന്നതുകൊണ്ടു പ്രസ്തുത വിദ്യാലയങ്ങളിന്മേൽ വിശേഷവിധിയായ അധികാരങ്ങൾ ഒന്നുംതന്നെ ഗവമ്മെന്റിനു അവകാശപ്പെടാവുന്നതല്ല. "രാഷ്ട്രംസഹായധനം നൽകുന്നതുകൊണ്ടു ഗവമ്മെന്റ് പട്ടികയിൽനിന്നു അദ്ധ്യാപകന്മാരെ തിരഞ്ഞെടുത്തുകൊള്ളണമെന്നു നിർബന്ധിക്കുവാൻ ഗവമ്മെന്റിനു അവകാശമുണ്ടെന്നുള്ളവാദം സ്വീകാര്യമല്ല" എന്നു മദ്രാസ്മെയിൽ രേഖപ്പെടുത്തിയിട്ടുള്ള അഭിപ്രായത്തോടു നിഷ്പക്ഷമതികളേവരും യോജിക്കുകതന്നെ ചെയ്യും.

### പുതിയ പദ്ധതിയിലെ നയചാതുര്യം

ഒരു സംഗതിയിൽ മന്ത്രിമാരെ മുക്തകണ്ഠം അനുമോദിക്കേണ്ടതുണ്ടു്. പുതിയ വിദ്യാഭ്യാസപദ്ധതിയുടെ ആസൂത്രണത്തിൽ അവർ പ്രകടിപ്പിച്ചിട്ടുള്ള നയചാതുര്യം ആരേയും വിസ്മയിപ്പിക്കാതെയിരിക്കയില്ല. സ്വാത്ഥമാത്രമായ നയോപായത്തിന്റെ ഒരു മകുടോദാഹരണമാണ് ആ പദ്ധതി. ലോകത്തിന്റെ മക്കൾ അവരുടെ തലമുറയിൽ വെളിച്ചത്തിന്റെ മക്കളെക്കാൾ സാമത്ഥ്യമുള്ളവരാണല്ലൊ. അദ്ധ്യാപകലോകത്തിനു അപാരമായ ആനുകൂല്യങ്ങൾ ചെയ്യുന്നതിനു ഗവമ്മെന്റ് സന്നദ്ധമാണെന്നും എന്നാൽ മാനേജർമാരാണു അതിൽ വിലങ്ങടിച്ചുനിൽക്കുന്നതെന്നും ഉള്ള ഒരു തെററിദ്ധാരണ പുതിയ പദ്ധതി മുഖേന തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ അദ്ധ്യാപകരിൽ കടത്തിവിടുന്നതിനു മന്ത്രിമാർക്കു സാധിച്ചിട്ടുണ്ടു്. നിയമസഭാതിരഞ്ഞെടുപ്പു അടുത്തുവരുന്ന ഈ കാലഘട്ടത്തിൽ അതു വിലയേറിയ ഒരു നേട്ടംതന്നെയാണ്, സംശയമില്ല. എന്നാൽ അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിലേക്കു മാനേജർമാരുടെ അവകാശാധികാരങ്ങളും വിദ്യാലയങ്ങളുടെ ന്യായമായ പ്രവർത്തനസ്വാതന്ത്ര്യവും നിർമ്മൂലനംചെയ്യേണ്ടതായ ആവശ്യകത എന്താണ്' എന്നൊരു ചോദ്യത്തിനുവഴിയുണ്ടു്. പക്ഷെ അതിനെപ്പററി ശാന്തമായും നിഷ്പക്ഷമായും ആലോചിക്കുന്നതിനുള്ള സമചിത്തത അദ്ധ്യാപകന്മാരിൽ പലരിലും പ്രത്യക്ഷപ്പെട്ടു കാണുന്നില്ല. അതു അവരുടെ ഇപ്പോഴത്തെ മനശ്ചാഞ്ചല്യംകൊണ്ടു മാത്രമായിരിക്കാനേ തരമുള്ളു. ശാന്തമായി ആലോചിക്കുന്നപക്ഷം ശത്രുമിത്രങ്ങളെ തിരിച്ചറിയുന്നതിനും ഇരുകൂട്ടരുടേയും ആത്മാത്ഥതയുടെ അളവു മനസ്സിലാക്കുന്നതിനും അവർക്കു പ്രയാസമുണ്ടാകയില്ല. "നാടുവാഴണം ഭരതനെന്നാകിൽ നീ കാടുവാഴണമെന്നുണ്ടൊ വിധിമതം" എന്നു ഗുണവതി കൗസല്യ മനമുരുകി ചെയ്ത ചോദ്യത്തിലെ യുക്തി അവരും സമ്മതിക്കതന്നെ ചെയ്യും. പക്ഷെ അവരണ്ടും ഒരുമിച്ചു സാധിച്ചെങ്കിലേ കൈകേയിയുടെ ഉദ്ദേശ്യം പൂത്തിയാകയുള്ളു. അങ്ങനെവരുമ്പോൾ രാജ്ഞിയുടെ അപ്രീതി ഭയപ്പെടുന്നവർക്കും ആ നിലതന്നെ സ്വീകരിക്കേണ്ടതായിവരുന്നു.

അത്തരമൊരു വിഷമ പ്രശ്നത്തിന്റെ വലക്കണ്ണിയിൽ കുടുങ്ങിപ്പോയതുകൊണ്ടായിരിക്കണം നമ്മുടെ നിയമസഭാസാമാജികന്മാരിൽ പലരും അടുത്തുകഴിഞ്ഞ അടിയന്തിരപ്രമേയകോലാഹലങ്ങൾക്കിടയിൽ അവരുടെ തിങ്ങിവിങ്ങിവന്നവികാരങ്ങൾ ഒതുക്കി മൗനം അവലംബിക്കേണ്ടിവന്നതു്. പക്ഷെ പിന്നീടു് അവർ അതിനെപ്പററി അവഗാഢം ചിന്തിച്ചെന്നും തൽഫലമായി ധമ്മധീരമായ ഒരുനിലകൈക്കൊള്ളുന്നതിനു് അവർ ഒരുങ്ങിയിരിക്കയാണെന്നും അറിയുന്നതു സന്തോഷാവഹമാണ്. കൂടുതൽ വിഷമകരമായ ഒരു പ്രശ്നമാണു നമ്മുടെ അദ്ധ്യാപകന്മാരെ അഭിമുഖീകരിച്ചിരിക്കുന്നതെന്നു സമ്മതിക്കണം. എന്നിരുന്നാലും വിദ്യാഭ്യാസസംരംഭത്തിലെ പ്രധാനപ്രവത്തകരായ അദ്ധ്യാപകന്മാർതന്നെ അല്പസ്വല്പബുദ്ധിമുട്ടുകൾ ഭയന്നു അവരുടെ മതപരവും ആദ്ധ്യാത്മികവുമായ ആദർശങ്ങളേയും ബാലികാബാലന്മാരുടെ ഉത്തമതാല്പര്യങ്ങളേയും ബലികഴിക്കുവാനിടവരുന്നതു വളരെ കഷ്ടമായിരിക്കും. പ്രത്യേകിച്ചും, അങ്ങനെ ബലികഴിക്കാതെതന്നെ, മാനേജർമാരോടു ഒരുമിച്ചുനിന്നു യാഥാത്ഥ്യങ്ങൾ ഗവമ്മെന്റിനെ ശരിയായി ഗ്രഹിപ്പിച്ചു കാര്യങ്ങൾ വഹിക്കാൻ പാടുള്ളപ്പോൾ, അപ്രകാരം ചെയ്യാതെ മറിച്ചു പ്രവത്തിക്കുന്നതു ബുദ്ധിപൂർവ്വകമായിരിക്കയില്ല. തൽക്കാലത്തെ ബുദ്ധിമുട്ടുകളിൽ മാത്രം ദൃഷ്ടി പതിക്കാതെ, ഭൂതകാലത്തിലേക്കും ഭാവിയിലേക്കും ഒന്നു കണ്ണോടിക്കുന്നപക്ഷം അദ്ധ്യാപകന്മാരിൽ പലരും ഇപ്പോൾ സ്വീകരിച്ചിരിക്കുന്നതായി കാണുന്ന നിലപാടിന്റെ അനാശാസ്യത മനസ്സിലാക്കുന്നതിനു അവർക്കു തന്നെ തീർച്ചയായും സാധിക്കും. മാനേജ്മെൻറ് സ്കൂളുകൾ ഇല്ലായിരുന്നെങ്കിൽ, അഥവാ അവയിലെ മാനേജർമാർക്കു നിയമനസ്വാതന്ത്ര്യമില്ലായിരുന്നെങ്കിൽ, ഇന്നത്തെ പ്രൈവററ് അദ്ധ്യാപകന്മാരിൽ, പ്രത്യേകിച്ചും ക്രൈസ്തവാദ്ധ്യാപകന്മാരിൽ, എത്രപേർക്കു ആ സ്ഥാനത്തു എത്തിച്ചേരുവാൻ സാധിക്കുമായിരുന്നു? ആ നിയമനസ്വാതന്ത്ര്യം നശിപ്പിക്കുന്നപക്ഷം മേലിൽ അവരുടെ സ്ഥാനങ്ങൾ പിടിച്ചുപററുന്നതു് ആരായിരിക്കും? ഭാരിച്ച ബുദ്ധിമുട്ടും ധനനഷ്ടവും സഹിച്ചും നിരവധി പ്രതിബന്ധങ്ങൾ തരണംചെയ്തും വിദ്യാലയങ്ങൾ സ്ഥാപിച്ചിട്ടുള്ള ഇടവകജനങ്ങൾക്കു അവരിൽനിന്നും എത്രപേരെ, അല്ലെങ്കിൽ അവർക്കു സ്വീകാര്യരായ എത്രപേരെ ഇനിമേൽ അവരുടെ

(ശേഷം 7-ാം പേജിൽ)

* യോഗ്യതയുള്ള എല്ലാ അപേക്ഷകരേയും ലിസ്റ്റിൽ ഉൾപ്പെടുത്തുമെന്നും അതിൽനിന്നു ഇഷ്ടമുള്ളവരെ മാനേജർമാർക്കു തിരഞ്ഞെടുത്തു നിയമിക്കാവുന്നതാണെന്നും മററുമാണു മന്ത്രിമാരുടെ ഇപ്പോഴത്തെ പ്രസ്താവനകൾ. അങ്ങനെയെങ്കിൽപിന്നെ ഒരു ലിസ്റ്റ് ഉണ്ടാക്കുന്നതിന്റെ ആവശ്യകത എന്താണ്? മാനേജർമാർ പരീക്ഷാസർട്ടിഫിക്കെററുകൾ പരിശോധിച്ചു യോഗ്യതയുള്ളവരെനിയമിച്ചുകൊള്ളുകയില്ലേ? എന്ന ചോദ്യങ്ങൾക്കു കേവലം നിരത്ഥകങ്ങളായ മറുപടികളാണു മന്ത്രിമാരിൽനിന്നു ലഭിച്ചിട്ടുള്ളതു്. ആകയാൽ ലിസ്റ്റ് കൂടിയേ കഴിയൂ എന്ന ശാഠ്യത്തിന്റെ അടിയിൽ ഏതോ ചില രഹസ്യങ്ങൾ മറഞ്ഞുകിടപ്പുണ്ടെന്നു ശങ്കിക്കേണ്ടിയിരിക്കുന്നു. അതിന്റെ ഉള്ളുകള്ളികൾ മററു പല പത്രങ്ങളിലും വിശദീകരിച്ചിട്ടുള്ളതിനാൽ അവ ഇവിടെ ആവത്തിക്കണമെന്നില്ല.

# Sathya Deepam

Vol. 24 | Ernakulam November 15, 1950 | No. 13


## ചോദ്യോത്തരപംക്തി

**ചോ:** "എനിക്കു എന്റെയൊരു സ്നേഹിതൻ അയച്ചുതന്ന ഒരു കത്തിന്റെ പരിഭാഷയാണു താഴെ ചേർക്കുന്നതു്:

"പ്രിയപ്പെട്ട...... ഞങ്ങൾ ഫാത്തിമാമാതാവിന്റെ ഒരു നൊവേന നടത്തുകയാണു്. അതു നിർവ്വഹിക്കുവാൻ യാതൊരു പ്രയാസവുമില്ല. 9 രാവോ 9 പകലോ തുടർച്ചയായി 1 ആ. 1 നന്മ. 1 ത്രി. യും ചൊല്ലിയാൽ മാത്രംമതി. വി. ഫ്രാൻസിസിന്റെ സഹോദരിയുടെ (the Sister of St. Francis) അംഗീകാരമുള്ള ഈ നൊവേന നിങ്ങൾക്കു നടത്താവുന്ന ഒന്നാണെന്നു ഞാൻ വിചാരിക്കുന്നു. നാലാമത്തെ പ്രാവശ്യമാണു് ഈ നൊവേന ലോകം മുഴുവൻ ചുററുന്നതു്. ഇതു കിട്ടിയശേഷം നാലുദിവസത്തിനകം, ഇതിന്റെ ഒമ്പതുപ്രതികൾ ഉണ്ടാക്കി ഒമ്പതുപേർക്കു് അയച്ചുകൊടുപ്പാൻ ദയവുണ്ടാകണം. എന്റെയൊരു സ്നേഹിതനാണു് ഈ നൊവേന എനിക്കു് അയച്ചുതന്നതു്.

( ) (അയക്കുന്ന ആളുടെ പേർ)

ഈ നൊവേന ഒരു ചങ്ങലയല്ല. ഇതു നിങ്ങളോടുകൂടി അവസാനിപ്പിക്കരുതേ. ഈ പ്രാർത്ഥന നിങ്ങൾ ചൊല്ലുന്നില്ലെങ്കിൽ, അതു വി. ഫ്രാൻസിസിന്റെ സഹോദരി, ബോസ്റ്റൺ, മസ്സച്ചുസെററ്സ്, യു. എസ്. എ. എന്ന വിലാസത്തിൽ തിരികെ അയച്ചുകൊടുക്കണം.

ഈ നൊവേനയുടെ നാലാംദിവസം നിങ്ങൾക്കു വലിയൊരനുഗ്രഹം ലഭിക്കാനിടയുണ്ടു്. ഫാത്തിമാമാതാവിന്റെ നേർക്കുള്ള ഭക്തി പ്രചരിപ്പിക്കുന്നതിനു വേണ്ടിയാണു് ഈ നൊവേന നടത്തുന്നതു്.

ഫാത്തിമാമാതാവു് നിങ്ങൾക്കു വലിയൊരനുഗ്രഹം പ്രദാനം ചെയ്യുമാറാകട്ടെ. നിങ്ങളുടെ സ്നേഹിതൻ"

ഇതിൽ പറഞ്ഞിരിക്കുന്നതുപോലെ ചെയ്യേണ്ട ആവശ്യമുണ്ടോ?"

**ഉ:** യാതൊരാവശ്യവുമില്ലെന്നു മാത്രമല്ല അങ്ങനെ ചെയ്യുന്നതു തെററുമാണു്. ഇതുപോലെയുള്ള പ്രസ്ഥാനങ്ങൾ അന്ധവിശ്വാസത്തിന്റെ ഫലമായി രൂപമെടുത്തിട്ടുള്ളവയാണെന്നു ഞങ്ങൾ നേരത്തെ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണല്ലോ. (21-ാം പു. ലക്കം 35, പേജ് 10 നോക്കുക) കൃത്യം നാലാംദിവസം ഒരു വലിയ അനുഗ്രഹം ലഭിക്കുമെന്നു പറയുന്നതു് എന്തു ന്യായത്തെ അടിസ്ഥാനമാക്കിയാണു്? "വി. ഫ്രാൻസിസിന്റെ സഹോദരി" എന്ന ആൾ ആരാണു്? അതൊരു മിഥ്യാനാമംമാത്രം. അബദ്ധധാരണയും അന്ധവിശ്വാസവും നിറഞ്ഞ ഏതോ ഒരു വ്യക്തിയായിരിക്കണം വഴിപിഴച്ച ഈ ഭക്തിപ്രസ്ഥാനത്തിനു പ്രാരംഭമിട്ടതു്. ഫാത്തിമാമാതാവിന്റെ നേർക്കുള്ള ഭക്തി പ്രചരിപ്പിക്കുന്നതിനു് ഇതുപോലെയുള്ള "ചങ്ങലപ്രാർത്ഥനകൾ" ആവശ്യമില്ലതാനും. മാതാവു് ഫാത്തിമായിൽവച്ചു് നല്കിയ സന്ദേശം എന്തെന്നു ഇതിനകം ലോകമെങ്ങും വിളംബരം ചെയ്യപ്പെട്ടിട്ടുണ്ടു്. 1) ജപമാല ചൊല്ലുക. 2) മാതാവിന്റെ വിമലഹൃദയത്തെ വണങ്ങുകയും ആദ്യശനിയാഴ്ച ഭക്തി ആചരിക്കുകയും ചെയ്യുക. 3) പ്രായശ്ചിത്തം അനുഷ്ഠിക്കുക, ഇത്യാദികാര്യങ്ങളാണു പ്രസ്തുതസന്ദേശത്തിലെ ഘടകങ്ങൾ. മാതൃഭക്തർ ഇത്തരം കാര്യങ്ങൾ ശരിയായി നിർവ്വഹിക്കുവാൻ ശ്രമിക്കയല്ലാതെ അന്ധവിശ്വാസം പ്രചരിപ്പിക്കുന്നതിൽ പങ്കുവഹിക്കുകയല്ലവേണ്ടതു്. ആകയാൽ മേലുദ്ധരിച്ച കത്തു കിട്ടിയിട്ടുള്ളവരെല്ലാം ഉടനതു കത്തിച്ചുകളകയോ കീറിക്കളകയോ ചെയ്യണം. ആർക്കുമതു പകർത്തി അയച്ചുകൂടാത്തതാകുന്നു.

**ചോ:** മാതാവിന്റെ സ്വർഗ്ഗാരോപണം ഒരു നവീനതത്വമാണെന്ന ആക്ഷേപം കാൻറർബറിയിലെയും യോർക്കിലെയും മെത്രാപ്പോലീത്താമാർ പുറപ്പെടുവിക്കയുണ്ടായല്ലോ. അതിനെന്തു സമാധാനം പറയുന്നു?

**ഉ:** അഞ്ചാം നൂററാണ്ടുമുതൽ സഭയിൽ ഈ വിശ്വാസസത്യം അംഗീകരിക്കപ്പെട്ടിരുന്നുവെന്നതിനു രേഖകളുണ്ടെന്നും അതു് അക്കാലങ്ങളിൽ പുതുതായി ആവിർഭവിച്ച ഒരു തത്വമായിരിക്കാൻ ഇടയില്ലെന്നും ശ്ലൈഹികകാലംമുതൽ അംഗീകരിക്കപ്പെട്ടിരുന്നതായിരിക്കണമെന്നും നേരത്തെ പ്രസിദ്ധീകരിച്ചിരുന്ന ലേഖനങ്ങളിൽ വിശദമാക്കിയിരുന്നതാണു്. ആകയാൽ അതു ആവർത്തിക്കേണ്ട ആവശ്യമില്ല. പ്രോട്ടസ്റ്റൻറുകാർപോലും സ്വർഗ്ഗാരോപണസത്യം സ്വീകരിച്ചിരുന്നുവെന്ന വസ്തുത ഇത്തരുണത്തിൽ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.

മുമ്പു് കാൻറർബറിയിലെ മെത്രാപ്പോലീത്തയായിരുന്ന ആർച്ചുബിഷപ്പു് ലാൻഫ്രാങ്കു് അദ്ദേഹത്തിന്റെ പഞ്ചാംഗത്തിൽ (Calendar) മറിയത്തിന്റെ സ്വർഗ്ഗാരോപണത്തെ ആണ്ടുവട്ടം ആഘോഷിക്കേണ്ട അഞ്ചു പ്രധാനതിരുനാളുകളിൽ ഒന്നായി സ്വീകരിച്ചിരുന്നു. മാതാവിന്റെ തിരുനാളുകളിൽവച്ചു് ഏററവും വലിയ തിരുനാളായി അദ്ദേഹം പരിഗണിച്ചിരുന്നതും ഇതുതന്നെയാണു്. യോർക്കുമെത്രാപ്പോലീത്തായുടെ കത്തീഡ്രൽ ദേവാലയത്തിൽ മാതാവിന്റെ സ്വർഗ്ഗാരോപണം ചിത്രീകരിക്കുന്ന ഒരു ശിലാലിഖിതം ഉണ്ടു്. അതിനു് അഞ്ഞൂറു് കൊല്ലത്തെ പഴക്കമെങ്കിലും കാണും. മാത്രമല്ല ആൽഫ്രഡ് മഹാരാജാവു് മാതാവിന്റെ സ്വർഗ്ഗാരോപണം ഒരു പൊതുഒഴിവുദിനമായി പ്രഖ്യാപനം ചെയ്തിരുന്നെന്നു് ആംഗ്ലോസാക്സൺ സഭാരേഖകൾ സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു. കുറെനാൾ കഴിഞ്ഞു എഡ്ഗർ രാജാവിന്റെ കാലത്തു മാത്രമാണു് മാതാവിന്റെ മററു മൂന്നു തിരുനാളുകളും—അവയും നേരത്തെമുതൽ ആചരിച്ചുവന്നതാണെങ്കിലും—പൊതുഒഴിവുദിനങ്ങളായി പ്രഖ്യാപിക്കപ്പെട്ടതു്.

മറിയത്തിന്റെ സ്വർഗ്ഗാരോപണവുമായി ഈററൺ കോളെജിലെ ചില രേഖകളും ബന്ധപ്പെട്ടിരിക്കുന്നു. 1447-ലെ അതിന്റെ ചാർട്ടറിൽ സ്വർഗ്ഗാരോപണത്തിന്റെ ഒരു ചിത്രമുണ്ടു്. കോളെജിന്റെ ഔദ്യോഗികമുദ്രകളിലും സ്വർഗ്ഗാരോപണചിത്രമുണ്ടായിരുന്നു. അവയിലൊന്നിൽ പരിശുദ്ധമാതാവു് എട്ടു മാലാഖമാരാൽ മുകളിലേക്കു് സംവഹിക്കപ്പെടുന്നതായിട്ടാണു് ചിത്രിക്കപ്പെട്ടിരിക്കുന്നതു്. ഈററന്റെ കരങ്ങൾ അവിടുത്തെ പാദങ്ങൾക്കു കീഴെയാണു്. വലത്തുവശത്തു കോളെജിന്റെ സ്ഥാപകനായ ഹെൻട്രി ആറാമൻ മുട്ടുകുത്തി നില്ക്കയും ചെയ്യുന്നു.

ക്രോംവെല്ലിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകൃതമായതും "വലിയ ബൈബിൾ" എന്ന പേരിൽ അറിയപ്പെടുന്നതുമായ പ്രോട്ടസ്റ്റൻറു ബൈബിളിന്റെ 1562-ലെ പതിപ്പിൽ ചേർത്തിരിക്കുന്ന പഞ്ചാംഗത്തിൽ ആഗസ്റ്റ് 15-ാംനു- സ്വർഗ്ഗാരോപണത്തിരുനാൾ എന്നു രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ, 1699-ൽ ചരമം പ്രാപിച്ച ജോസഫ് ബോമോണ്ടു് എന്ന പ്രോട്ടസ്റ്റൻറുകവിയും, 1711-ൽ ചരമം പ്രാപിച്ച തോമസ് കെൻ എന്ന ആംഗ്ലിക്കൻ മെത്രാനും, വേറെയും ചില പ്രോട്ടസ്റ്റൻറുഗ്രന്ഥകാരന്മാരും മറിയത്തിന്റെ സ്വർഗ്ഗാരോപണത്തിലുള്ള വിശ്വാസം അസന്നിഗ്ദ്ധമായ ഭാഷയിൽ പ്രകാശിപ്പിച്ചിട്ടുള്ളതാണു്.

മേൽപ്പറഞ്ഞവയിൽനിന്നെല്ലാം അനുമാനിക്കേണ്ടതു് ഇംഗ്ലണ്ടു പ്രോട്ടസ്റ്റൻറുമയമായിത്തീരുന്നതിനു മുമ്പും പിമ്പും, "സ്വർഗ്ഗാരോപണ"ത്തിലുള്ള വിശ്വാസം അവിടെ രൂഢമൂലമായിരുന്നുവെന്നാണു്. ആ സ്ഥിതിക്കു ഇന്നവർ അതിനെ എതിർക്കുന്നതു വിശ്വാസവിഷയത്തിൽ അവർക്കുണ്ടായിട്ടുള്ള അധഃപതനം നിമിത്തമോ കത്തോലിക്കാസഭയുടെ വിശ്വാസാചാരങ്ങളോടും നടപടികളോടും അവർക്കു സഹജമായുള്ള വെറുപ്പു നിമിത്തമോ ആയിരിക്കാനേ ഇടയുള്ളു.


PLAN TODAY FOR TOMORROW

SAVE ALL YOU CAN?

BUT REMEMBER TO INVEST YOUR SAVINGS WHERE THEY WILL BE SAFE AND WAITING FOR YOU WHEN YOU NEED THEM.

**The Eastern Mercantile Bank LTD.,**

H. O. CHANGANACHERRY.

BRANCHES:- ALWAYE, CHANGANACHERRY, KOTHAMANGALAM, KOTTAYAM, MUVATTUPUZHA, NEDUMKUNNAM, PONKUNNAM, TIRUVELLA, TRICHUR, AND UPPUTHARA

P. M. DEVASIA, Secretary

V. M. KURIAN, General Manager


## കവർച്ചക്കാരൻ വിശുദ്ധനായി

പുള്ളിപ്പുലിയുടെ പുള്ളി മാഞ്ഞുപോകയില്ലെന്നു് ഒരു ചൊല്ലു് ഇംഗ്ലീഷിലുണ്ടു്. വാസ്തവത്തിൽ ചെന്നായ ആട്ടിൻകുട്ടിയോ, സിംഹം പശുവോ ആയിത്തീരുന്നില്ല. എന്നാൽ ഏററവും വലിയ പാപികൾക്കുപോലും വിശുദ്ധരായിത്തീരാമെന്നു താഴെ പറയുന്ന സംഭവത്തിൽനിന്നു സ്പഷ്ടമാകുന്നതാണു്.

നാലാം ശതകത്തിൽ, അലക്സാൻട്രിയാ നഗരത്തിൽ, ഒരു ധനികകുടുംബത്തിൽ മോസസ്സ് എന്ന ഒരു അബിസീനിയൻ അടിമ നിവസിച്ചിരുന്നു. അദ്ദേഹം ശക്തനും നിഷ്ഠൂരനുമായ ഒരു രാക്ഷസനായിരുന്നു. അയാളുടെ യജമാനൻ മോസസ്സിന്റെ അപകൃതികൾ കണ്ടു സഹിക്കവയ്യാതെ ജോലിയിൽനിന്നു് അയാളെ പിരിച്ചുവിട്ടു. അനന്തരം അയാൾ ഒരു തസ്കരസംഘത്തിലെ നേതാവായിത്തീരുകയും അചിരേണ അലക്സാൻട്രിയായിലെ ജനങ്ങൾക്കു ഭയകാരണമായിത്തീരുകയും ചെയ്തു. മോസസ്സിന്റെ കടുംകൈകൾ സഹിക്കവയ്യാതായപ്പോൾ ഗവമ്മെൻറധികാരികൾ അയാളെ പിടിച്ചുകൊണ്ടുവരുവാൻ പട്ടാളക്കാരെ നാലുപാടും അയച്ചു. മോസസ്സ് ഇതറിഞ്ഞു സന്യാസികൾ നിവസിച്ചിരുന്ന മരുഭൂമിയിലേക്കു് ഓടിയൊളിക്കുകയും പേത്രാ എന്ന സ്ഥലത്തെ ആശ്രമത്തിൽ സമയം ചെലവഴിക്കുകയും ചെയ്തു.

മോസസ്സിനെ ആശ്രമത്തിൽ ആരും അന്വേഷിക്കാഞ്ഞതുകൊണ്ടു് അയാളുടെ ജീവിതം സുരക്ഷിതമായിരുന്നു. അതേസമയം, സന്യാസികളുടെ ജീവിതമാതൃകയാൽ പ്രചോദിതനായി സ്വപാപങ്ങളെയോർത്തു അനുതപിക്കുകയാൽ ആത്മാവും സുരക്ഷിതമായി. അങ്ങനെ മാസങ്ങൾ പലതു കഴിയുകയും ഒടുവിൽ സന്യാസജീവിതം ആശ്ലേഷിക്കുവാൻ മോസസ്സ നിശ്ചയിക്കുകയും ചെയ്തു.

ഒരിക്കൽ മരുഭൂമിയിൽ മുട്ടുകുത്തി പ്രാർത്ഥിച്ചുകൊണ്ടിരിക്കവേ, ചില കള്ളന്മാർ വന്നു് അയാളെ പിടികൂടിക്കൊണ്ടു് കൈയിലുള്ളതൊക്കെ അവരെ ഏല്പിക്കുവാൻ ആജ്ഞാപിച്ചു. എന്നാൽ താമസിയാതെ അവർക്കു പററിയ അബദ്ധം സ്പഷ്ടമായി. സന്യാസികളുടെ കൈയിൽ അമൂല്യവസ്തുക്കൾ ഉണ്ടാകയില്ലെന്നും, ശക്തനായ ഒരു പ്രതിയോഗിയെയാണു് തങ്ങൾ അഭിമുഖീകരിച്ചിരിക്കുന്നതെന്നും തസ്കരന്മാർ ഗ്രഹിച്ചു.

മോസസ്സ പ്രാർത്ഥനസ്ഥലത്തുനിന്നു് എഴുന്നേററു ഒന്നു കൊതറുകയും പ്രയാസമെന്യെ നാലുപേരെയും അടിപ്പെടുത്തി അവരെ ഒരുമിച്ചു കെട്ടിയെടുത്തു ശ്രേഷ്ഠന്റെ മുമ്പാകെ സമപ്പിക്കുകയും ചെയ്തുവെങ്കിലും അവരെ ഉപദ്രവിക്കുകയുണ്ടായില്ല. കള്ളന്മാരെ ശ്രേഷ്ഠൻ സ്വതന്ത്രമായി വിടുകയും ചെയ്തു.

സന്യാസിയായിരുന്നുവെങ്കിലും മോസസ്സിന്റെ ജീവിതം സമാധാനസമന്വിതമായിരുന്നില്ല. ഒരുദിവസം പ്രലോഭനങ്ങളാൽ ക്ഷുബ്ധനായി ഉഴലവേ, ആശ്രമശ്രേഷ്ഠനായ വി. ഇസിദോറിന്റെ പക്കൽ ചെന്നു സ്ഥിതിഗതികൾ ഉണർത്തിച്ചു. വിശുദ്ധൻ മോസസ്സിനെ ആശ്രമത്തിന്റെ മുകൾഭാഗത്തേക്കു കൂട്ടിക്കൊണ്ടുപോയി സൂര്യോദയം കാണിച്ചുകൊണ്ടു് ഇപ്രകാരം പറഞ്ഞു: "നോക്കു, പ്രകാശം അന്ധകാരത്തെ എത്ര സാവധാനത്തിലാണു് നീക്കുന്നതെന്നു കണ്ടാലും. ആത്മാവിന്റെ സ്ഥിതിയും അപ്രകാരമാണു്."

മോസസ്സ പിന്നീടു സ്വഭാഗധേയത്തെക്കുറിച്ചു് ആവലാതിപ്പെട്ടിരുന്നില്ല. ദൈവതിരുമനസ്സിനു പൂർണ്ണമായി കീഴ്‌വഴങ്ങുകയും പുണ്യപഥത്തിലൂടെ പുരോഗമിച്ചു ഒരു വൈദികനായിത്തീരുകയും അവസാനം അവിശ്വാസികളാൽ വധിക്കപ്പെട്ടു വിശുദ്ധനായിത്തീരുകയും ചെയ്തു.

---

## "സത്യദീപം റീമെയിലിംഗ്"

(ഫാദർ തോമസ് ഇഞ്ചെയ്ക്കലോടി)

സത്യാന്വേഷികളായ അകത്തോലിക്കാ സഹോദരങ്ങൾക്കു് "സത്യദീപം" ആദിയായ കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ അയച്ചുകൊടുത്തുകൊള്ളാമെന്നു കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും സഹൃദയരായ കത്തോലിക്കർ സമ്മതിക്കുകയും അകത്തോലിക്കരുടെ മേൽവിലാസം ആവശ്യപ്പെടുകയും ചെയ്തതനുസരിച്ചു് ഉദ്ദേശം അഞ്ഞൂറോളം മേൽവിലാസങ്ങൾ ഇതിനകം ഞാൻ അയച്ചുകൊടുത്തിട്ടുണ്ടു്. എന്നാൽ പലേ അകത്തോലിക്കർക്കും "സത്യദീപം" കിട്ടുന്നില്ലെന്നുള്ള പരാതി അടങ്ങിയ കത്തുകൾ എനിക്കു ദിവസംതോറും ലഭിച്ചുകൊണ്ടാണിരിക്കുന്നതു്. തന്മൂലം ഈ "റീമെയിലിംഗ് പ്രസ്ഥാനം" കുറെക്കൂടെ ക്രമീകൃതമായ നിലയിൽ ഇനിയും നടത്തുന്നതിനു് ഉദ്ദേശിക്കുന്നതിനാൽ ആരെല്ലാം ആർക്കെല്ലാമാണു് "സത്യദീപം" തുടർച്ചയായി അയച്ചുകൊണ്ടിരിക്കുന്നതു് എന്നുള്ള വിവരം ദയവുചെയ്തു ഉടൻതന്നെ എന്നെ അറിയിക്കണമെന്നപേക്ഷിക്കുന്നു. "സത്യദീപം" ലഭിക്കാത്ത അകത്തോലിക്കർക്കു് വേറെവിധത്തിൽ ഏർപ്പാടുചെയ്തുകൊടുക്കുന്നതിനും ഇതുമൂലം സാധിക്കുന്നതാണു്. ഇനിയും അകത്തോലിക്കർക്കു് കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ അയച്ചുകൊടുക്കുവാൻ ആഗ്രഹിക്കുന്നവരും വിവരം എന്നെ അറിയിച്ചാൽ മേൽവിലാസങ്ങൾ അയച്ചുകൊടുക്കുന്നതാണു്. എനിക്കു് എഴുത്തു് അയക്കുന്നവർ, ഫാദർ ഇഞ്ചെയ്ക്കലോടി, പന്തളം (A. O. & P. O.) എന്ന മേൽവിലാസത്തിൽ അയച്ചുതരണമെന്നുള്ള വിവരവും അറിയിച്ചുകൊള്ളുന്നു.


*Permissu Ecclesiastico*

Printed & Published by

K. L. Varkey

at the Mar Louis Memorial Press

Ernakulam